# വിദ്യാഭിവർദ്ധിനി.

ഒരു ഉൽകൃഷ്ടപത്രഗ്രന്ഥം.



പുസ്തകം 2

ലക്കം 5

1947 MAY

As/8

## വിഷയവിവരം.


1 പ്രസ്താവന.

2 ആധുനികകേരളകവികൾ—
വട്ടോളി കൊച്ചുകൃഷ്ണൻനായർ.

3 സൗന്ദര്യം—
പി. കെ. വാസുദേവൻനായർ B. A.

4 ഉത്തരംപറയട്ടെ!—
തൈക്കൂട്ട ചന്ദ്രശേഖരൻനായർ.

5 കരുണയും, മംഗലനമറിയവും—
മംഗലം ചക്രപാണി.

6 കമലാവതി (ചെറുകഥ)—
മാന്നാർ ഗോപാലൻനായർ B. A. B. L.

7 തിരുവിതാംകൂർ രാജവംശം—
(ഇൻഡ്യൻ ഇൻഡ്യ)

8 രാധ—
എം. കെ. ഭാസി, യൂണിവേഴ്സിററികാളേജ്.

9 വിവാഹം-ഏകാങ്കം—
വള്ളംകുളം, പി. ജി. പിള്ള.

10 സിനിമാ—
(ഹരിജൻ)

11 വിദ്യാഭിവർദ്ധിനി വാർഷിക വിശേഷാൽപ്രതി 1947
അഭിപ്രായങ്ങൾ—

12 വിരൽചേരദം—
S. P.

13 ബാലസ്വാപഹാരം—
മിസ്സ്, എം. പി ആനന്ദവല്ലി.

14 ഗ്രന്ഥവിമർശം.



# ഇന്ത്യാഗവമ്മെൻറ് ശുപാശ്ചെയ്യുന്നു

ഭക്ഷണക്ഷാമം കൊണ്ടുള്ള അനാരോഗ്യം ജനസാമാന്യത്തെ ബാധിക്കാതെ ഇരിക്കുവാൻ ആരോഗ്യസംവർദ്ധനത്തിന് ഉതകുന്ന ചില ഔഷധങ്ങൾ ഉപയോഗിക്കുവാൻ ഇന്ത്യാഗവർമ്മെണ്ടിലെ ആരോഗ്യവകുപ്പ് ശുപാശ്ചെയ്യുന്നു:—

ആരോഗ്യസംവർദ്ധകൌഷധങ്ങളിൽ അഗ്രിമസ്ഥാനം വഹിക്കുന്ന "കരിംകുരങ്ങുലേഹം" ഉപയോഗിച്ച് നിങ്ങളുടെ ആരോഗ്യത്തെ വർദ്ധിപ്പിച്ച് യൗവ്വനം നിലനിർത്തുക. ക്ഷയം, ചുമ, ഏങ്ങൽ, വാതരോഗങ്ങൾ ഇവയെ ശമിപ്പിക്കും. പ്രസവരക്ഷയ്ക്ക് അത്യുത്തമം.

റാത്തൽ 1-ക്ക് 5-ക. പാക്കിങ്ങ് തപാൽ ചിലവ് പുറമെ

ഭാരതവൈദ്യശാല, (Regd)

H. O. ചാലക്കുടി. ബ്രാഞ്ച് തൃശ്ശിവപേരൂർ.

## ശ്രീ ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം.

ഹാലാസ്യനാഥൻെറ ശ്രവണപഠനാർഹങ്ങളായ ന്നർ ലീലകളും വേദവാക്യസദൃശങ്ങളായ അനവധി മൂലസ്തോത്രങ്ങളും അടങ്ങിയതു്. വില രൂ. ൨൳

## അഗസ്ത്യരാമായണം ഗദ്യം.

അനവധി അത്ഭുതകഥകൾ അടങ്ങിയതും രാമാവതാരസംബന്ധമായ സകല സംശയങ്ങളും തീർക്കുന്നതും ശ്രീരാമാഷ്ടോത്തരശതനാമാദിസ്തോത്രങ്ങളോടുകൂടിയതുമായ പുസ്തകം ൧-ക്ക വില രൂ. ൨൳

മാനേജർ, വി. വി. പ്രെസ്സ്—കൊല്ലം.

# വിദ്യാഭിവർദ്ധിനി.

സരസ്വതി! നമസ്തുഭ്യം വരദേ! കാമരൂപിണി!
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ.

പുസ്തകം ൧. { ൧൦൯൧ മേടം. } ലക്കം ൩.

## പ്രസ്താവന.

യുദ്ധാഗ്നിയിൽ വെന്തുനീറിയ കാലത്തിന്റെ ചിതാഭസ്മത്തിൽനിന്നും ചില അമൂല്യരത്നങ്ങൾ ലോകം കണ്ടെടുത്തിട്ടുണ്ട്. അവയിലൊന്നാണ് പത്രപാരായണതൃഷ്ണ. കുഗ്രാമകുഹരത്തിൽപോലും ഇന്നു് പത്രത്തിന്റെ പാഞ്ചാലിവസ്ത്രം പരക്കുന്നുണ്ട്. പട്ടിണി പുലരുന്ന ചെററക്കുടിലിലും ഈ വിശുദ്ധമാതാവിന്റെ പ്രതിബോധനമന്ത്രങ്ങൾ നമുക്കു കേൾക്കാം. എത്ര എത്ര വിശിഷ്ടലോകങ്ങളെയാണ്, എത്ര എത്ര അപൂർവ്വ സംഭവങ്ങളെയാണ് വിദൂരതയുടെ മറവിൽനിന്നും ഈ പ്രസ്ഥാനം വെളിച്ചത്തു കൊണ്ടുവന്നിട്ടുള്ളതു്.

പാശ്ചാത്യ രാജ്യങ്ങളോടൊപ്പമായില്ലെങ്കിലും ഈ വിഷയത്തിൽ കേരളത്തിന്റെ നില ഒട്ടും പിന്നോക്കമല്ല. പ്രതിദിനങ്ങളായും വാരികകളായും മററും ഇന്നു് ഇവിടത്തെ പത്രശാഖ ഇലോലം പരിപുഷ്ടമായിത്തീർന്നിട്ടുണ്ട്. തന്നെയുമല്ല, ആദായകരമായ ഒരു വ്യവസായത്തിന്റെ പശ്ചാത്തലംകൂടി ഇതിൽ കണ്ടുതുടങ്ങിയിരിക്കുന്നു. എന്നാൽ ഇതിന്റെ മൌലികശാഖയായ മാസികാപ്രവർത്തനമാകട്ടെ ഇന്നും ശോചനീയമായ നിലയിൽ കഴിഞ്ഞുകൂടുകയാണ്. ശരിയായ രീതിയിൽ നടക്കുന്ന മാസികകൾ നമ്മുടെ നാട്ടിൽ വളരെ വിരളംതന്നെ. ഊർജ്ജസ്വലതയോടുകൂടി പല ശിശുക്കളും ജനിച്ചിട്ടുണ്ട്. അവയെല്ലാം അകാലമൃത്യുവിനു് അടിപ്പെടുകയാണ് ചെയ്തിട്ടുള്ളതെന്നു തീർത്തുപറയാം. ഇതിൽ ഏറിയകൂറും കാരണക്കാർ വായനക്കാരായ പൊതുജനങ്ങളാണെന്നത്രേ അനുഭവം. മാസികയെന്നു വച്ചാൽ ആരെങ്കിലും അച്ചടിപ്പിച്ചു വെറുതേ അയച്ചുകൊടുക്കുന്ന ഒരുതരം പുസ്തകം എന്ന ബോധ്യമാണ് പലർക്കും ഉള്ളതെന്നു് തോന്നിപ്പോകുന്നു. മാസിക കൈപ്പററുന്നതു തന്നെ മഹാമനസ്കതയുടെ ഒരു ലക്ഷണമായിട്ടാണ് ചിലർ കരുതുക.

ഈ രീതി ഇനിയും തുടർന്നുകൊണ്ടുപോകുന്നതായാൽ മാസികാപ്രസ്ഥാനം ഒരു കാലത്തും മുന്നോട്ടുവരുമെന്നു് ആശിക്കാവുന്നതല്ല. പലതുകൊണ്ടുനോക്കിയാലും ഒരു പത്രം നടത്തുന്നതിനേക്കാൾ ഒരു മാസികയെ നയിക്കുന്നതിനു പല പ്രയാസങ്ങളും തരണം ചെയ്യേണ്ടതായുണ്ട്. തികച്ചും വിജ്ഞാനപ്രദമായ ഓരോ ഗ്രന്ഥമാണ് ഓരോ ലക്കം മാസികയുമെന്നോർക്കുമെങ്കിൽ ഇങ്ങനെ ആവർത്തിക്കേണ്ട ആവശ്യം പ്രവർത്തകർക്ക് വേണ്ടിവരികയില്ല. ഇന്നത്തെ നിലയ്ക്കു് ധനപരമായ വൈഷമ്യങ്ങളെക്കൂടി തരണം ചെയ്യാതെ മാസികാ പ്രവർത്തനം വിജയകരമാക്കാൻ ആർക്കും സാധിക്കുന്ന ഒന്നല്ല.

അതുകൊണ്ട് ഈ പ്രവർത്തനത്തോട് അനുഭാവമുള്ള ഓരോ വരിക്കാരും, സ്വകൃത്യനിർവ്വഹണംമൂലം ഞങ്ങളെ അനുഗ്രഹിക്കണമെന്നു് ആത്മാർത്ഥമായി അപേക്ഷിച്ചുകൊള്ളുന്നു.

# ആധുനിക കേരളകവികൾ.

(ഒരു അവലോകനം)

(വട്ടോളി കൊച്ചുകൃഷ്ണൻനായർ)

സപക്ഷവും, നിഷ്പക്ഷവും ആയ അഭിപ്രായഭേദങ്ങൾക്കു് വഴിതെളിക്കുന്ന ഒന്നാണു് കവിഗണനാപ്രസംഗം. ഒരാളുടെ മാനദണ്ഡം മററുള്ളവരും സ്വീകരിച്ചുകൊള്ളണമെന്നു നിർബന്ധമില്ലാത്തതുകൊണ്ടും, വിവിധാഭിപ്രായങ്ങൾ വെളിയിൽ വരുന്നപക്ഷം അവയിൽനിന്നു് ഒരു സാമാന്യമതം രൂപവൽക്കരിക്കാമെന്നുള്ള ആശകൊണ്ടും ഇങ്ങനെ ഒരവലോകനത്തിനൊരുങ്ങിയതാണു്.

ആധുനിക കേരളകവികളെ, മഹാകവികൾ, കവികൾ, യുവകവികൾ എന്നു മൂന്നായി തരംതിരിച്ചു പരിശോധിക്കുന്നതു സുഖാവഹമായിരിക്കാം; പക്ഷേ, പ്രയാസമേറിയ പ്രമേയമാണു്. കൈരളീദേവിക്കു് നിരന്തരമായി കനകമാല്യം നിർമ്മിച്ചുവരുന്ന കവിശില്പികളെ മാത്രം കണക്കാക്കുന്നപക്ഷം എണ്ണത്തിൽ കുറവുകിട്ടുമെന്നൊരു മെച്ചമുണ്ടു്. പണ്ഡിതരും വാസനാസമ്പന്നരും ആയ പലരും ഏതാനും നല്ല കവിതകൾ കാഴ്ചവച്ചിട്ടു് കൈരളിയെ വിസ്മരിച്ചുകൊണ്ടു് ഇതരതൊഴിലുകളിൽ വ്യാപൃതരായി കഴിയുന്നുണ്ടു്. അവരേയും അടുത്തകാലത്തു കവിതാസരണിയിൽ പ്രവേശിച്ചു പുരോഗമിച്ചുകൊണ്ടിരിക്കുന്ന യുവകവികളേയും മാററി നിർത്തിയാൽ ആധുനികകേരളകവികളുടെ എണ്ണം കൈവിരലിൽ പിടിക്കത്തക്കവണ്ണം ചുരുങ്ങിക്കിട്ടുന്നതാണു്.

മഹാകവി വള്ളത്തോൾ അടുത്തകാലത്തു പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ജി. ശങ്കരക്കുറുപ്പിനെ തന്റെ ചേരിയിലേക്കു ക്ഷണിക്കുന്നതായി കാണുന്നു. മഹാകവി ഉള്ളൂർ ജി. കുറുപ്പിനെ മഹാകവി എന്നു വിശേഷിപ്പിച്ചു് ഒരു മാന്യസദസ്സിൽ പ്രസ്താവിച്ചതു് ഈ ലേഖകൻ കേൾക്കുകയുണ്ടായി. സഹൃദയയായ കേരളീയർ ഈ വിഷയത്തിൽ വൈപരീത്യം പ്രദർശിപ്പിച്ചിട്ടില്ല. പള്ളത്തും നാലപ്പാടനും നല്ല കവികളെന്നു പേരെടുത്തു് സ്വസ്ഥവൃത്തിയവലംബിച്ചിരിക്കയാണു്. ഇനിയും നമ്മുടെ മുമ്പിൽ പ്രഥമമായി പ്രത്യക്ഷപ്പെടുന്നതാരാണു്?

## ചങ്ങമ്പുഴ.

അനാഗതശ്മശ്രുവായ വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ കവിതാദേവിയെ ആരാധിക്കാൻ തുടങ്ങിയ വാസനാസമ്പന്നനാണു് ചങ്ങമ്പുഴ. ആദികാലകവിതകൾ അടുത്തുതന്നെ അസാധാരണ വിജയം വരിക്കാൻപോകുന്നലക്ഷണമൊന്നും പ്രദർശിപ്പിച്ചിരുന്നില്ല. ക്രമേണ, പ്രണയസംബന്ധിയായ നീറുന്ന ചിന്തകൾപേറി വിഷാദാത്മകകവിതകൾ 'തുരുതു' ചൊരിഞ്ഞു് ഒരു പ്രസ്ഥാനപ്രണേതാവായി ശിരസ്സുയർത്തി നിലകൊണ്ടു. അന്നത്തെ കവിതയുടെ ഗതി നോക്കുക:—

സമ്പൂതപ്രേമസിദ്ധിക്കായി പച്ചില-
ക്കമ്പിളുംകാട്ടിഞാൻ പിച്ചതെണ്ടാം
വേണെങ്കിലാരാഗവേദിയിൽ വച്ചുമൽ
പ്രാണനെക്കൂടിഞാൻ സന്ത്യജിക്കാം.

* * * *

കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം

* * * *

വിമലസൗഹാർദ്ദമാദ്യം ത്യജിക്കുകിൽ
വിജയലക്ഷ്മിതൻ കാമുകനായി ഞാൻ

നിരാശനായി കരഞ്ഞുകരഞ്ഞു കണ്ണുപുണ്ണാക്കിയ കവി പിന്നെ മാപ്പുചോദിക്കയാണു്.

"വിണ്ണിൻവെളിച്ചമേ! വ്യർത്ഥമായുള്ളൊരീ-
ക്കണ്ണുനീരിന്നു നീ മാപ്പുനൽകേണമേ!

അങ്ങനെ മാപ്പുചോദിച്ചുകൊണ്ടു് കവി ഉണർന്നു് ഊർജ്ജസ്വലനാകുന്നു. പരാജയത്തെ

പുല്ലുപോലെ അവഗണിക്കുന്ന തന്റേടം പ്രദർശിപ്പിച്ചുതുടങ്ങി.

ഞാനൊന്നുകൊണ്ടും ഹതാശനാവി,ല്ലെന്തി-
നാണീ വിഫലപ്രയത്നം, പ്രപഞ്ചമേ,
എന്നെച്ചവിട്ടിനീ താഴ്ത്തുമ്പൊഴൊക്കെയും
നിന്നിലുംമീതെ ശിരസ്സുപൊക്കുന്നു ഞാൻ

പിന്നീട്ട് വിപ്ലവത്തിന്റെ വിളിമുഴക്കി:—

വരിക,യുവസാഹിത്യകാരരെ, നമ്മളൊ-
ത്തൊരുമയിൽനടത്തുകി സ്സാഹിത്യവിപ്ലവം.

*                *                *                *

സിരകളിലെരക്തം തിളപ്പിക്കണം, മതിൻ
സ്വാഗതികളഗ്നിസ്ഫുലിംഗങ്ങൾ മാതിരി.

അങ്ങനെ പഴമയുടെ ഉറക്കുന്ന പാട്ടുകൾക്കുപകരം വിപ്ലവപ്പാട്ടുകൾകൊണ്ട് സാഹിത്യാന്തരീക്ഷം മുഖരിതമാക്കിക്കൊണ്ടിരിക്കയാണ്. ഗാനാത്മപ്രേമലഹരിയിൽ മത്തനായി കഥാകഥനരീതിയിൽ കവിതയെഴുതാൻ ചങ്ങമ്പുഴയ്ക്കുള്ള കെല്പ് കേരളത്തിൽ മററാർക്കുമില്ല.

ഈശ്വരനോടും, സന്മാർഗ്ഗസംസ്കാരങ്ങളോടും ചങ്ങമ്പുഴ അടുത്തകാലത്ത് വെല്ലുവിളിക്കുന്നതായി കാണുന്നുണ്ട്. അതിൽനിന്നും കവി ആശിക്കുന്ന വിജയം എന്താണെന്നു കണ്ടറിയേണ്ടതായിരിക്കുന്നു.

വിത്തനാഥന്റെ ബേബിക്കുപാലും
നിസ്വനച്ചെറുക്കനുമിനീരും
ഈശ്വരേച്ഛയല്ലായ്കി, ലമ്മട്ടു-
ള്ളീശ്വരനെച്ചവിട്ടുക നമ്മൾ.

ദരിദ്രന്റെ വക്കാലത്തു കൊള്ളാം. എന്നാൽ ഈശ്വരനെച്ചവിട്ടി ഫീസുവാങ്ങിയതിൽ മെച്ചമൊന്നും കാണുന്നില്ല. ഈശ്വരനെ ചവിട്ടിനന്നാക്കിയെന്നാണെങ്കിൽ അതൊരു വിജയമെന്ന് ആരും വിധിക്കയില്ല. ചാട്ടവും ചവിട്ടുമെല്ലാം വിപ്ലവത്തിനു നന്ന്. കവിക്കു ധർമ്മമാണെന്നു തോന്നുന്നില്ല.

ചങ്ങമ്പുഴ എന്തെഴുതിയാലും അതിനൊരു പ്രത്യേകതാളമേളമുണ്ടായിരിക്കും. 'രാക്കുയിൽ' എന്ന ബിരുദമാണ് ശ്രീ. ചങ്ങമ്പുഴയ്ക്കു നല്കിയിരിക്കുന്നതു്. അതു് ഏററവും സമുചിതംതന്നെ. കളകൂജനംകൊണ്ട് സാഹിത്യാന്തരീക്ഷത്തെ സുമധുരമാക്കുന്ന മല്ലരസാ, രാക്കുയിലെ, “പാടിപ്പാടി ഉയർന്ന” സ്ഥിതിക്ക് ഇനി “ഉയർന്നുയർന്നു” പാടുക!

## വെണ്ണിക്കുളം.

ചങ്ങമ്പുഴ കവിതയെഴുതാൻ തൂലികയെടുക്കും മുമ്പുതന്നെ യുവകവിയെന്നു പേരെടുത്ത കവിയാണ് വെണ്ണിക്കുളം. അദ്ദേഹം കൈരളിക്കു മാറേറിയ കനകാഭരണങ്ങൾ നിർമ്മിച്ചുതുടങ്ങിയിട്ട് കാൽശതാബ്ദം കഴിഞ്ഞിട്ടുണ്ട്. പണ്ഡിതപാമരഭേദമെന്യേ രസിക്കത്തക്ക കലാസൃഷ്ടിയാണ് വെണ്ണിക്കുളത്തിനുള്ളതു്. വള്ളത്തോളിന്റെ ലളിതപദചാതുരിയും, മൃദുശയ്യയും ഇത്രമാത്രം മറെറാരു കവിക്കും സ്വാധീനമായിട്ടുണ്ടെന്നു തോന്നുന്നില്ല. ദുരവഗാഹിത്വം ഒരു കൃതിയിലുമില്ല. കവിതാവിഷയമായി സ്വീകരിക്കുന്നതു് മിക്കവാറും സാർവ്വലൗകികങ്ങളായ സനാതനപ്രശ്നങ്ങളാണു്. കവിത ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും എത്രയും ഹൃദയംഗമമായ രീതിയിലായിരിക്കും. ജീവിതഗാനം തുടങ്ങുന്നതിങ്ങനെയാണ്:—

രണ്ടുനാളേയ്ക്കുമാത്രമീ വൈഭവം
രണ്ടുനാളേയ്ക്കു മാത്രമീയുത്സവം.

“മാനംപുലർത്താൻ” എന്ന കവിത ഉപസംഹരിക്കുന്ന വിധം നോക്കുക:—

മകന്റെ സങ്കടം സഹിക്കാത്ത മാതാവ് തറവുള്ള പക്കോപ്പും നടപ്പാനുടുപ്പുതുന്നിച്ചു. അതിന്റെ ഫലമായി കവിത ഇങ്ങനെ അവസാനിക്കുന്നു.

തോഴിയായ്, പോററമ്മയാ,യെപ്പോഴും തു-
ണനിന്ന-
നാഴിപ്പാൽ കറക്കുന്ന “പൂവാലി” പൊയ്-
പ്പോയല്ലോ:

വെണ്ണിക്കുളം കവിതകളിൽ ഹൃദയംഗമമായ ഫലിതം ഇടയ്ക്കിടെ നമുക്കു നിരീക്ഷിക്കാൻ സാധിക്കും. വനിതാസമാജകാര്യദർശിനിയും പരിഷ്കാരിണിയുമായ ഭാര്യ സക്കീട്ടിനു കാറുവാങ്ങണമെന്ന് ഭർത്താവായ പാവപ്പെട്ടവാദ്ധ്യാരെ നിർബന്ധിക്കുന്നു.

പാൽനുരയ്ക്കൊപ്പം മിന്നും പൂമ്പട്ടു വസ്ത്രം-
ചുററി-
ക്കാൽനടയായിപ്പോയാൽ കാണുവോർപുച്ഛി-
ക്കില്ലേ?

അയാൾ സർവ്വസ്വവും പണയപ്പെടുത്തി അക്കാര്യം നിർവ്വഹിച്ചു കൊടുക്കുകയാണു്. എങ്ങിനെ നിറവേററാതിരിക്കും

നാരിയും, പോരെന്നാകിലവളിൽപ്പററിക്കൂട്ടും
സാരിയും ചേർന്നാൽപ്പിന്നെ പ്പുരുഷൻ ചുററിപ്പോകും.

വെണ്ണിക്കുളത്തിൻെറ കവിതകളിൽ വായനക്കാരുടെ നെററിചുളിക്കുന്ന പ്രയോഗങ്ങളോ വൈകല്യങ്ങളോ ഒരിക്കലും കണ്ടെത്താൻ കഴികയില്ല. ഏതുസദസ്സിലും ഉദ്ധരണീയങ്ങളായ ഹൃദ്യഭാഗങ്ങൾ അവയിൽ നിന്നു നിഷ്പ്രയാസം നമുക്കു തിരഞ്ഞെടുക്കാം. ചിന്താസരണി ഒരു ചോദ്യം, ഉത്തരം, ഒടുവിൽ എന്നിങ്ങനെ അകൃത്രിമമനോഹരങ്ങളോടുകൂടിയ അദ്ദേഹത്തിൻെറ കവിതകൾ ഓരോന്നും വായിച്ചു കഴിയുമ്പോൾ നാം സംതൃപ്തരായിത്തീരുന്നു. അനുകരണീയമെന്നു പറയാവുന്ന ഒരു സുഖശയ്യ അവയ്ക്കുണ്ടു്.

ചങ്ങമ്പുഴയുടെ രമണനു പത്തുപതിനഞ്ചു പതിപ്പുകഴിഞ്ഞു. വെണ്ണിക്കുളംകൃതികൾക്കു് ഒരു പതിപ്പും ഉണ്ടായിക്കണ്ടില്ല. ഗ്രന്ഥാലയത്തിനും വിദ്യാലയത്തിനും അലങ്കാരമായ അവയോടു് അനുവർത്തിക്കുന്ന ഈ അപരാധത്തിനു് കവിയെ കുററപ്പെടുത്തണമോ?, അദ്ദേഹത്തിനു അർഹമായ പ്രോത്സാഹനം ലഭിക്കുന്നില്ലെന്നു പരിതപിക്കണമോ?

## പി. കുഞ്ഞിരാമൻനായർ.

പണ്ഡിതോചിതമായ പദപ്രയോഗപാടവമോടും, ആശയവിസ്തൃതിയോടുംകൂടി ദീർഘദീർഘങ്ങളായ കവിതകളെഴുതി പേരെടുത്ത കവിയാണു് പി. കുഞ്ഞിരാമൻനായർ. ആർഷസംസ്കാരത്തിൻെറയും കേരളസംസ്കാരത്തിൻെറയും പ്രതിധ്വനികൾ കവിതകളിലെല്ലാം സവിശേഷം സ്ഫുരിക്കുന്നു. ഈവിധം ചിന്തിക്കുമ്പോൾ മഹാകവി ഉള്ളൂരിൻെറ അനന്തരഗാമിത്വം മററാരിലും കൂടുതലായി മി: നായർ അർഹിക്കുന്നുവെന്നു കാണാം. ആത്മീയവിഷയങ്ങളേയും, രാഷ്ട്രീയകാര്യങ്ങളേയും, പ്രകൃതിസൗന്ദര്യത്തേയും ഒരേപോലെ കൈകാര്യം ചെയ്യാനുള്ള ഒരു കലാകൗശലം ഇദ്ദേഹത്തിനുണ്ടു്. ചിലപ്പോൾ "ഭാർഗ്ഗവക്ഷേത്ര"ത്തിൻെറ മഹത്വത്തെ പ്രകീർത്തിച്ചു് 'തുഞ്ചൻപറമ്പിൽ' ചെന്നു് ആചാര്യപാദരെ ആരാധിക്കും. മററുചിലപ്പോൾ വിദേശികളെ വിളിച്ചു പൂജിച്ചു് കേരളം വരുത്തിവച്ച വിഡ്ഢിത്തത്തെ അവഹേളിക്കും. 'പഴയ ഏടുകൾ' മറിച്ചുനോക്കുന്നതിനും അശേഷം മടിക്കാറില്ല. സൗന്ദര്യസംസ്കാരങ്ങളുടെ സാമഞ്ജസ്യസമ്മേളനം കുഞ്ഞിരാമൻനായരുടെ കവിതയിൽ കാണാം.

സംസാരസമുദ്രത്തിൽ മുങ്ങിക്കുഴങ്ങുന്ന ജീവാത്മാവിനോടു് വ്യംഗ്യരീതിയിൽ കവി ഈവിധം ഉപദേശിക്കുന്നു.

"എങ്ങുനിൻസ്വരാജ്യ; മിന്നിൻസ്ഥിതിഗതി-
യെന്താ-
ണിങ്ങനെകഴികയോ തന്നെത്താനറിയാതെ?
ഒഴിവാവുകയോ നിമാത്രമായ്, പ്പരീക്ഷകൾ
കഴിയും ദിനംതന്നെ പൂട്ടുമിപ്പള്ളിക്കൂടം.
ചുട്ടുപൊള്ളിക്കും ഉദ്ധമന്നത്തെ പ്രഭാത-
ത്തിൽ
നിർദ്ദയപരീക്ഷതൻ തീവ്രദൃഷ്ടികൾതന്നെ
കാഞ്ചനക്കൂട്ടലിന്നു ബദ്ധനായ് ഭേദിച്ചല്ലോ
സ്വാതന്ത്ര്യവിഹായസ്സിലുയർന്നു പോകേണ്ടും
നീ."

ആത്മീയകാര്യങ്ങളെ സരസമായി പ്രതിപാദിക്കുന്ന ഒരു കവിതയാണു് "സ്കൂൾപൂട്ടിയാൽ".

മി: നായരുടെ കവിതാരീതി കാലം ചെല്ലുംതോറും കൂടുതൽ പരുഷമായി വരുന്നുവെന്നു തോന്നുന്നു. മാത്രമല്ലാ, പല കവിതകളും വായനക്കാരുടെ ക്ഷമയെ പരീക്ഷിക്കുന്നുമുണ്ടു്. "അധികമായാൽ അമൃതും വിഷം" എന്നാണല്ലോ.

## ബാലാമണിയമ്മ.

"കൂപ്പുകൈ"യോടെ സാഹിത്യദേവിയെ സമാരാധിക്കാൻ തുടങ്ങിയ ഈ ബാലാമണി ഇന്നു കവിതാസദനത്തിലെ "അമ്മ"യായി പരിലസിക്കുന്നു. എങ്കിലും സ്ത്രീഹൃദയത്തിൻെറ ലാളിത്യമല്ല കവിതയിൽ പ്രകാശിക്കുന്നതു്. സംസ്കാരസുന്ദരങ്ങളായ ഉന്നതാശയങ്ങളെ പ്രൗഢമായ രീതിയിൽ പ്രതിപാദിക്കുന്നു. അല്പശബ്ദത്തിൽ അനല്പാർത്ഥങ്ങൾ കൊള്ളുന്ന ഉത്തമ കവിതകളാ

ണ്ട് ആ തൂലികയിൽനിന്നും ബഹിർഗ്ഗമിക്കുന്നതു്. ദുർല്ലഭമായി മാത്രമേ തന്റെ തൂലികയെ ചലിപ്പിക്കുന്നുള്ളൂ എങ്കിലും അതിനൊരു തുടർച്ചയുണ്ടെന്നു പറയാം.

ആത്മീയവും, ഗാർഹികവും, രാഷ്ട്രീയവും ആയ വിഷയങ്ങളെ പരാമർശിക്കുന്ന കവിതകൾ ഈ കവയിത്രി കൈരളിക്കു സമ്മാനിച്ചിട്ടുണ്ടു്. അവയെല്ലാം മനഃശാസ്ത്രതത്വങ്ങളെ സ്പർശിക്കുന്ന ഒരു രീതിയിലുണ്ടു്. മാതൃകയ്ക്കു വേണ്ടി "ഭൃംഗഗീത"ത്തിൽനിന്നു് ഏതാനും വരികൾ ഇവിടെ ഉദ്ധരിക്കുന്നു.

"ചുറ്റുമേ വിരിയുന്ന പകലിൻസ്വപ്നങ്ങൾപോ-
ലേറെമില്ലാതെ നാനാ വർണ്ണങ്ങളാകും പൂക്കൾ
ചിലതിൽ പൂമ്പാററകൾ, ചിലതിൽ തേനീ-
ച്ചകൾ
ചിലതിൽ തേനുണ്ടു കട്ടുറുമ്പുകളത്രേ
ഒന്നതാൻ മന്ത്രിക്കുന്നു, മൂളുന്നു, കരിക്കുന്നു
ധന്യരാമവരെല്ലാം തേൻചൂരവ, ഗുണോത്തരം
ശിഥിലസ്ഫുടാക്ഷരം,കേഴുന്നെറുട്ടു്ഘോഷിപ്പൂ
മധുപാനോന്മത്തന്ത മേറുന്നിതിന്നോ-
ക്കംപുഷ്പം"

* * * * *

ഈ മധുപാനം നിത്തിപ്പാനായ്ക്കാൻ നിർദ്ദേ-
ശിപ്പൂ
വ്യോമമെന്നാത്മാവിനോ,ടാരുനിവിട്ടുരേ!

നല്ലതഴക്കവും പഴക്കവുമുള്ള ഈ തൂലികയിൽനിന്നു് ആലോചനാമൃതങ്ങളായ ഇത്തരം കവിതകൾ കൈരളിക്കു ധാരാളമായി ലഭിക്കേണ്ടതാണു്.

## വൈലോപ്പിള്ളി.

വാസനാസമ്പന്നനായ ഈ കവി ദുർല്ലഭമായി മാത്രമേ കവിത എഴുതിക്കാണുന്നുള്ളൂ. അതും ചുരുക്കം ചില പത്രമാസികകളിൽ മാത്രം. തന്നിമിത്തം പേരിനു പ്രചാരക്കുറവുണ്ടു്. എഴുതുന്നകവിതകളെല്ലാം സഹൃദയരുടെ സ്വാഗതത്തെ അർഹിക്കുന്നവയാണു്. കോമളപദനിബദ്ധമായ അവയ്ക്കു വള്ളത്തോൾശൈലിയോടു് സാമീപ്യമുണ്ടു്. ഔചിത്യദീക്ഷയിൽ കവി സശ്രദ്ധനാണു്.

ദാരിദ്ര്യത്തിന്റെ ദാരുണസ്വഭാവത്തെ കവി ചിത്രീകരിക്കുന്നവിധം ഇവിടെ സൂചിപ്പിക്കാം. ഒരു പാവപ്പെട്ട കുടുംബത്തിലെ ഗൃഹനാഥൻ അന്തരിച്ചു. കരക്കാരെത്തി ദഹനത്തിനു വട്ടം കൂട്ടുകയാണു്. ഒട്ടുവിൽ കരമൂപ്പൻ ചെന്നു് വിധവയോടു പറയുന്നു.

കണക്കായെല്ലാം ഞങ്ങളിറക്കീ നിലത്തെന്നാ-
ലുന്നകലെരിവേണമിത്തിരി ചുറവുംതുമ്പാൻ.
അതുകേട്ടു്,
കരയുന്നതിന്നുള്ളിലാതിനാൾ കുടുംബിനി
അറിയുന്നുണ്ടേ നാലഞ്ചാരന്തരിക്കുകില്ലല്ലോ.

ഏവംവിധം സമാസവിവർജ്ജിതവും സരളപദനിബദ്ധവുമായ ഒരു ഭാഷ വൈലോപ്പിള്ളിക്കു സ്വാധീനമാണു്.

വൈലോപ്പിള്ളിയുടെ കവിതയ്ക്കു ഒരു പുതുമയുണ്ടായിരിക്കും. "തുമ്പപ്പൂ" എന്ന കവിതയെ നോക്കുക. മാവേലിദേവനെ സൽക്കരിക്കാൻ പൂക്കളൊക്കെ ചമഞ്ഞുചെന്നു. "വെള്ളപ്പാവാട" ചുററി സരോജമെത്തി. "തങ്കക്കിരീടംതലയ്ക്കുചാർത്തി" വെള്ളാമ്പൽ ചെന്നു. മുല്ലപ്പൂ "കസ്തൂരിചൂശി"യെത്തി.

കാലടിപോലുള്ള തുമ്പമാത്രം
വ്രീളയെത്താങ്ങിയൊതുങ്ങിനിന്നു.

ദേവൻ മുക്കുററിയെ കുളിക്കെ നോക്കി. വെള്ളാമ്പലിനോടു പുഞ്ചിരിച്ചു. ചിററാടയെ തലോടി. മുക്കുററിയെ ഉമ്മവച്ചു. മുല്ലയെ വാസനിച്ചു.

പാവമാം തുമ്പയെ വാരിയെന്നെയോ
ദേവനെട്ടുത്തുതലയിൽവച്ചു.

ഇവിടെ കവി പാവത്തിന്റെ പ്രതിനിധിയാണു്. വൈലോപ്പിള്ളി അലസതയെ ഉപേക്ഷിച്ചു് കാവ്യലക്ഷ്മിയെ സതതാരാധന ചെയ്യേണ്ടതാണു്.

## തയ്യാട്ട്.

വെണ്ണിക്കുളം യുവകവിയെന്നു പേരെടുത്തു് അധികം താമസിക്കാതെ തയ്യാട്ടും കവിതാരംഗത്തിൽ പ്രവേശിച്ചുകഴിഞ്ഞു. അതുമുതൽ നാളതുവരെ, ലാഭക്കുറവുനിമിത്തം, കവിതാവ്യവസായത്തിൽ നിന്നും പിന്തിരിയാനിടയായിട്ടില്ല. സ്വാതന്ത്ര്യധർമ്മവും പ്രധാനകർമ്മവും അതിനെ

ന്നു കരുതി സാഹിതീസേവനമനുഷ്ഠിക്കുന്നു. തൽഫലമായി കാമ്യങ്ങളായ പല കവനമാല്യങ്ങളും കൈരളിക്കു കൈവന്നിട്ടുണ്ടു്. സ്വാനുഭൂതിയെ സവിശേഷം ആവിഷ്കരിക്കാൻ തയ്യാട്ടിനു കഴിയും. ജീവിതഗതിയിൽ വന്നുകൂടുന്ന സ്വാനുഭവങ്ങളിൽ അദ്ദേഹത്തിന്റെ ഹൃദയം അഗാധവികാരത്തിനടിമപ്പെടുന്നു. ആ വികാരത്തെ പദങ്ങളുടെ ചെപ്പിടിക്കൂടാതെ അർത്ഥപുഷ്ടിയോടെ ആവിഷ്കരിക്കയും ചെയ്യുന്നു. ഉദാഹരണത്തിനു് 'ജീവിതം' എന്ന കവിതയിലെ ഏതാനും വരികൾ ഇവിടെ ചേർക്കാം.

എന്തിതു ജീവിതം, മന്ദരംഗംമുട്ട
തന്തുവിൽ വാർത്തവെക്കുന്നും പുകച്ചിലോ?
ജന്മമിനിയുമെനിക്കൊന്നു കാണുകിൽ
നാന്മുഖാ, തീർക്കിരുമ്പിലെൻമാനസം.

അങ്ങനെ ജീവിതനൈരാശ്യം വർദ്ധിച്ചു് കവി വിധിയെഴുതുകയാണു്:—

ഭൂരിപക്ഷത്തിനും രോദനം ജീവിതം
സ്വൈരമല്ലും ചില നഷ്ടഹൃദയരിൽ.

അദ്ദേഹത്തിന്റെ "ജീവിത"ത്തെ തുടർന്നുതന്നെ നിൽക്കുന്ന താഴെ എഴുതുന്ന പദ്യം വ്യംഗ്യമാധുരികൊണ്ടു് ആസ്വാദ്യതരമായിരിക്കുന്നു.

പാന്ഥർക്കു നേത്രോത്സവമായുലാവി
ബന്ധൂകമേ, നീ ചിരിതൂവിയാലും
സന്ധ്യാംബരത്തിൽ കളികൊണ്ടതാരാ-
ബന്ധങ്ങളേ, മിന്നുക, മൽക്കിനാക്കൾ.

പദപുഷ്ടിയേക്കാൾ അർത്ഥപുഷ്ടിക്കു പ്രാമാണ്യം നൽകുന്ന വികാരഗായകനാണു് തയ്യാട്ടു്. സനാതനസംസ്കാരങ്ങളെ അവഗണിക്കയോ, അധഃപതിപ്പിക്കയോ ചെയ്യുന്നില്ല. ഗാനാത്മകതയിൽ ശ്രദ്ധപതിപ്പിക്കാറില്ലെങ്കിലും വികാരാവിഷ്കാരത്തിനു ആവശ്യമായ പദപ്രയോഗപാടവമുണ്ടു്. അലങ്കാരങ്ങളെ ആവാഹിച്ചു കവിതാഗതിയിൽ പ്രതിബന്ധം സൃഷ്ടിക്കുന്ന സ്വഭാവവുമില്ല. ഏവംവിധം കേരളകവികളുടെ കൂട്ടത്തിൽ ഗണനീയമായ ഒരു സ്ഥാനം തയ്യാട്ടിനു സംസിദ്ധമായിരിക്കുന്നു.

## പാലാ നാരായണൻനായർ.

ചങ്ങമ്പുഴയോടൊന്നിച്ചുതന്നെ കാവ്യലക്ഷ്മിയെ ആരാധിക്കാനാരംഭിച്ച കവിയാണു് പാലാ നാരായണൻനായർ. ഗാനാത്മകകവനങ്ങളെഴുതുന്നതിൽ മി: നായർക്കും ഗണനീയമായ ഒരു സ്ഥാനമുണ്ടു്. "മുകാകിലകളകാകളീരവ"മെന്നിങ്ങനെ പദഗണങ്ങളടുക്കുന്നതിൽ കുറച്ചു കൂടുതൽ ശ്രദ്ധിക്കുന്നതായി തോന്നുന്നു.

പാലാ, പ്രഥമമായി വിഷാദാത്മകത്വത്തിലല്ലാ സൗന്ദര്യാരാധനയിലാണു് ശ്രദ്ധപതിപ്പിച്ചതു്. അനന്തരം യുവസഹജമായ പ്രേമനൈരാശ്യത്തെ സ്പർശിക്കുന്ന പല നല്ല കവിതകളും പ്രസിദ്ധീകരിച്ചു. പട്ടാളപ്രേമംമൂലം കുറേക്കാലമായി മൗനവ്രതമായിരുന്നെങ്കിലും ഈയിടെ രാഷ്ട്രീയകാര്യങ്ങളിലും മററും തൂലിക ചലിച്ചുതുടങ്ങിയിരിക്കുന്നതു് സന്തോഷാവഹംതന്നെ.

വാസനാസമ്പന്നനായ ഈ കവിയുടെ ചില കവിതകൾ വായിച്ചാൽ "അവിശദമായ ഒരു സ്വപ്നസൗന്ദര്യസ്മരണ" ശേഷിക്കാറുണ്ടെങ്കിലും, എത്രയും ലളിതമായി ആശയം വിശദീകരിക്കാനുള്ള പാടവം പലേടത്തും പ്രത്യക്ഷമാണു്.

ഭുവനംമുഴുവൻ—ഞാനാഗ്രഹിച്ചു
പുരികക്കൊടിയിലൊതുക്കിനിർത്താൻ
മനുജരിലാകെ—ഞാനാഗ്രഹിച്ചു
മദനസായുജ്യം പകുത്തുനൽകാൻ

* * * *

ഒരു ചിതക്കൂട്ടുവാൻ മാത്രമേ ഞാൻ
കരുതുന്നതുള്ളുമേലിത്തനുവാൽ.

ഇടയ്ക്കുവന്ന ആലസ്യം ഇനിയും ആവർത്തിക്കാതെ വാസനയെ വേണ്ടവിധം പോഷിപ്പിക്കുന്നതിനു് മി: നായരെ ഉൽബോധിപ്പിക്കാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ.

കവികളുടെ പട്ടിക ഇനിയും നീട്ടുന്നതിനു് ഈ ലേഖകനു വൈമനസ്യമില്ലെങ്കിലും തല്ക്കാലം ഇവിടെ വിരാമമിടുകയാണു്. കവികൾക്കും വ്യവസായമനോഭാവം വന്നുകൂടിയതുകൊണ്ടു് ആധുനികകവിതകൾക്കു് ക്രമാനുഗതമായ ഉയർച്ച ഉണ്ടായിക്കാണുന്നില്ല. ഇന്ന

# സൌന്ദര്യം.

(പി. കെ. വാസുദേവൻനായർ. ബി. എ.)

ആരെയും ആകർഷിക്കുന്ന ഒരു മധുരപദമത്രെ സൌന്ദര്യം! വിശദീകരിക്കാൻ ഇത്രമാത്രം വൈഷമ്യമേറിയ പദവും വിരളമാണു്. സൌന്ദര്യത്തിനു് ജീവിതത്തോടു് അഭേദ്യവും അനിഷേധ്യവുമായ ബന്ധമുണ്ടു്; അവ്യക്തവും മൂകവുമായ ഒരു ഭാഷയുണ്ടു്; വിഭാവനകളുടെ വിഹായസ്സു്; കവിതയുടേയും കല്പനയുടേയും കേദാരം; കലകളുടെ കളിപ്പന്തൽ; ആനന്ദത്തിൻെറ അലയാഴി. ആ ത്ര്യക്ഷരീമന്ത്രം ഉരുവിടാത്ത നാവില്ല; അതിൻെറ മാദകശക്തിയിൽ മയങ്ങാത്ത മനുഷ്യനില്ല; അതിൽ മുഴുകി ചേരുവാൻ മോഹിക്കാത്ത ഹൃദയമില്ല. അനന്തമാണു് സൌന്ദര്യത്തിൻെറ പരമമായ ലക്ഷ്യം; സത്യമാണു് അതിൻെറ സത്തയും സാക്ഷാത്കാരവും.

സൌന്ദര്യം ദൈവികമായ ഒരു അനുഗ്രഹം മാത്രമാണു്. ആകർഷണീയയായ ഒരു യുവതിയെ ദർശിച്ചാലുടനെ അവൾ ഒരു സുന്ദരിയാണെന്ന അഭിപ്രായം നമ്മുടെ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നു ഉദിച്ചുയരും. സ്ത്രീയുടെ സൌന്ദര്യം ആസ്വദിക്കുന്നതിനു് പുരുഷഹൃദയം സഹജമായ ആവേശം പ്രകടിപ്പിക്കാറുണ്ടു്. സ്നിഗ്ദ്ധകോമളമായ അവളുടെ ബാഹ്യപ്രകൃതിയാണോ അതിനു നിദാനം? കൃത്രിമമായ വേഷഭൂഷണങ്ങളിലാണോ നാം ആകർഷിതരായി ഭവിക്കുന്നതു്?

ധവളാഭ നൽകുന്ന പൌഡറും, ശോണിമ വെക്കുന്ന ലിപ്സ്റ്റിക്കും, പൊള്ളയായ ഹാൻഡുബാഗും, ഉപ്പൂറ്റി ഉയർന്ന സ്ലിപ്പേഴ്സും, മൂടില്ലാത്ത കുടയും, തോളിൽ കിടന്നു താളം ചവുട്ടുന്ന ലോലാക്കും, ശൃംഗാരാഭിനയങ്ങളുമാണോ നമ്മുടെ നയനങ്ങൾക്കു് നിർവൃതി അരുളുന്നതു്? കൃത്രിമത്വത്തിൻെറ കേവലം "ചുമട്ടുകാരിയായ" അവളെ നാം അറിയാതെ ഒന്നു പകച്ചുനോക്കിയേക്കാം. അവൾ ഒരു സൌന്ദര്യദേവതതന്നെയോ എന്നു് അല്പമൊന്നു ചിന്തിച്ചുനോക്കിയേക്കാം. പൊതിഞ്ഞുവെയ്ക്കേണ്ട പലതിനെയും പൊന്തിച്ചു കാണിക്കുന്ന നിറപ്പകിട്ടുള്ള ബ്ലൌസും കണ്ണാടിപോലുള്ള സാരിയും മററും പുരുഷഹൃദയത്തിൽ തളർന്നുറങ്ങുന്ന മൃദുലവികാരങ്ങളെ തട്ടി ഉണർത്തുന്നതിനു ഒരു പക്ഷേ പ്രയോജകീഭവിച്ചേക്കാം. വാസ്തവത്തിൽ നമുക്കു അവരുടെ ദർശനത്തിൽ അവജ്ഞയല്ലാതെ എങ്ങിനെ ബഹുമാനം തോന്നും. കത്തോലിക്കാവൈദികന്മാർ അവരുടെ സമുദായത്തിലെ സ്ത്രീകളുടെ വസ്ത്രധാരണത്തെക്കുറിച്ചു് ഇടയലേഖനം പുറപ്പെടുവിക്കേണ്ട പരിതഃസ്ഥിതിപോലും സംജാതമായി. ഏതായാലും ആധുനികവനിതകളുടെ വസ്ത്രധാരണത്തിൻെറ ലക്ഷ്യവും ആദർശവും അവർക്കുതന്നെ ഒരജ്ഞാതരഹസ്യമാണു് അനുകരണഭ്രമം അവരുടെ നയനങ്ങളിൽ തിമിരബാധ നിറച്ചുകഴിഞ്ഞു. അവരുടെ പുരോഗമനം എവിടെ ചെന്നു് അവസാനിക്കുമോ?

---

ത്തെ മഹാകവികളുടേയും മുൻകവിതകളിലാണു് പ്രേമ കൂടുതൽ കാണുന്നതു്. അശ്രദ്ധയുടേയും ആർഡർ അനുസരിച്ചുള്ള സൃഷ്ടിയുടേയും ഫലമായിരിക്കണം. "സൂതസൂകരയുവതി—സ്സുതശതമതിദുർഭഗം ഝടിതി" എന്ന മട്ടിലാണു് ആധുനികകവിതകളുടെ ജനനം. സ്വയമേവ ആഗതയാകുമ്പോൾ സശ്രദ്ധം ആരാധിക്കേണ്ട കവിതാകാമിനിയോടു ബലാൽക്കാരത്തിനൊരുമ്പെടാതിരിക്കുവാൻ സകല കവികളും ശ്രദ്ധിക്കേണ്ടതാണു്. എങ്കിൽ ഉത്തരോത്തരം ഉത്തമകവിതകൾ കൈരളിക്കു കാഴ്ചവയ്ക്കുവാൻ കഴിയും.

ഒരു സാധാരണമനുഷ്യൻ സൌന്ദര്യത്തിന്റെ ശാസ്ത്രീയവശങ്ങളിലേക്കു ചുഴിഞ്ഞിറങ്ങിയില്ലെന്നു വരാം എന്നാൽ ഒരു കലാകാരന്റെ ലക്ഷ്യം സൌന്ദര്യാന്വേഷണമായിരിക്കും. അവന്റെ ആരാധനാദേവത ആണു് സൌന്ദര്യം. നിത്യവും, സത്യവും, ശുദ്ധവുമായ സൗന്ദര്യത്തിലാണു് അവൻ ദൈവീകത്വംപോലും ദർശിക്കുന്നതു്. അജന്താഗുഹകളിലെ അത്ഭുതചിത്രങ്ങൾ ദർശിക്കുമ്പോൾ ഒരു കലാഹൃദയം വികാരതരളിതമായിത്തീരും. ആ പൌരാണികചിത്രങ്ങൾ സ്ത്രീസൌന്ദര്യത്തിന്റെ ആവിഷ്കരണത്തിൽ അത്രമാത്രം വിജയിച്ചിട്ടുണ്ടു്. വിദേശീയോപകരണങ്ങൾകൊണ്ടു മോടി പിടിപ്പിച്ചിട്ടുള്ള മോഹനാംഗികളുടെ ചിത്രങ്ങളല്ല അജന്തായുടെ ചുവരുകളെ ആകർഷകമാക്കിത്തീർത്തിരിക്കുന്നതു്. ശാരീരികഘടനയുടെ കോമളിമയിൽനിന്നു ജന്മമെടുത്തിട്ടുള്ള നിസർഗ്ഗസൌന്ദര്യമാണു് ആ ചിത്രങ്ങളിൽ പ്രകടമായി പ്രതിഭാസിക്കുന്നതു്. ആ അകൃത്രിമസൌന്ദര്യത്തിന്റെ മുമ്പിൽ അഭിനവസൌന്ദര്യറാണികളെല്ലാം തല കുനിക്കാതെ ഗത്യന്തരമില്ല.

അഴകേറിയ ഒരു ആനനം ഏതൊരു വനിതയ്ക്കും അനുപേക്ഷണീയംതന്നെ. എന്നാൽ ആ വദനസൌകുമാര്യം നൈസർഗ്ഗികവും ജന്മസിദ്ധവുമായിരിക്കണം. സൌന്ദര്യം നിഷ്കളങ്കവും നിരവദ്യവും, അവികലവുമായിരിക്കുമ്പോൾ മാത്രമെ പ്രേക്ഷകഹൃദയത്തെ അതു് നിർവൃതി കൊള്ളിക്കുകയുള്ളു. അതിന്റെ വിശുദ്ധിയും ദൈവീകത്വവുമാണു് ഹൃദയത്തെ ആകർഷിക്കുന്നതു്. കപടനാടകങ്ങൾ അവജ്ഞയ്ക്കു മാത്രമെ മാർഗ്ഗം തെളിയിക്കുകയുള്ളു. കള്ളക്കൺപുഞ്ചിരിയും, കൊഞ്ചലും, കുഴഞ്ഞാട്ടവും, ഭ്രൂവല്ലീവിലാസങ്ങളും ഒരു സംസ്കാരഹൃദയത്തെ സംതൃപ്തിപ്പെടുത്തുന്ന ഉപാധികളല്ല. ഹൃദയത്തിൽ മുളച്ചുപൊടിക്കുന്ന സ്ഥായീഭാവങ്ങളെ വദനത്തിൽ പ്രകാശിപ്പിക്കുന്നതായിരിക്കും കൂടുതൽ ഹൃദ്യമായിട്ടുള്ളതു്. അഭിനയങ്ങൾ എത്ര അർത്ഥശൂന്യങ്ങൾ! ശാന്തവും നിഷ്കളങ്കവുമായ ഒരു പുഞ്ചിരി ഏതൊരു വനിതയുടേയും വദനകാന്തി വർദ്ധിപ്പിക്കും. എന്നാൽ പുഞ്ചിരിയിൽപോലും കൃത്രിമത്വം കലരുമ്പോൾ അതു് കൂടുതൽ പരിഹാസജന്യമായിത്തീരാം. നിസർഗ്ഗസുന്ദരമായ മന്ദഹാസത്തിൽ ഏതൊരു പുരുഷഹൃദയവും വശീകൃതമാകും. സദാ സുപ്രസന്നമായ ഒരു വദനം സ്ത്രീയുടെ സൌന്ദര്യത്തിന്റെ അവിഭാജ്യഘടകമാണെങ്കിലും അഭ്യസിച്ചു പഠിക്കുന്ന ഭാവഹാവങ്ങളൊന്നും അഭിലഷണീയമല്ല.

സൌന്ദര്യത്തെ ബാഹ്യമെന്നും ആഭ്യന്തരമെന്നും രണ്ടായി വിഭജിക്കാം. ആഭ്യന്തരസൌന്ദര്യത്തിനാണു നാം പ്രഥമസ്ഥാനം നൽകേണ്ടതു്. ബാഹ്യസൗന്ദര്യം ആഭ്യന്തരസൌന്ദര്യത്തിന്റെ പശ്ചാത്തല സൃഷ്ടിക്കു സഹായകമായിരിക്കണം. മേനിയുടെ മസൃണതയും മാംസത്തിന്റെ കൊഴുപ്പും രക്തത്തിന്റെ തുടിപ്പും വാർന്നൊഴുകുമ്പോൾ ബാഹ്യസൌന്ദര്യം പൊലിഞ്ഞടങ്ങും. എന്നാൽ ആഭ്യന്തരസൌന്ദര്യം അക്ഷയവും അഭംഗുരവുമാണു്. അതു് ഹൃദയത്തെ സംബന്ധിക്കുന്നതാണു്. കുലീനതയിലും സ്വഭാവശുദ്ധിയിലും, നൈർമ്മല്യത്തിലുമാണു് ആഭ്യന്തരസൌന്ദര്യം ഉറച്ചു നിൽക്കുന്നതു്. വിനയം അതിനു നിറപ്പകിട്ടു കലർത്തുന്നു. ശാരീരികസൌന്ദര്യം ആവശ്യമില്ലെന്നല്ല ഇവിടത്തെ വിവക്ഷ. പ്രത്യുത ആഭ്യന്തരസൌന്ദര്യം അനുപേക്ഷണീയവും ബാഹ്യസൌന്ദര്യത്തേക്കാൾ അഭികാമ്യവുമാണെന്നു മാത്രം. പാശ്ചാത്യവിപണികളിലെ സൌന്ദര്യത്തിന്റെ "ഏജൻസി" വഹിക്കുന്ന ഉപകരണങ്ങളെല്ലാം ഇങ്ങോട്ടു പ്രവഹിച്ചില്ലെങ്കിലും നമ്മുടെ വനിതകൾ സൌന്ദര്യവതികളായി കഴിയേണ്ടതു് ആവശ്യമല്ലേ? പൌരാണികവനിതകളുടെ ദിവ്യസൌന്ദര്യത്തിനു് ഇന്നത്തെ കൃത്രിമസൌന്ദര്യത്തിന്റെ സന്ദേശവാഹകർ എന്തൊരു സമാധാനം നൽകും? പൊള്ളപ്പകിട്ടുകളിലും മിരട്ടുവിദ്യകളിലും മനമുഴറാതെ യഥാർത്ഥസൌന്ദര്യത്തിന്റെ ആരാധകളായി തീരുന്നതിനാണു നമ്മുടെ വനിതകൾ ശ്രദ്ധിക്കേണ്ടതു്.

ഭാരതസ്ത്രീകളുടെ ഭാവശുദ്ധിയിലും ഹൃദയനൈർമ്മല്യത്തിലുമാണു് യഥാർത്ഥസൌന്ദര്യം വിലയം പ്രാപിച്ചിരിക്കുന്നതു്. വനിതകൾ സിനിമാതാരങ്ങളെ അന്ധമായി അനുകരിക്കാൻ ആരംഭിച്ചതുമുതലാണു് സാന്മാർഗ്ഗികമായി അ

# ഉത്തരം പറയട്ടെ!

(തെയ്യൂരാട്ട് ചന്ദ്രശേഖരൻനായർ)

(നായിക—ധനത്തള്ളലെന്ന ഭാവനയുടെ പുത്രി. നായകൻ—പാരതന്ത്ര്യം വെറുത്ത കർമ്മധീരൻ. അവരുടെ സന്താനം—അരുമാത്മജഃ)

കൺമണീ! നിന്നെസ്സദാ കൈക്കുമ്പിളിച്ചുനി-
ക്കമ്മവച്ചുമ്മവച്ചുള്ളുവാൻ മാഞ്ഞരികം!
അഞ്ചെട്ടു മാത്രം വിളിപ്പാട്ടകലെ നീ
സഞ്ചരിക്കുന്നതെന്നാകിലുമോമനേ!
നിഞ്ചാരുവാം കഴൽപ്പൂമ്പൊടി വീണൊരാ
പഞ്ചാരമുററത്തു ഞാൻ വരാമല്ലെടോ!
വാർദ്ധക്യവെള്ളി തിരക്കുമെൻ ശീർഷവും
നിർന്നതലത്തിന്റെ രൂക്ഷവേഷാദിയും,
പേറിഞാൻ, നിൻ മാതൃയൗവനശ്രീ തന്റെ
വീറിനെ, ത്തീണ്ടിയാൽ, ഹാ! പൊറുക്കില്ലവർ!
കുത്തിവച്ചീടുകയാണെന്നു 'കുറവിനെ'-
യുൾത്താരിലിന്നവർക്കിഷ്ട ബന്ധുക്കൾ!
നല്ലകാലത്തിൻ സുഖിക്കലാം കാന്ത, തെ-
ല്ലല്ലലിൻ ഭാഗഭാക്കല്ലയുല്ലാസിനി!
ഏതോ മഹാപുണ്യമാർജ്ജിക്കയാൽ പുരാ
ബാന്ധവം സാധിച്ചു നിന്നമ്മയോടു ഞാൻ!
പാരമിരപ്പാളിയാണെങ്കിലും ധന-
നാരമ്യനാഷചുരന്ധ്രികൾക്കെന്നതോ,
ഇപ്പരിഷ്കാരത്തിമിർക്കാളുവീഴ്ച്ചിലാർ
തപ്പിത്തടഞ്ഞിന്നമിണ്ടു പുലമ്പുവോർ!

സ്ത്രീ—വിനയത്തിനും ശാന്തതയ്ക്കും സ്നേഹ-
ഭാവുകങ്ങൾക്കും സഹനത്തിനും ഭുവി;
ഉൾക്കണ്ണുകൊണ്ടു സ്വയമവിയസ്ഥിമെ-
ന്താകെയീ ധിക്കാരമുണ്ടാക്കിവയ്ക്കുമോ!
കുഞ്ഞേ! കരുതായ്ക നാളുകൾ ചെന്നറി-
വാനൊരുങ്ങിടുമ്പോൾ വിപരീതമെന്നു നീ;
ഈമാനം ചുട്ടുന്ന ചാമ്പലായ്പ്പോയെങ്കി-
ലെൻ മണിക്കുട്ടനിരിക്കട്ടെ യീവഴി:—
കാണാൻ വരുന്നീല നിന്നെ ഞാനെങ്കിലും,
കാണായതൊക്കെയും നീയാണു മുമ്പിൽ മേ!
എന്നുമൊത്തെപ്പൊഴും കൂടെ വസിക്കയു-
മെന്നോടു ജീവിതം പങ്കിട്ടെടുക്കയും
ചെയ്യുവാനുള്ള വരമ്പയും നീയുമി-
ന്നമ്മോ! തയാറില്ലയെങ്കിൽ—സുഖിക്കുവിൻ!
ഏകാന്തമെന്നുമെൻ ജീവിതം താങ്ങി ഞാൻ
മൂകനായ് മന്ദം—ചുണ്ടെടുടില്ലല്പവും!
കൊഞ്ചിക്കളിച്ചു നിൻ ലീലോത്സവത്തിലെൻ
നെഞ്ചം കളിക്കാർ ബലാൽ തടയുന്നവർ
ചൊല്ലട്ടെയുത്തരം, പുത്രവിരഹമാൽ
തല്ലിത്തകർത്തെന്നെ മണ്ണടിച്ചീടുകിൽ!!

---

വർ കൂടുതൽ അധഃപതിച്ചു തുടങ്ങിയതും പുരുഷനെ വഴിപിഴപ്പിക്കുന്നതും സ്ത്രീകൾ അവരുടെ സൌന്ദര്യത്തിന്റെ അധിഷ്ഠാനതലങ്ങളിൽ സാരമായ ചില പരിവർത്തനങ്ങൾ സൃഷ്ടിക്കേണ്ട ഘട്ടം ആസന്നമല്ല അതിക്രമിക്കുകതന്നെ ചെയ്തിട്ടുണ്ട്. ഇന്ത്യ ഒരു നവയുഗത്തിലേക്ക് കാലൂന്നിക്കഴിഞ്ഞു. 1948-ജൂണിൽ ബ്രിട്ടൻ ഇന്ത്യ വിടുകതന്നെ ചെയ്യും നമ്മുടെ സഹോദരികൾ കടമെടുത്തിട്ടുള്ള അ

പാശ്ചാത്യ സൌന്ദര്യോപാധികളെ ബ്രിട്ടനുതന്നെ മടക്കിക്കൊടുത്ത് സ്വതന്ത്രകളാകരുതോ? നമ്മുടെ അഭിമാനത്തെ പുലർത്തരുതോ? ഭാരതീയമായ അന്തരീക്ഷത്തിൽ ഭാരതീയസൌന്ദര്യത്തിന്റെ ആരാധകളായിത്തീരുന്നതല്ലേ കൂടുതൽ അഭിലഷണീയം? അതോ മദാമ്മപട്ടത്തിനുള്ള മത്സരം ഇനിയും തുടരുമോ? ആർക്കറിയാം?

# കരുണയും, മഗ്ദലനമറിയവും.

(മംഗലം, ചക്രപാണി)

ആശാന്റെ കരുണയും, വള്ളത്തോളിന്റെ മഗ്ദലനമറിയവും തമ്മിൽ ഒരു താരതമ്യവിമർശകരണമേ ഇവിടെ ചെയ്യുന്നുള്ളു. രണ്ടിലെയും കഥാവസ്തുക്കൾപോലും ചുരുക്കിപ്പറയുന്നില്ല. കാരണം രണ്ടും അത്ര പ്രസിദ്ധങ്ങളായ കാവ്യങ്ങളാകയാൽ. ദീർഘകാലമായി വ്യഭിചാരം തൊഴിലായി സ്വീകരിച്ചുവന്നിരുന്ന രണ്ടു മുഗ്ദ്ധാംഗനകൾ രണ്ടു സൽപാത്രങ്ങളുടെ, രണ്ടു സൽകർമ്മനിരതന്മാരുടെ സാഹചര്യത്തിൽ മാനസാന്തരപ്പെടുന്നതും തദ്വാരാ ശുദ്ധശീലകളായി പര്യവസാനിക്കുന്നതുമാണു രണ്ടിലെയും ആന്തരമായ താല്പര്യം. കഥാബീജത്തിനു ഏതാണ്ടു സാമ്യതയുണ്ടെങ്കിലും, പ്രതിപാദനരീതിയിലും ആദർശപ്രകാശനത്തിലും, വർണ്ണനാഗതികളിലും അലങ്കാരൗചിത്യങ്ങളിലും സാരമായ വ്യതിയാനങ്ങൾ കാണുന്നുമുണ്ട്. ചിന്തയുടെ നിശിതരൂപം പ്രമാണിച്ചു ആശയത്തിനും ഭാഷയ്ക്കും ഉൽബോധനോപാധികൾക്കും ഗണ്യമായ അന്തരവും കാവ്യലോകത്തു സ്പഷ്ടമായ ഉയർച്ചതാഴ്ചകളും സംഭവിക്കാതെയിരുന്നിട്ടില്ല. കരുണ പ്രൗഢസുന്ദരം. അതിന്റെ കഴിവുകൾ സൂര്യനെപ്പോലെ സ്വയംപ്രഭാപൂരിതം—കാലംകൊണ്ടു പഴകാത്തതും, ദേശംകൊണ്ടു മാറാത്തതുമായ രസാദർശപ്രതിബിംബകമായ ഘടനാസമ്പ്രദായത്തിൽ ഏറ്റവും ചിന്താർഹവും, ഹൃദയസ്പർശകവും-പ്രദർശനവിധം സ്പഷ്ടം-സാമാന്യജീവിതത്തോടു ഘടിപ്പിക്കുന്ന തത്വപ്രതിപാദനങ്ങൾ ഉജ്ജ്വലങ്ങളും അനിഷേധ്യങ്ങളുമായി ചിരകാലം നില്ക്കുന്നതും സാധാരണക്കാർക്ക് അത്ര എളുപ്പം അടുക്കുവാനോ അടുത്താൽ തന്നെയും എളുപ്പം കടന്നുപോകുവാനോ കഴിയാത്തവണ്ണമുള്ള തീക്ഷ്ണതയാണ് അതിന്റെ സ്വയംപ്രഭാശക്തിയിൽ അതു സമാർജ്ജിച്ചിരിക്കുന്നതു്. എന്നാൽ മഗ്ദലനമറിയമോ കേവലം ലളിതമോഹനം, ആർക്കും എളുപ്പം കൈകാര്യം ചെയ്യാം. കടുപ്പമില്ലാത്ത കോമളപദങ്ങളുടെ സമുച്ചയം. വാർതിങ്കളിനെപ്പോലെ ശീതളാത്മകമായ പ്രഭാസൗമ്യത വിതറുന്നതു്. അന്യപ്രഭാപ്രതിഫലനയോഗ്യം മാത്രവും-ഒരു വായനയ്ക്കുതന്നെ അധികംപേർക്കും ആസ്വദിച്ചുവിടാം-പിന്നത്തേക്കു വച്ചേയ്ക്കേണ്ട-അത്ര ഗമനവിശദം. ചുരുക്കിപ്പറഞ്ഞാൽ കരുണ "അനുപമകൃപാനിധിയായ അഖിലബന്ധുവും" മഗ്ദലനമറിയം "വസന്തരാവെടുത്ത വാർതിങ്കൾത്താല"വുമാണെന്നു കവിവാക്യങ്ങളിൽ ഉദ്ധരിക്കയേ തരമുള്ളു. ആ വിജ്ഞാനം ലക്ഷ്യഗതിയിൽ ആരംഭിക്കുമ്പോഴേ കിട്ടുന്നുമുണ്ടു്.

"അനുപമകൃപാനിധിയഖിലബാന്ധവൻ-
ശാക്യജിനദേവൻ ധർമ്മരശ്മി ചോരിയുംനാളിൽ" എന്നു കരുണയിലും,

"വാർതിങ്കൾത്താലമെടുത്ത വസന്തരാ-
വേതോ വെൺചാറാന്നു പൂശിക്കയാൽ"

എന്നു മഗ്ദലനമറിയത്തിലും കവിത ആരംഭിക്കുന്നു. ആശാൻ തന്റെ കാവ്യപ്രതിപാദനത്തിൽ രഹസ്യമായും പരസ്യമായും വിശദീകരിക്കുവാൻ യത്നിക്കുന്ന കരുണയുടെ സാരഗർഭമായ ഭാവം ഏറ്റവും സംഗ്രഹിതമായ രൂപത്തിൽ ആദ്യത്തെ "അനുപമകൃപാനിധി" എന്ന പദത്തിൽ ഭംഗിയായി നിബന്ധിച്ചിട്ടുണ്ടു്. അനന്തരഭാഗങ്ങൾ മുഴുവനും അതിന്റെ ഒരു വ്യക്തമായ പ്രദർശനമായും ദൃഷ്ടാന്തപ്പെടും. തന്നെയുമല്ല കരുണ "കൈരളീഭണ്ഡാഗാരത്തിലെ അനുപമമായ ഒരു നിധിയാണെന്നും, കരുണാരസത്തിന്റെ ഉൽകൃഷ്ടസരണികളുടെ സുവിശദമായ വിവരണംകൊണ്ടു കൃപയുടെ ഇരിപ്പിടമാണെന്നും വ്യംഗ്യമായി കാണുന്നതുമൂലം "അനുപമകൃപാനിധി"യെന്നുള്ള കരുണയുടെ ആരംഭം മഗ്ദലനമറിയത്തിലെ "വാർതിങ്കൾത്താലത്തെ"ക്കാൾ ഏറ്റവും ഉചിതവും സുന്ദരവുമായിട്ടുണ്ടു്. പോരെങ്കിൽ മഗ്ദലനമറിയത്തിലെ "ഏതോ" എന്ന പ്രയോഗം രസപ്രതീതിക്കു തടസ്ഥമോ താമസമോ ഉളവാക്കുന്ന ധർമ്മമായി തോന്നിക്കാതെയിരിക്കുന്നില്ല. വാർതിങ്കൾത്താലത്തിൽ

നിന്നും പൂശിക്കുവാൻ കഴിയുന്ന വെൺചാറു നിശ്ചയമായും വെണ്ണിലാവാണെന്നു ആർക്കും അറിയാവുന്നതാണു്. എന്നിട്ടും അതു കവിക്കു "ഏതോ വെൺചാറാണെ"ന്നുള്ള സംശയം ജനിക്കുന്നതിനാൽ അവിടെ അത്ഭുതരസം ജനിപ്പിക്കുന്ന അലങ്കാരന്യൂനത സംഭവിക്കുന്നതായി തോന്നിപ്പോകുന്നു. "നയിൽ" പട്ടണം വെൺചാറുപൂശിക്കയാൽ 'ശ്രീലശോഭ'ജില്ലയ്ക്കൊരു മുത്തുമാലയായ്‌ മിന്നി എന്നാണു കവി പറയുന്നതു്. വാർതിങ്കളിൽ നിന്നു വെൺചാറു പൂശിച്ചില്ലായിരുന്നെങ്കിൽ നയിൽപട്ടണം മിന്നുകയില്ലായിരുന്നു എന്നു അതുകൊണ്ടുവരുന്നു. പക്ഷേ പട്ടണമെന്നല്ല ഏതും മിക്കവാറും അധികം മിന്നുന്നതു് സൂര്യപ്രകാശത്തിലാണു്. തന്മൂലം അവിടുത്തെ ഔചിത്യഭംഗി കവി കരുതുന്നതിലും കുറവായേ വ്യക്തമാകുന്നുള്ളൂ.

"കാളിമ കാളുംനഭസ്സുമ്മവെയ്ക്കും-
വെൺമനോജ്ഞ
മാളിക"യാണു വാസവദത്തയുടേതെങ്കിൽ
"ശാരദപൌർണ്ണമീചന്ദ്രബിംബത്തോടു
കേറിക്കയർത്തകേളീസൌധ"മാണു് മറിയത്തിന്റേതു്. വേശ്യാസ്ത്രീകളുടെ കെട്ടിടവർണ്ണനകളിൽ പണ്ടുകവികളും അതിശയോക്തിയിൽ മതിമറന്നിട്ടുണ്ടെങ്കിലും തികച്ചും സുന്ദരമാകാതിരുന്നിട്ടില്ല.

നായികമാർ വേശ്യകൾ, നായകന്മാരോ സന്യാസികളും. ശാന്തസമുദ്രവും, ഹിമാലയപർവ്വതവുംപോലെ, അല്ലെങ്കിൽ അതിൽ കൂടുതലാണു നായികാനായകന്മാർ തമ്മിലുള്ള താഴ്ചയും ഉയർച്ചയും. നായികമാരുടെ സൌന്ദര്യവർണ്ണനകളൊന്നും ഇവിടെ ഉദ്ധരിക്കുന്നില്ല. അവർ അതീവസുന്ദരികളാണെന്നു മാത്രം ധരിച്ചാൽ മതി. പോരെങ്കിൽ വേശ്യകളും. നായകന്മാർ:— അവരെ കവിവചസ്സുകളിൽക്കൂടെ നിരീക്ഷിക്കാം-ആദ്യത്തേതു ധർമ്മദൂതനായ ഉപഗുപ്തൻ. പ്രമാണപ്പെട്ട മതങ്ങളിലൊന്നിന്റെ സ്ഥാപകനായ-അധർമ്മനിവാരണത്തിനുവേണ്ടി, "അഖിലജന്തുക്കൾക്കും നിർവ്വാണമേകാൻ തന്റെ നിഖിലസുഖങ്ങളും വെടിഞ്ഞു" കയ്യിൽ മരയോടെടുത്തു ബോധിസത്വനായിത്തീർന്ന അഹിംസാനിരോധകന്റെ പ്രധാനശിഷ്യൻ. "ബുദ്ധമുനിയുടെ പരിശുദ്ധപദപത്മം" തുടച്ചശിഷ്യൻ. അന്യനോ, ഒരുകരണത്തടിച്ചാൽ മറ്റേ കരണംകൂടെ കാണിച്ചുകൊടുക്കുവാൻതക്ക ക്ഷമാശീലവും, സാർവ്വത്രികമായ സ്നേഹവുമുപദേശിച്ച ക്രിസ്തുദേവൻ. കവികൾ അവരെ പ്രദർശിപ്പിക്കുന്നതു വളരെ മിതമെങ്കിലും മനോഹരമായ വിധത്തിലാണു്.

"ഝടിതിയിങ്ങിതാ പാരം ചാരുവായ്‌-
പ്രാംശുവായ്‌നിഴൽ
പടിഞ്ഞാറുവീഴ്ത്തുമൊരു ഭാസുരാകൃതി;
നടയ്ക്കാവൂടേ വരുന്നു ഭാനുമാനിൽനിന്നു
കാററിൽ കടപൊട്ടിപ്പറന്നെത്തും കതിരുപോലെ" ആശാനും,

"തൂവെള്ളിച്ചങ്ങലത്തുമ്പത്താതിടം
തൂക്കിയ ദീപത്തിൻ ദീപ്തിപൂരം,
മൂർത്തമാകുമാറങ്ങണഞ്ഞതാണൊരു
പൂരുഷരൂപമാം തേജഃപുഞ്ജം." ആയിട്ടു വള്ളത്തോളും വർണ്ണിക്കുന്നു. അതാതു കവിതകളുടെ പ്രാചീന്യവും പ്രാഗത്ഭ്യവുമനുസരിച്ചുള്ള ഭംഗി അതാതു വർണ്ണനകൾക്കുണ്ടെന്നു തല്ക്കാലം പറയുന്നുള്ളൂ. ഉൽകൃഷ്ടചിന്താഭാസുരന്മാരും ലോകരക്ഷകരുമായ ധർമ്മോപദേഷ്ടാക്കളെ നായകന്മാരും, നികൃഷ്ടകളും അധിശപ്തകളുമായ വേശ്യകളെ നായികകളുമാക്കി നിർവ്വാണാസ്പദമായ സന്മാർഗ്ഗോപദേശത്താൽ ലോകോദ്ധാരണം നിർവ്വഹിക്കുന്ന ഘട്ടങ്ങളെല്ലാം രണ്ടുകവിതകളും തമ്മിൽഉള്ള അന്തരംപോലെ ഉജ്ജ്വലമാനങ്ങളായി കണ്ടെന്നുവരും. ചുരുക്കിപ്പറഞ്ഞാൽ കരുണയിലെ ഉൽകൃഷ്ടചിന്തകൾപോലെ മഗ്ദലനമറിയത്തിലെ ഉൽകൃഷ്ടചിന്തകൾ വികസിക്കുന്നില്ല.

"അതിചപലമീയന്തഃകരണം, ലോകഭോഗങ്ങൾ
പ്രതിനവരസങ്ങളാൽ ഭൂരിശക്തികൾ,
ഗതിയെന്തു ജന്തുക്കൾക്കു?—രതിരോഷമോഹ-
ങ്ങളാൽ
ജിതലോകമാമവിദ്യ ജയിച്ചിടുന്നു=
പാവകാനീജയിക്കുന്ന പാകവിജ്ഞാനത്താൽ,-
നശ്യ
ജീവലോകം തേടുമിന്നോനാളെയോ നിന്നെ;
തുലകണത്തെ തൊടില്ല നനഞ്ഞാൽ, ചൂടാൽ
വരണ്ട
ബാലരംഭയെക്കർപ്പൂരഖണ്ഡമാക്കും നീ!

എന്നുംമററും ഉള്ള ഭാഗങ്ങൾ അതിനു ദൃഷ്ടാന്തപാഠംതന്നെ. അതു നില്ക്കട്ടെ; തുടരാം. ശീമോന്റെ മാളികയിൽ ഭക്ഷണത്തിനിരുന്ന ക്രിസ്തുവിനെ അമ്പാടിയിലെ ചങ്ങാതിമാരുമൊന്നിച്ചിരുന്ന ഗോവിന്ദനോടുപമിച്ചതു മഗ്ദലനമറിയത്തിലെ സാഹിത്യ പ്രതിപാദനരീതിക്കു തീരെ യോജിക്കാതെപോയി. ലോകോദ്ധാരണ വിഷയത്തിലും ജീവിതശുദ്ധിയിലും ദൃഷ്ടാന്തജീവിതത്തിൽ കൃഷ്ണനും ക്രിസ്തുവും വളരെ അകന്നിരുന്നു. ക്രിസ്ത്യാനികൾ ഇന്നും വിശ്വസിച്ചുവരുന്നതു അങ്ങനെതന്നെയാണു്. ആദ്ധ്യാത്മികമായ് എന്തെല്ലാം മാററുകൾ കൃഷ്ണനുണ്ടെന്നു തൽപക്ഷവാദികൾ കൊണ്ടുവന്നാലും ശരി ജീവിതശുദ്ധിയിൽ ക്രിസ്തുവിനോളം ഉയരമില്ലെന്നു പ്രത്യക്ഷത്തിൽ കാണാം. മുപ്പത്തിമൂന്നുവരെ മാത്രം നീണ്ടിരുന്ന ക്രിസ്തുവിന്റെ ജീവിതചര്യയിൽ ഒരിടത്തുപോലും ഒരു കറുപ്പടയാളം കണ്ടുപിടിക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിന്റെ ആ പരിശുദ്ധമായ ജീവിതദൃഷ്ടാന്തങ്ങളിലാണു ക്രിസ്തുമതം പ്രതിഷ്ഠിച്ചിട്ടുള്ളതും—അതു എന്തുമാവട്ടെ ശാഖാചംക്രമണം ചെയ്യുന്നില്ല.

“മിത്രങ്ങളാത്തമീത്തിനിരുന്നാൻ” എന്നാണു കവിവാക്യം—ഭക്ഷ ശീമോന്റെ വീട്ടിൽ കൂടിയിരുന്നവരും ക്രിസ്തുവിന്റെ മിത്രങ്ങളല്ലായിരുന്നു. ക്രിസ്തുവിന്റെ സമദൃഗ്ജ്യോതിസ്സിൽ അവരെല്ലാം മിത്രങ്ങളായിരുന്നുവെന്നു തന്നെ പറയാമെന്നിരുന്നാലും ക്രിസ്തുവിനെ അപകടത്തിലാക്കുവാൻ യത്നിച്ചുകൊണ്ടിരുന്നവരാണു അവരിൽ പലരുമെന്നു ബൈബിൾ സാക്ഷ്യം വഹിക്കുന്നു. അതുകൊണ്ടു് ആ പ്രയോഗത്തിനു ഭംഗിയേക്കാൾ ഭംഗിക്കുറവേ വരാൻ തരമുള്ളു. തന്നെയുമല്ല,

“അമ്പാടിതന്നിലെ ചങ്ങാതിമാരൊന്നി-
ച്ചമ്പോടും ഗോവിന്ദനെന്നപോലെ”

എന്നുള്ളതാണല്ലോ ഇതിനു മുകളിൽ പ്രതിപാദിച്ചുകൊണ്ടിരുന്നതു്. ഗോവിന്ദൻ അമ്പാടിയിൽ ചങ്ങാതിമാരുമൊന്നിച്ചു കഴിഞ്ഞുകൂടി വന്നിരുന്നതു് പ്രൗഢതയുണ്ടാകുന്നതിനു മുമ്പുള്ള ചെറുപ്പകാലത്തായിരുന്നല്ലോ. കൃഷ്ണൻ ഇനി ക്രിസ്തുവിനെക്കാൾ ഒട്ടുകൂടും ശ്രേഷ്ഠനമായിരുന്നെന്നു സമ്മതിക്കാമെന്നിരുന്നാലും അദ്ദേഹത്തിന്റെ കുട്ടിക്കാലത്തു് ആ മഹാത്മ്യങ്ങൾ ക്രിസ്തുവിന്റെ അന്ത്യകാലത്തെ മാഹാത്മ്യങ്ങൾക്കുതുല്യം പാകവും, പ്രകടനസമർത്ഥവുമായിരുന്നെന്നു സമ്മതിക്കുവാൻ യാതൊരു നിർവ്വാഹവുമില്ല.

അതുകൊണ്ടു് പ്രൗഢമായ സത്യാന്വേഷണത്തിൽ പല ജീവിതഗൂഢരഹസ്യങ്ങളും കണ്ടറിഞ്ഞു അടിക്കടി കളങ്കരഹിതമായ ഉൽബോധനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരുന്ന ക്രിസ്തുവിനെ, അമ്പാടിയിലെ കളിച്ചെറുക്കനായ ഗോവിന്ദനോടു്; ബാലകൃഷ്ണനോടുപമിച്ചതു അനൗചിത്യത്തിന്റെ മകുടോദാഹരണംതന്നെ. കരുണയിൽ അങ്ങനെയുള്ള വിശേഷങ്ങൾ ആശാനു പററിയിട്ടില്ല.—ഉൽകൃഷ്ടനായ ആ ബുദ്ധശിഷ്യനെപ്പോലും ആശാൻ അതോടുപമിച്ചിട്ടില്ല. അനുപമകാരുണ്യനിധിയും അഖിലബോധവാനുമായിരുന്ന ബുദ്ധനിൽനിന്നും ഒട്ടും വ്യത്യസ്തനല്ലായിരുന്നു ഉപഗുപ്തൻ. അവരോടുപമിക്കത്തക്കവണ്ണം മാഹാത്മ്യമേറിയ മററാരെയും ആശാനു കണ്ടുകിട്ടാതെയുമിരുന്നു. അതുകൊണ്ടാണു് ആശാൻ ആ സാഹസത്തിനു ഒരുമ്പെടാതെ അവരെ അവരായിട്ടുതന്നെ ഗണിച്ചുപോയതു്. ക്രിസ്തുവിന്റെ വിശേഷാത്മമായ മാഹാത്മ്യം പ്രദർശനശീലയിൽ തനിമയായ് (Orginal) അനാവരണം ചെയ്തുകാണിക്കുവാനുള്ള വള്ളത്തോളിന്റെ പരാധീനതയാണോ—അതോ സ്വന്തം മതബോധാഭിമാനമാണോ—ഇങ്ങനെ കൃഷ്ണനേയും പരമശിവനേയുമൊക്കെ വലിച്ചിഴച്ചുകൊണ്ടുവരാനുള്ള കാരണം—ഏതായാലും ആ ഹൈന്ദവ കഥാപാത്രങ്ങളോടുള്ള ക്രിസ്തുവിന്റെ സാമ്യകല്പന തീരെ അനർഹങ്ങൾ തന്നെ—

“ധ്യാനംകൊണ്ടാത്മാവേയാത്മാവിൽക്കണ്ടുകൊ
ണ്ടാനന്ദലീനനായ് കന്യാപുത്രൻ
വൻതപംചെയ്തു; ഹിമാലയസാനുവി-
ലന്തകസൂദനസ്വാമിപോലെ.”

ധ്യാനനിഷ്ഠനായിരുന്ന ക്രിസ്തുവിനെ-ജനനംമുതൽ മരണംവരെ ആർക്കും ഒരുപദ്രവവും ചെയ്യാതിരുന്ന ക്രിസ്തുവിനെ; ഇവിടെ കൊലപാതകിയായിരുന്ന, കാലഹന്താവായിരുന്നെന്നു

കവിതന്നെ സമ്മതിക്കുന്ന പരമശിവനോടു സമാനപ്പെടുത്തിയ ഭംഗികേട്ട വായനക്കാർതന്നെ മനസ്സിലാക്കിക്കൊള്ളുക. തന്നെയല്ല, അതു് ഒരുവലിയ അപരാധം കൂടെയാണു്; ഒരു പെൺ പിറന്നവരുടെ കണ്ണടിയിൽ, പാർവ്വതിയുടെമിരട്ടിൽ; തപസ്സുവലിച്ചെറിഞ്ഞു മദനപാരവശ്യംമൂലം ദാമ്പത്യത്തിനു കുതിച്ചുചാടിയ പരമശിവനോടു് ക്രിസ്തുവിനെ ഉപമിച്ചതു്. പരമശിവനെതപസ്സിനു പ്രേരിപ്പിച്ചതു് ദക്ഷനോടുള്ള വൈരാഗ്യവും മററുപല പൂർവ്വതകരാറുകളുമായിരുന്നേക്കാം. പോരെങ്കിൽ "ചകരംവീട്ടൽ" അദ്ദേഹത്തിന്റെ ജന്മോദ്ദേശവുമായിരുന്നു— എന്നാൽ ക്രിസ്തുവിനാകട്ടെ "ആരോടും ഒരു പ്രതീകാരവും ചെയ്യേണ്ടിയിരുന്നില്ല" "ആണിയാൽ കുരിശിൽ തറയ്ക്കപ്പെട്ടിരുന്നപ്പോഴും അവിടെക്കിടന്നുകൊണ്ടു്" "പിതാവേ ഇവർ ചെയ്യുന്നതു ഇന്നതുഎന്നു് അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കണമേ" എന്നു അരുളിച്ചെയ്ത ക്രിസ്തുവിനോടു്—പശുത്തൊഴുത്തുമുതൽ കുരിശുവരെ നിർദ്ദോഷിയും നിർമ്മലനുമായിരുന്ന ക്രിസ്തുവിനോടു്-ആരെയും ഉപമിക്കാതിരുന്നതായിരുന്നു നല്ലതു്. ക്രിസ്തു മലയിൽ ധ്യാനംചെയ്തിരുന്നതു ലോകോദ്ധാരണത്തിനാവശ്യകമായ ശക്തിസമാർജ്ജിക്കുവാൻ മാത്രമായിരുന്നു—രാത്രിയിലെ നിലാവെളിച്ചത്തുപോലും നീളെ ഉത്തുംഗമാം മാർത്തട്ടതെളഞ്ഞിത്തുവെള്ളച്ചേലയ്ക്കുള്ളിൽ ഉലയുന്ന വീട്ടുറാന്തിലത്തഴയ്ക്കു തുല്യം മുഗ്ദ്ധമായ കാർകുഴൽക്കെട്ടഴിഞ്ഞു രോമനപൃഷ്ഠഭാഗത്തെയും പൃഷ്ഠനിതംബപ്പരപ്പിനെയും മൂടിക്കിടക്കുന്ന മനോഹരസർവ്വാംഗിയായ മഗ്ദലനമറിയത്തിന്റെ ദർശനമോ നേർത്ത പട്ടിനു സമാനമായ വാർകൂന്തലാലുള്ള പാദംതുടയ്ക്കലോ, പരിപേലവ വായ്മലരാലുള്ള ചെമ്പവിഴങ്ങൾ പൊഴിക്കലോ, ചുംബനം വയ്ക്കലോ ഒന്നുംതന്നെ കേവലം 33 വയസ്സുമാത്രമുള്ള ധ്യാനരഹിതനായ ക്രിസ്തുവിനെ മദനപരവശനാക്കിയില്ല. അങ്ങനെ മലപോലെ വികാരാതീതനായിരുന്ന ക്രിസ്തുവിന്റെ ധ്യാനം പാർവ്വതിയുടെ കുണുക്കത്തിൽ കാമാധീനനായിത്തീർന്ന പരമശിവന്റെ ധ്യാനത്തോടുപമിച്ചതു ഭീമാബദ്ധമെന്നല്ല, കാവ്യലോകത്തു തീരാദോഷമായും നിന്നേ മതിയാവൂ.

മറിയം, താനേ ചെല്ലുകയാണു ശീമോന്റെ മാളികയിൽ വിശ്രമിക്കുന്ന ക്രിസ്തുവിന്റെ അടുക്കൽ ഉപദേശം സ്വീകരിക്കുവാൻ. അവശയും നിരാലംബയുമായി മരിക്കാൻ കിടക്കുന്ന വാസവദത്തയുടെ അടുക്കൽ ഉപഗുപ്തൻ തനിയേ ചെല്ലുകയാണു ഉപദേശംകൊടുക്കുവാൻ. കഥാബീജത്തിനു സാമ്യതയുണ്ടെങ്കിലും ആദർശത്തിനു എന്തൊരന്തരം?

"തിരഞ്ഞു രക്ഷനൽകുന്ന ദേവതകളല്ലോ-
സാക്ഷാൽ
ധരണിയിൽ നടക്കുമീധർമ്മദൂതന്മാർ" എന്നൊക്കെയുള്ള ഭാഗങ്ങളിൽ ആശാൻ പ്രകടിപ്പിക്കുന്ന ഔചിത്യവിശേഷം എത്ര ഭംഗിയായിരിക്കുന്നു. ഗ്രന്ഥം കരുണയല്ലേ-അതിൽനിന്നു കയ്യെടുക്കാതെ കവി പണിതു തീർത്തിട്ടുണ്ടു്. ആർക്കുമൊരു സന്ദേഹവുമുണ്ടാകാത്ത മട്ടിൽ—ആശാൻ അത്രമാത്രം വിശദീകരിച്ചു കരുണയേ-അതു വിജയം അതു നേടുകയും ചെയ്തു.

"കേഴുക കേഴുക മാന്യേ മറിയമേ
കേഴുവോർക്കാശ്വാസമേകുമീശൻ" എന്നുള്ള വള്ളത്തോളിന്റെ കവിതാനാമനിർദ്ദേശവും വിസ്മരിക്കുന്നില്ല. പക്ഷേ അതു സ്മരണയെ നിലനിർത്തുവാനുള്ള എല്ലാ ഉപാധികളേയും സ്പർശിക്കുന്നില്ലെന്നുള്ള വാസ്തവവും പറയാതിരിക്കുന്നതെങ്ങനെ-ധർമ്മോപദേശം കൈക്കൊള്ളുവാൻ ക്രിസ്തുവിന്റെ സന്നിധിയിലേക്കു ചെല്ലുന്ന മറിയത്തോടു്

"കെട്ടമാർഗ്ഗത്തിൽ നടന്നനിൻകാൽച്ചെളി
മൃഷ്ടമായല്ലോ നിൻകണ്ണീരാൽ താൻ" എന്നുള്ള വള്ളത്തോൾപ്രയോഗത്തേക്കാൾ

"കരചരണശ്രവണനാസികകളറുത്തു ഭ്ര-
നരകമാംചുടുകാട്ടിൻനടുവിൽ—
മൃത്യുവിനിരുട്ടാഴിയിൽമുങ്ങിയ സത്വം." ആയി കിടന്ന ദീനയും നിരാശ്രയുമായ വാസവദത്തയോടു്,

"സത്യമോർക്കുകിൽ സംസാരയാത്രയിൽ-
പാപത്തിൽകഴൽ
കുത്തിടാതെ കടന്നവർകാണുകില്ലെടോ,
ലോലമാം ക്ഷണമേ വേണ്ടു ബോധമുള്ളിൽ
ജ്വലിപ്പാനും
മാലണയ്ക്കുംതമസ്സാകെ മാഞ്ഞുപോവാനും

"ഭുക്തഭോഗയായ് സഹിച്ച പരിവേദന-
യാൽപാപ-
മുക്തയായി സഹജേ, നീ മുക്തിപാത്രമായ്"

എന്നുള്ള ആശാന്റെ പ്രതിപാദനങ്ങൾ എത്ര മാത്രം ശാന്തഗംഭീരവും, ഹൃദ്യവും സമാധാനപരവുമായിരിക്കുന്നെന്നു നിമ്മത്സരബുദ്ധ്യാ ഓർക്കുക. ക്രിസ്തുദേവന്റെ ദർശനത്തിൽ കണ്ണീർതൂകിയിട്ടു് അദ്ദേഹത്തിൽതന്നെ സ്വന്തം ആശയം പററി താപസംഹാരത്തിനുവേണ്ട താപസവൃത്തി സ്വീകരിച്ച മറിയത്തിന്റെ പരിവത്തനം,

"ഒററനാൾകൊണ്ടേതാക്കെമാറി മറിഞ്ഞിവൾ
മറെറാരു ജന്മം ജനിച്ചപോലായ്" എന്നേ വള്ളത്തോളിനു വിശദീകരിക്കുവാൻ കഴിഞ്ഞൊള്ളൂ. എന്നാൽ ആശാനാകട്ടെ, "അപാകൃതങ്ങളായ അംഗങ്ങളോടുകൂടിയ ആ അശരണയ്ക്കു" "സാരമില്ലെടോ നിന്റിഷ്ടം സഹജേ! എന്നുള്ള സാന്ത്വനവാക്കുകളാൽ അന്തഃകരണത്തിൽ" ശരണത്താങ്ങൾ അണിയിച്ചു കൊടുക്കുകയാണു ചെയ്തതു്. അപ്പോൾ അവൾക്കുണ്ടായ പരിവത്തനം ആശാൻ ഇങ്ങനെ വർണ്ണിക്കുന്നു—

"നിറഞ്ഞുതൽക്ഷണമൊരു നവതേജസ്സുമുഖ-
ത്തിൽ
മറഞ്ഞുപോയ് മുമ്പു കണ്ട ശോകരേഖകൾ."

എന്നുമാത്രമല്ല,

"പറയാവതല്ലാത്തൊരു പരമാനന്ദരസത്തി-
ന്നുറവായവൾക്കു തോന്നിയവളെത്തന്നെ."

ഇങ്ങനെയുള്ള ഭാഗങ്ങളുടെ നിഷ്പക്ഷനിരീക്ഷണത്തിൽ കരുണയുടെ കാൽത്തളിർ കുമ്പിടാനേ മഗ്ദലനമറിയത്തിനർഹതയുള്ളൂ എന്നു തെളിയും—

'സാത്വികഭക്തിയോടു' കൂടിയ പ്രാത്ഥനാപദങ്ങൾ ഉച്ചരിച്ചുകൊണ്ടു ക്രിസ്തുവിന്റെ ദണ്ഡനമസ്കാരം ചെയ്യുന്ന മറിയത്തിനെ

"ആ മണിത്തൃക്കഴൽ ചുംബിച്ചിതോമലാൾ
താമരത്താരൊരു ഹംസിപോലെ." എന്നും പിന്നീടുണ്ടായ അവിടത്തെ അവസ്ഥാന്തരത്തെ,

"ചുററുമൊരാനന്ദശാന്തത ചേന്നിതു,
മുററുമനങ്ങാതായ് ദീപനാളം.
ചന്ദ്രസ്സന്നിഭനക്ഷത്രമദ്ധ്യത്തിൽ
നിന്നുവിളങ്ങിനാനൊന്നുകൂടി—" എന്നും

ആണു വർണ്ണിച്ചിരിക്കുന്നതു്. ഭക്തസംവദ്ധകമായ ഘട്ടത്തിലെ ചുംബനത്തോടനുബന്ധിച്ചുള്ള 'മണിത്തൃക്കഴലും, താമരത്താരും, ഹംസിയുമെല്ലാം ശൃംഗാരസ്മരണമുണ്ടാക്കുന്നു. എഴുത്തച്ഛൻകാലത്തിലെ സാഹിത്യരീതി ഇക്കാലത്തു ഒരുപ്രകാരത്തിലും യോജിക്കുകയില്ല. ഇങ്ങനെയുള്ള പ്രമാദങ്ങളൊന്നും കരുണയിൽ ആശാനു സംഭവിക്കുന്നില്ലെന്നു തീത്തുപറയാം. അത്തരം ഘട്ടങ്ങളിൽ,

"തിരിയെയുമവളുപഗുപ്തനെയൊന്നുപകാര-
സ്മരണസൂക്തങ്ങൾപാടും മിഴിയാൽ നോക്കി."

എന്നേ ആശാൻ പറയുന്നുള്ളൂ.

"ക്രിസ്തുവാം കൃഷ്ണന്റെ ധമ്മോപദേശമാം
നിസ്തുലമാമൊരു വേണുഗാനം." ശ്രവിച്ചു മറിയം-

"വൃന്ദാവനത്തിലെ മാൻപേടപോലെനി-
ഷ്പന്ദമായ് നിന്നു മുഹൂർത്തം" ഈ വിവരണം ഭാഷായോഷയ്ക്കലങ്കാരമാകുന്നുണ്ടെങ്കിലും, അലങ്കാരഹിതവും അത്ഥരഹിതവുമായ വേണുഗാനത്തോടു അത്ഥസമ്പൂണ്ണമായ ക്രിസ്തുവിന്റെ ധമ്മോപദേശപ്രബോധനങ്ങളെ സാദൃശ്യപ്പെടുത്തിയതു കഷ്ടമായിപ്പോയി. നിന്ദിതയായ മറിയത്തിനെ മാൻപേടയോടു സമാനപ്പെടുത്തിയതു പൊരുത്തപ്പെടാവുന്നതാണെങ്കിലും മറേറതു തീരെ വയ്യാത്തതുതന്നെ.

"കേഴുക കേഴുക മാദ്ഗ്യ മറിയമേ
കേഴുവോക്കാശ്വാസമേകുമീശൻ"

മറിയയ്ക്കു വള്ളത്തോൾ നൾകുന്ന ഈ ആശ്വാസസൂക്തിയെക്കാൾ എത്രമടങ്ങു സാരഗർഭവും ആലോചനാമൃതവുമായതാണു് ആശാൻ വാസവദത്തയ്ക്കു കൊടുക്കുന്നതെന്നു ശ്രദ്ധിക്കുക—

"പാശപവിത്രങ്ങളാണീ പാശങ്ങൾ ഭൂവിൽ
നമ്മൾ
വാസവദത്തേ കരത്താൽ വെടിപ്പല്ലെടോ—
കരയായ്ക ഭഗിനി നീ കളക ഭീരുത ശാന്തിവരും-

ഇങ്ങനെ യുക്തിക്കും, അത്ഥത്തിനും പ്രതിപാദനത്തിനുമെന്നുവേണ്ട യാതൊരു പാകദോഷവും സംഭവിക്കാത്ത സകല സാഹിത്യരീതികൾക്കും ആധാരമായ കരുണയ്ക്കും, മഗ്ദലനമറിയത്തിനും തമ്മിൽ, ഇരുൾപ്പടർച്ചയെ നിശ്ശേഷം ഇല്ലാതാക്കുന്ന സൂര്യപ്രകാശത്തിനും ഇരുൾക്കൂട്ടത്തെ അങ്ങിങ്ങു സൃഷ്ടിക്കുന്ന ചന്ദ്രപ്രകാശത്തിനും ഉള്ള അന്തരം കല്പിച്ചേ മതിയാവൂ.

---

# പുതിയ കഥാപുസ്തകങ്ങള്‍.

സുഭഗസുന്ദരമായ കലാവിലാസം. വികാരോത്തേജകമായ വര്‍ണ്ണനാവൈചിത്ര്യം. അനുഭവരസികത നിറഞ്ഞ കഥാശില്പം. ലളിതകോമളമായ ഭാഷാപ്രയോഗം. എല്ലാമിണങ്ങിച്ചേര്‍ന്ന—എസ്. കെ. ആര്‍. കമ്മത്തിന്റെ—൧൧ പ്രധാന കഥകള്‍.

**പൂച്ചോല.** 1 രൂ. 4 ണ.

ആജീവനാന്തം പ്രഭുകുടുംബത്തെ സേവിച്ച് കള്ളനെന്ന പേരില്‍ പറഞ്ഞയക്കപ്പെട്ട ശങ്കരന്‍നായര്‍; ജന്മവസ്തു നശിച്ച്, മാതൃമരണം സഹിച്ച്, യാതനകളില്‍ മനമുരുകി, നിരപരാധിയായിരുന്നിട്ടും നിയമദൃഷ്ട്യാ സ്വന്തം സന്താനത്തിന്റെ ഘാതകനായി, മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട തേവന്‍;.....എന്നിങ്ങനെ ഹൃദയാലുക്കളെ ബാഷ്പാകുലരാക്കുന്ന ജീവിതാനുഭവങ്ങളെ ചിത്രീകരിച്ചുകൊണ്ടുള്ള ജി. പി. കെ. കടക്കരപ്പള്ളിയുടെ ൭ കഥകള്‍.

**അശ്രുധാര.** 1 രൂ.

അജ്ഞാതകവയിത്രി, ചേട്ടന്‍, സന്യാസിനി, യാതന, സ്ത്രീത്വത്തിനു മുമ്പില്‍, ഉന്മാദിനി, അപരാധിനി, നഴ്സ് എന്നിങ്ങനെ കാലദേശാവസ്ഥകളുടെ സജീവചിത്രങ്ങള്‍ പ്രതിഫലിപ്പിക്കുന്ന കമുകറ എല്‍. ലീലാബായിയുടെ ൮ കഥകള്‍.

**ലീലാഞ്ജലി.** 1 രൂ. 4 ണ.

മറുകയ്യില്‍ പോയ പണം, യമുന, വൈരനിര്യാതനം, ക്ഷത്രിയന്റെ അശാപം, എന്റെ അനുജന്‍ — ശ്രീമതി സ്വര്‍ണ്ണകുമാരീദേവിയുടെ പ്രശസ്തങ്ങളായ ൭ കഥകള്‍.

**കഥാകുസുമങ്ങള്‍.** 8. ണ

എഡ്ഗര്‍ വാലസിന്റെ ഡിറക്റ്റീവ് നോവല്‍.
സാഹിത്യകുശലന്‍ ഏ. ഡി. ഹരിശര്‍മ്മ M. R. A. S. ന്റെ തര്‍ജ്ജമ.

**മലഞ്ചരിവിലെ ഭൂതം.** 10 ണ.

ഭാര്യ, അമ്മ എന്നീ വിപരീതശക്തികള്‍ക്കിടയില്‍പ്പെട്ടു ഞെരുങ്ങുന്ന ഒരു യുവാവ്. ക്ഷമാമൂര്‍ത്തിയായ ഭാര്യ, തൊട്ടതിനും പിടിച്ചതിനും മരുമകളെ പഴിക്കുന്ന അമ്മായിഅമ്മ, അവളുടെ പാവയായ കിഴവന്‍ഭര്‍ത്താവ്. എല്ലാം ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു.

**അമ്മായിഅമ്മ.** (പുതിയ പതിപ്പ്) 4 ണ.

അബലതയുടെ ചാപലതയും, സ്ത്രീലമ്പടന്മാരുടെ കുടിലതയും ചേര്‍ന്നാല്‍ എന്തുതന്നെ സംഭവിക്കയില്ല? പാവം! രവി, നിഷ്കളങ്കനായ അവന്റെ ദുര്‍വ്വിധി—

**അപരാധിനി.** 4 ണ.

പ്രേമനൈരാശ്യത്തിനു പററിയ മരുന്നോ ആത്മഹത്യ? പ്രേമവും കാമവും—അടിസ്ഥാനമില്ലാത്ത ദുശ്ശങ്ക യാതനാജനകമല്ലേ? വായനക്കാര്‍ വിധിക്കട്ടെ.

**പ്രേമമുദ്ര.** 6 ണ.

പരാജിതനായ ഒരു പ്രേമിയുടെ ആത്മകഥാകഥനം.

**അംബുജം.** 3 ണ.

മാനേജര്‍,

## ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ,

തുറവൂര്‍ A. O. കുത്തിയതോട് P. O.

ചെറുകഥ.

# കമലാവതി.

(ഗുജ്ജരദേശത്തെ വീരകന്യക)

(മാന്നാർ ഗോപാലൻനായർ, ബി. എ. ബി. എൽ.)

പ്രസിദ്ധമായ സോമനാഥക്ഷേത്രത്തിന്റെ സുവർണ്ണസ്തൂപികകൾ അസ്തമനസൂര്യന്റെ ചെങ്കതിരുകൾ തട്ടി പ്രശോഭിച്ചിരുന്നു. അവയിൽനിന്നും പ്രസരിച്ച കാന്തികന്ദളം * ഗുജ്ജരദേശത്തിന്റെ— അഥവാ ഹൈന്ദവഭാരതത്തിന്റെ—ഐശ്വര്യമഹിമയെപ്പററി ഗസ്നിയിലെ സുൽത്താൻ മഹമ്മദിന്റെ കണ്ണുകളിൽ മന്ത്രിച്ചു.

ഒരു തോണി ഗുജ്ജരത്തിന്റെ പടിഞ്ഞാറേ തീരത്തേക്കു സാവധാനത്തിൽ സമീപിക്കുന്നു. നാവികർ ഹിന്ദുക്കളും യാത്രക്കാർ ആറു പേരും ഹൈന്ദവവേഷം ധരിച്ചിട്ടുള്ളവരുമാണ്. യാത്രക്കാരിൽ നാലുപേർ തോണിയുടെ വളപ്പുരയുടെ ഉള്ളിലും രണ്ടു പേർ വെളിയിലും ഇരിക്കുന്നു. വെളിയിൽ ഇരിക്കുന്നവരിൽ ഒരാൾ പറഞ്ഞു:—

"രുസ്തം! അതാ ആ കര നോക്കു. അതു തന്നെയോ ഗുർജ്ജരദേശം.

പ്രഭോ! അതുതന്നെ.

സത്യംതന്നെയോ രുസ്തം. ഹാ! ഇതൊരു സ്വർഗ്ഗഭൂമിയാണ്. നോക്കുക. ഗഗനനീലിമയെ സ്പർശിക്കുന്ന ആ പർവ്വതനിരകളുടെ ഗാംഭീര്യം. അതിൽനിന്നു വീശുന്ന മന്ദാനിലൻ ഒരു സഞ്ജീവനിതന്നെ എന്നു തോന്നുന്നു. ഈ പ്രദേശം ധ്വംസിക്കാനാണോ ചെറിയച്ഛൻ ഈ കോപ്പുകളെല്ലാം കൂട്ടുന്നത്.

രുസ്തം:—പ്രഭോ! അതാ. ആ കാണുന്നതു് സോമനാഥക്ഷേത്രമാണ്. അതിൽ വിലതീരാത്ത രത്നങ്ങൾ എത്രയെന്നു് ഒരു കണക്കുമില്ല. സുൽത്താൻസാഹിബ്ബ് അതിൽ കണ്ണുവച്ചിട്ടു കുറച്ചു നാളായി. എന്നാൽ ഗുജ്ജരാധിപൻ അതുലപരാക്രമിയാണ്. അതിനാൽ അവരുടെ സൈന്യബലം അറിയാതെ ആക്രമിച്ചാൽ നാം പരാജയം വരിച്ചേക്കാം. അതു അറിയുന്നതിനല്ലേ നമ്മെത്തന്നെ സുൽത്താൻ നിയോഗിച്ചിട്ടുള്ളതു്."

നൗക കരയ്ക്കടുത്തു യാത്രക്കാർ ഇറങ്ങി. വള്ളക്കാർ സംഭാവനകിട്ടിയ സുവർണ്ണനാണ്യം വാങ്ങി പിരിഞ്ഞു. യാത്രക്കാർ ഒരു ശിലാതലത്തിൽ വിശ്രമിച്ചു. ഗസ്നിയുടെ സഹോദരപുത്രനായ ഷാജമാലും സേനാപതി രുസ്തവും ഭൃത്യന്മാരും ആയിരുന്നു ആ തോണി വഹിച്ചിരുന്ന യാത്രക്കാർ.

* * *

സോമനാഥക്ഷേത്രത്തിൽ നിന്നും ദീപാരാധനയുടെ മംഗളധ്വനി മുഴങ്ങി. മണികളുടെയും പെരുമ്പറയുടെയും ശബ്ദംകൊണ്ടു് ആകാശം മുഖരിതമായി. "പാടീരവരപുഷ്പകർപ്പൂരധൂപാദ്യത്തിൽ പ്രൗഢമാം പരിമളം" നാലുഭാഗത്തും വീശി. വൈദികരായ ബ്രാഹ്മണരുടെ മധുരമായ സോമനാഥസ്തുതികളാൽ അന്തരീക്ഷം മാറെറാലികൊണ്ടു. ആകപ്പാടെ നിർവൃതിദായകമായ ഒരന്തരീക്ഷത്തിൽ ഒരു മുസൽമാനായിരുന്ന ജമാൽപോലും അത്ഭുതസ്തബ്ധനായി കുറച്ചുനേരം അവിടത്തന്നെ ഇരുന്നുപോയി.

രുസ്തം പറഞ്ഞു:—കുമാരാ! നേരം ഇരുട്ടുന്നു. നമുക്കു് വല്ല അഭയകേന്ദ്രവും കണ്ടുപിടിക്കണം. സുൽത്താനും അതുതന്നെയല്ലേ പറഞ്ഞിട്ടുള്ളതു്.

ജമാൽ:—ശരി. സുൽത്താന്റെ കാര്യം ഉറക്കെ പറയാതിരിക്കു! ആരെങ്കിലും കേട്ടാൽ—

* ഇപ്പോഴത്തെ ഗുജറാത്ത്.

രുസ്തം. നമുക്കെങ്ങും പോകണ്ട. ഈ നഗരത്തിൽ ഇതിലും നല്ലസ്ഥലം കിട്ടുമോ. നമുക്ക് ഇവിടത്തന്നെ വിശ്രമിക്കാം. നോക്കു ഈ ദേശത്തുള്ള നക്ഷത്രങ്ങൾക്കു പോലും എന്തു വർണ്ണവൈചിത്ര്യം. മഞ്ഞ, ചുവപ്പ്, വെളുപ്പ് എന്നിങ്ങനെ പലനിറത്തിലും. നഭോമണ്ഡലം എന്തുജ്ജ്വലമായിരിക്കുന്നു.

രുസ്തം:—പ്രഭോ! അവ നക്ഷത്രങ്ങളല്ല. സോമനാഥക്ഷേത്രത്തിന്റെ ഗോപുരശിരോഭാഗത്തു തിളങ്ങുന്ന രത്നസമൂഹങ്ങളാണ്.

ജമാൽ:—സത്യംതന്നയോ വെളിയിൽ തന്നെ ഇത്രയുമുണ്ടെങ്കിൽ ഉള്ളിൽ എത്ര ഉണ്ടായിരിക്കും. രുസ്തം! ഇത്തരത്തിലുള്ള കാഴ്ച നിങ്ങൾ എവിടെങ്കിലും കണ്ടിട്ടുണ്ടോ?

രുസ്തം:—കുമാരാ! ഭവനൊരിടത്തും ഈ കാഴ്ച കാണാൻ സാദ്ധ്യമല്ലാ. അതാണ് സുൽത്താൻ ഇതു് കൈവശപ്പെടുത്താൻ ആഗ്രഹിക്കുന്നതു്. നാം വന്നിരിക്കുന്നതു ഗൂഢമായി അതിന്റെ സാദ്ധ്യതയെപ്പററി അറിയുന്നതിനല്ലേ?

ജമാൽ:—രുസ്തം—എന്തു പറയുന്നു. പ്രകൃതിസുന്ദരമായ ഈ ദേശത്തെ നാം നശിപ്പിക്കുമെന്നോ. ശാന്തവും ഗംഭീരവും ആയ ഈ ദേശം നാം രക്തപങ്കിലമാക്കാനുള്ളതല്ല.

രുസ്തംഖാന് അല്പാല്പം ദേഷ്യംവന്നുതുടങ്ങി. പക്ഷേ കുമാരനോട് എന്തു പറയാനാണ്. കുമാരൻ തുടർന്നു. "രുസ്തം! സുൽത്താന്റെ ഭോഗതൃഷ്ണയാണ് ഈ ഭാരതത്തെ രക്തപങ്കിലമാക്കിയതു്—ഈ പുണ്യഭൂമിയെ പലപ്രാവശ്യം കുരുതിക്കളമാക്കിയതു്. എനിക്കാ ഹൃദയകാർക്കശ്യം ഉണ്ടാകുന്നില്ല. ഞാൻ അഫ്ഗാനിസ്ഥാൻകൊണ്ടു് തൃപ്തിപ്പെട്ടുകൊള്ളാം.

രുസ്തം:—ഗംഭീരസ്വരത്തിൽ പറഞ്ഞു—"പ്രഭോ! അങ്ങെന്താണീ പറയുന്നതു്. പോരുമ്പോൾ സുൽത്താൻ തന്റെ വാളിനെ തൊട്ടുകൊണ്ടു് അനുഗ്രഹത്തിന്റെ ആജ്ഞ പാലിക്കാമെന്നു സത്യം ചെയ്തില്ലേ? അങ്ങു് ഈ വാളിന്റെ ഗൗരവത്തെ രക്ഷിക്കയില്ലേ?

ജമാൽ:—രുസ്തം ഞാൻ എന്റെ വിവേകത്തെ സുൽത്താനു് വിററിട്ടില്ല. സുൽത്താനു് എന്റെ ദേഹത്തിൽ പൂർണ്ണാധികാരമുണ്ടു്. എന്നെ വധിച്ചു് എന്റെ ശരീരം അദ്ദേഹം നായ്ക്കളിരയാക്കാം. എന്നാൽ എന്റെ വിവേകത്തിനു വിപരീതമായി ഞാൻ പ്രവർത്തിക്കുകയില്ല. ഇതാ—ഈ വാൾകൊണ്ടുപോയി സുൽത്താനെ ഏല്പിച്ചു്, ജമാൽ ഇനി അഫ്ഗാനിസ്ഥാനിലേക്കു മടങ്ങുന്നില്ലെന്നു് പറയണം."—

രുസ്തം നിശ്ശബ്ദനായിരുന്നു. ജമാൽ വീണ്ടും പറഞ്ഞു. "രുസ്തം—എന്തു് നിങ്ങളുടെ ഹൃദയത്തിൽ ഖേദമില്ലേ? സ്വാതന്ത്ര്യത്തിന്റെ മടിത്തട്ടിൽ വളർന്ന ഒരു തേജസ്വിയായ അഫ്ഗാനല്ലേ നിങ്ങൾ. ഈ സ്വാതന്ത്ര്യദേശത്തെ രക്തപങ്കിലമാക്കിയിട്ടു വേണോ സുൽത്താനു ജീവിക്കാൻ എന്നു് നിങ്ങൾക്കു ചിന്തിക്കരുതോ."

ഹൈന്ദവവിരോധിയായ സുൽത്താന്റെ വലംകയ്യായിനിന്നു് ഹൈന്ദവഭാരതത്തെ പലവുരു കൊള്ളയടിച്ച രുസ്തംഖാനുണ്ടോ ഭാവനാസമ്പന്നനായ ഈ കുമാരന്റെ മനോഗതിയിൽ ലയിക്കാൻ പോകുന്നു. അയാൾ ചോദിച്ചു.

"കുമാരാ! പിന്നെ അങ്ങു് എന്തു ചെയ്യാൻ പോകുന്നു."

ജമാൽ:—രുസ്തം! ഹിന്ദുക്കൾ അഭയാർത്ഥികളെ രക്ഷിക്കുന്നവരെന്നു പ്രസിദ്ധമല്ലേ. അതിനാൽ ഗുജ്ജരത്തിലെ രാജാവു് നമ്മേ രക്ഷിക്കയില്ലേ!

രുസ്തം:—കോപിഷ്ഠനായി പറഞ്ഞു. "കുമാരാ! ഇതു് വിശ്വാസപാതകമാണു്?

ജമാൽ:—എന്തു പറഞ്ഞു രുസ്തം. അന്യായത്തെ എതിർക്കുന്നതു് വിശ്വാസപാതകമോ. നിങ്ങൾ ആരോടാണു് സംസാരിക്കുന്നതെന്നറിയാമോ?" വാളിന്റെ പിടിയിൽ കൈവച്ചു പെട്ടെന്നു വാളൂരി.

ഉത്തരക്ഷണത്തിൽ പുറകിൽനിന്നു് ആ വാളും കയ്യുംകൂടി ആരോ പിടിച്ചു. ജമാൽ തിരിഞ്ഞു നോക്കി.

ഒരു രമണി. വിശേഷിച്ചും ഒരു സുന്ദരി. സ്ത്രീത്വവും ധൈര്യവും തമ്മിൽ പൊരുത്തമില്ലെന്നു ധരിച്ചിരുന്ന ജമാൽ അത്ഭുതസ്തബ്ധനായിനിന്നു.

അവർ പറഞ്ഞു:—ഗുജ്ജരത്തിലെ താഴ്വരകൾ വിദേശീയരുടെ രക്തത്താൽ പങ്കിലമാകാൻ പാടില്ല. അതാണു ഞാൻ വാൾ പിടിച്ചതു്.

ജമാൽ:—ഞങ്ങൾ വിദേശീയരാണെന്നു് എങ്ങിനെ തീർച്ചപ്പെടുത്തി.

അവർ:—നിങ്ങളുടെ പ്രവൃത്തികൊണ്ടുതന്നെ. ആയിരം ഭിന്നതകൾ ഉണ്ടായാലും ഈ മണ്ണിലെ സന്താനങ്ങൾ മിത്രരക്തംകൊണ്ടു് ഈ ഭൂമിയെ മലിനപ്പെടുത്തുകില്ല.

ജമാൽ:—നിങ്ങൾ ആരു്?

അവർ:—ഞാൻ സോമനാഥൻെറ ഒരു എളിയ സേവിക.

ജമാൽ:—നിങ്ങൾ ഞങ്ങൾ സംസാരിച്ചതു കേട്ടോ.

അവർ:—കേട്ടു. കഥകൾ മനസ്സിലായി.

ജമാൽ:—ഞങ്ങൾ ആരാണു്?

അവർ:—നിങ്ങൾ ഗുജ്ജരദേശത്തിൻെറ ശത്രുക്കൾ.

ജമാൽ:—ഞങ്ങൾ കാശ്മീരവാസികളായ രണ്ടു യാത്രക്കാരാണു്.

അവർ:—അല്ല. രജപുത്രസ്ത്രീകളെ കളിപ്പിക്കാൻ അത്ര എളുപ്പമല്ല. നിങ്ങൾ ഗസ്നിയുടെ സഹോദരപുത്രൻ, ജമാൽ. ഇയാൾ നിങ്ങളുടെ സേനാനി റുസ്തം.

ജമാൽ:—നിങ്ങളുടെകൂടെ ആരുണ്ടു്?

അവർ:—ഞാൻ മാത്രം.

ജമാൽ:—നിങ്ങൾതന്നെയോ. അതിശയം. നിങ്ങൾ ഒരു സ്ത്രീ. വിശേഷിച്ചും രൂപവതി. തനിയെ നടക്കുന്നതിനു ഭയമില്ലേ?

അവർ:—ഇതു് സ്വാതന്ത്ര്യമായ ഗുജ്ജരമാണു്. ഇവിടെ സ്ത്രീകൾ സ്വാതന്ത്ര്യമായി നടക്കുന്നതിൽ ആശങ്കയ്ക്കു വഴിയില്ല.

ജമാൽ:—നിങ്ങളെപ്പററി കൂടുതൽ പരിചയം ആവശ്യമാണു്. നിങ്ങൾ ആരെന്നു പറയണം.

അവർ:—ഞാൻ സോമനാഥൻെറ ഒരു വിനീതസേവകയാണെന്നു പറഞ്ഞില്ലേ. കൂടുതൽ പറയാൻ സാദ്ധ്യമല്ല.

ജമാൽ:—പറഞ്ഞില്ലെങ്കിൽ ആപത്താണു്.

അവർ:—നിങ്ങൾ അഫ്ഗാനിസ്താനിലെ വീരന്മാർ, സ്ത്രീകളുടെ മേൽ അക്രമം നടത്തുന്ന ശൂരന്മാരായിരിക്കും

റുസ്തം വാളൂരി. വാളിനു കടന്നു പിടിച്ചു് വാങ്ങി അവർ ഒരേറുകൊടുത്തു

റുസ്തം:—പ്രഭോ! നമുക്കു പോകാം

അവർ:—നിങ്ങൾക്കു പോകാൻ സാദ്ധ്യമല്ല. നിങ്ങൾ ഗുജ്ജരദേശത്തിൽ അതിഥികളാണു്. ശത്രുക്കളായാലും അതിഥിയായിവന്നാൽ സൽക്കാരം ചെയ്യുക എന്നതു് ഹിന്ദുക്കളുടെ ധർമ്മമാണു്.

ജമാൽ:—ഞങ്ങൾ വന്നില്ലെങ്കിൽ—

അവർ:—വന്നില്ലെങ്കിൽ കൊണ്ടുപോകും. അവർ ഒരു ശംഖു എടുത്തു വിളിച്ചു. 200 പേർ—സൈനികർ ഉടനെ അവളുടെ മുന്നിൽ എത്തി. അവർ ചോദിച്ചു. “ദേവി! ഞങ്ങൾ എന്തുവേണം”

“നിങ്ങൾ എന്തുചെയ്യുന്നു എന്നറിയാൻ വിളിച്ചതാണു്. തിരിയെ പോകുവിൻ” എല്ലാവരും പോയി.

ജമാലും റുസ്തവും നഷ്ടപ്രജ്ഞരായി നിന്നനില്പിൽ നിന്നു. അസാമാന്യയായ ഈ യുവതിയുടെ വാഗ്വൈഭവത്തിലും സാമർത്ഥ്യത്തിലും അവർ അത്ഭുതാധീനരായി. ജമാൽ പറഞ്ഞു. “ഞങ്ങൾ വരാം”

അവർ “വരിൻ” എന്നു പറഞ്ഞു മുന്നോട്ടു നടന്നുതുടങ്ങി.

അവർ പിന്തുടർന്നു. ഒരു സജ്ജീകരണ സംവിധാനമായ മുറിയിൽ അവർ പ്രവേശിപ്പിക്കപ്പെട്ടു.

“ഭൈരവൻ,” “ഭൈരവൻ” എന്നു് അവർ ഉറക്കെ വിളിച്ചു. ഒരു ദീർഘകായനായ മനുഷ്യൻ പ്രത്യക്ഷനായി താണുതൊഴുതു. “ഭൈരവൻ, ഇവർ ഇന്നു് നമ്മുടെ അതിഥിയാണു്. ഇവർക്കു് വേണ്ട ആഹാരങ്ങൾ കൊടുത്തു് വി

ശ്രമിപ്പിച്ചു്, നേരം വെളുക്കുന്നതിനു മുമ്പു് വഞ്ചിയിൽ കയററി അക്കരവിട്ടിട്ടുവരണം”

അവൾ ഒരു വിദ്യുൽലതികപോലെ മറഞ്ഞു.

ജമാൽ മുന്നോട്ടുനോക്കി കുറച്ചുനേരം ഇരുന്നു, അവൾ പോയവഴിയേ. ഇരുട്ടിൽകൂടി അവൾ പാഞ്ഞുപോയ വഴിയിൽ ഒരു നേരിയ സുവർണ്ണരേഖ വീണിട്ടുണ്ടോ എന്നവൻ സംശയിച്ചു.

വിഭവസമൃദ്ധമായ ആഹാരവും കഴിച്ചു് അതിഥികൾ രണ്ടുപേരും ഉറങ്ങാൻ കിടന്നു. രുസ്തം കൂർക്കംവലിച്ചു തുടങ്ങി. ജമാലിനെ നിദ്രാദേവി തഴുകിയില്ല. അവന്റെ ഭാവനകൾ ആ കോമളയായ തരുണീമണിയുടെ ചുററും പറന്നു നടന്നു. ഹിന്ദുക്കളെപ്പററി പല അത്ഭുതകഥകളും അദ്ദേഹം കേട്ടിട്ടുണ്ടു്. രജപുത്രരമണികളുടെ രൂപലാവണ്യത്തെപ്പററി വർണ്ണിച്ചുള്ള പല കവിതകളും അദ്ദേഹം ചൊല്ലിക്കേട്ടിട്ടുണ്ടു്. അതൊക്കെ അതിശയോക്തിയിൽ പൊതിഞ്ഞവയാണെന്നു ധരിച്ചിരുന്നു. എന്നാൽ ഇപ്പോൾ അതെല്ലാം യഥാർത്ഥമാണെന്നു ബോദ്ധ്യപ്പെട്ടു. അയാൾ കിടക്കയിൽ കിടന്നുരുളുകമാത്രം ചെയ്തു.

നാലുനാഴിക വെളുപ്പിനു് ഭൈരവൻ അവരെ ഉണർത്തി “വള്ളം തയ്യാറായി” എന്നു പറഞ്ഞു.

ജമാൽ:—ഞങ്ങളുടെ ആതിഥേയി എവിടെ? അവരോടു യാത്രപറയാതെ പോകുന്നതു് ഉചിതമല്ല. ഞങ്ങളുടെ നാട്ടിൽ നടപ്പുമില്ല.

ഒരു കളശിഞ്ജിതം അവരുടെ പുറകിൽ കേട്ടു

“നിങ്ങൾക്കു പോകാം. ഞാൻ യാത്ര അയയ്ക്കാൻ വന്നതാണു്. ഗുജ്ജരറാണിയിൽ കളങ്കമാരോപിക്കാൻ സാദ്ധ്യമല്ല”

ഗുജ്ജരറാണിയോ! ജമാൽ പിറുപിറുത്തു. അപ്പോൾ നാലുദിക്കിലും പുകൾപെററ വീരരജപുത്രരമണി കമലാവതിയാണോ തങ്ങളുടെ ആതിഥേയി ആയിരുന്നതു്. ജമാൽ അത്ഭുതപ്പെട്ടു. ശത്രുക്കളാണെന്നറിഞ്ഞിട്ടും ആതിഥേയമര്യാദയിൽ സൽക്കരിച്ചിട്ടു് കപടം ഒന്നും കൂടാതെ വിട്ടയക്കുന്ന ഹൈന്ദവാദർശത്തെ അദ്ദേഹം അഭിനന്ദിച്ചു.

* * * * *

അതിഥികളെ യാത്ര അയച്ചശേഷം ഭൈരവൻ തിരിയെവന്നു് കുമാരിയെ വണങ്ങി. വള്ളത്തിൽ വച്ചു് അവർ പശ്തോഭാഷയിൽ എന്തോസംസാരിച്ചെന്നും, “സോമനാഥം” കമലാവതി എന്നെല്ലാം പലവുരു പറഞ്ഞെന്നും, അവൻ പറഞ്ഞു. ഗസ്നി താമസിയാതെ ഗുജ്ജരം ആക്രമിക്കുമെന്നു് താൻ സന്ദേഹിക്കുന്നതായി അവൻ റാണിയെ അറിയിച്ചു. രാജകുമാരി ചിന്താധീനയായി.

* * * * *

“ജമാൽ! ഗുജ്ജരത്തിലെ സൈനികബലം എത്രവരും” എന്നു ചോദിച്ചുകൊണ്ടു് ഗസ്നി മുറിയിൽ വന്നപ്പോഴാണു് ജമാൽ തന്റെ ചിന്തകളിൽനിന്നുണർന്നതു്.

“അയ്യായിരം. എന്നാൽ അവരെ തോല്പിക്കുന്നതിനു് പതിനായിരം സൈനികരുണ്ടെങ്കിലേ സാദ്ധ്യമാകൂ. അവിടത്തെ സ്ത്രീകളും യുദ്ധവീരരാണു്” ജമാൽ ഞെട്ടി എഴുന്നേററു പറഞ്ഞു.

അതിൽ അന്തർഭവിച്ചിരുന്ന ധ്വനി ബുദ്ധിമാനായ ഗസ്നിമനസ്സിലാക്കി.

“ആകട്ടെ പതിനായിരമെങ്കിൽ പതിനായിരം സൈന്യത്തെയുംകൊണ്ടു് ഉടൻ പുറപ്പെടണം. നാളെ വെളുക്കുന്നതിനു മുമ്പു് ഗുജ്ജരത്തിൽ എത്തി; സോമനാഥക്ഷേത്രത്തെ ആക്രമിച്ചു നിലംപതിപ്പിക്കണം.”

ജമാൽ:—ആജ്ഞപോലെ ഇതാ ഇപ്പോൾ തന്നെ പുറപ്പെടുന്നു.

ഗസ്നി:—ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കണം. അവിടെ കമലാവതി എന്ന രാജകുമാരിയുണ്ടു്. അവളെ ജീവനോടു പിടിച്ചു് എന്റെ മുമ്പാകെ ഹാജരാക്കണം.

ജമാൽ ഒന്നുഞെട്ടി. തന്റെ സകല ആശാസൗധത്തിന്റെയും മേലുള്ള ഒരു വജ്രപാതം ആയിരുന്നു അതു്. ദസ്താഖാനിൽനിന്നും കമ

വതിയുടെ സകലവിവരങ്ങളും സുൽത്താൻ ഗ്രഹിച്ചിരിക്കുന്നു. തന്റെ ആശാലതയുടെ വേരുമാന്തിയെടുത്ത ആ വാചകം മുഴുവൻ ജമാൽ കേട്ടില്ല. ഗുജ്ജരാത്തെ ആക്രമിക്കണമെന്നുള്ള ഏകപ്രചോദനം കമലാവതിയെ സ്വാധീനമാക്കണമെന്നുള്ളതായിരുന്നു. എന്നാൽ ഇപ്പോളിതാ അതിന്റെ അവകാശിയായി വേറൊരാൾ എത്തിയിരിക്കുന്നു. പക്ഷെ രാജശാസനത്തിനു മുമ്പിൽ നമിക്കാതെ നിവൃത്തിയുണ്ടോ?

* * * * *

ആ ഭയങ്കരമായ യുദ്ധത്തിൽ ഗുജ്ജരസൈന്യം അശേഷം ചത്തൊടുങ്ങി. വിഭവപൂർണ്ണമായ സോമനാഥക്ഷേത്രം നിലംപതിച്ചു. അതിലെ രത്നങ്ങൾ വിജയഘോഷത്തിൽ മദോന്മത്തരായ ഗസ്നിസൈന്യങ്ങൾ അപഹരിച്ചു. പക്ഷെ ജമാലിന്റെ ദൃഷ്ടികൾ വീണ്ടും ഏതിനെയോ തിരഞ്ഞുകൊണ്ടിരുന്നു. അമൂല്യവും അസുലഭവും ആയ ഒരു രത്നത്തെ.

സോമനാഥക്ഷേത്രത്തിനു മുൻവശമുള്ള വിസ്തൃതമായ മൈതാനം രജപുത്രവീരന്മാരുടെ ശവശരീരങ്ങൾകൊണ്ടു് നിബിഡമായിരുന്നു. ഗുജ്ജരാധിപൻ രണത്തിൽ വീരചരമം അടഞ്ഞു.

രാത്രി 12 മണിയായി. ശത്രുക്കളുടെ കൂടാരത്തിലുള്ള വിളക്കും അണഞ്ഞിരുന്നു. യുദ്ധഭൂമിയിൽ മരിച്ചുവീണ പ്രിയപിതാവിന്റെ മൃതദേഹം കണ്ടെടുത്തു് സംസ്കരിച്ചശേഷം ഉടനടി ചാടാനായി കമലാവതി തനിയെ ആ മൃതശരീരങ്ങളുടെ ഇടയിൽക്കൂടി സഞ്ചരിച്ചു. ചന്ദ്രന്റെ ഒരു അരണ്ട വെളിച്ചം മാത്രമുണ്ടായിരുന്നു. ശവശരീരങ്ങൾ തിരിച്ചും മറിച്ചും നോക്കി അവൾ അല്പം ക്ഷീണിച്ചു. അപ്പോൾ പുറകിൽ നിന്നും "കുമാരി" എന്ന ഒരു വിളികേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ ജമാൽ അവളെ മധുമന്ദസ്മിതത്താൽ സ്വാഗതം ചെയ്തു. കുമാരിക്കു ആളു മനസ്സിലായി.

കമലാ:—അതെ! ഇതുതന്നെ പ്രത്യുപകാരം ധാരാളം മതിയായി.

ജമാൽ:—ദേവീ! അവിടുത്തെ സന്നിധാനത്തിൽ ഒന്നുകൂടി എത്തിച്ചേരാൻ ഈ നിഷ്ഠുരകർമ്മങ്ങൾ എല്ലാം അനുഷ്ഠിക്കേണ്ടിവന്നു. ഞാൻ കുമാരി കമലാവതിയുടെ ശത്രുവല്ല.

കമലാ:—എന്തു്. നിങ്ങൾ എന്തുപറയുന്നു. എന്റെ സാന്നിദ്ധ്യമോ. അതു് നിങ്ങൾക്കു ഗുണത്തിനു പകരം ദോഷം ചെയ്യുകയേയുള്ളു. ഞാൻ പോകട്ടെ ചില ചടങ്ങുകൾ നിർവ്വഹിക്കാനുണ്ടു്.

ജമാൽ:—ഇല്ല. അതിനു നിവൃത്തിയില്ല. നിങ്ങൾ എന്റെ അതിഥിയാണു്. എന്റെ സൽക്കാരംകഴിഞ്ഞേ പോകാൻ അനുവാദമുള്ളു.

"ച്ഛീ, നായേ. എന്തുപറഞ്ഞെടാ—രജപുത്രസ്ത്രീകൾ മുസൽമാന്റെ അതിഥിയാകാനുള്ള കാലം വരുന്നതേയുള്ളു. ഇപ്പോൾ ആയില്ല"

സിംഹിയെപ്പോലെ മുന്നോട്ടുചാടി ജമാലിന്റെ വിസ്തൃതമായ മാറിൽ കയ്യിൽ ഇരുന്ന കഠാര കുത്തിയിറക്കി. ജമാൽ പിറകോട്ടുവീണു

"നില്ക്കു് നിന്നെ വിടുകില്ല" ഗസ്നിയുടെ ഭയങ്കരശബ്ദം സമീപത്തു മാറ്റൊലിക്കൊണ്ടു. രക്തപങ്കിലമായ കഠാര വലിച്ചൂരി ആ സിംഹി സുൽത്താന്റെ നേരെ പാഞ്ഞു. പ്രാണരക്ഷാർത്ഥം കയ്യിലിരുന്ന തോക്കിലെ ഉണ്ട സുൽത്താൻ ഒഴിച്ചു.

കുമാരി മുന്നോട്ടുകുതിച്ചു് ഒരു ശവശരീരത്തിന്റെ പുറത്തേക്കു വീണു "ഹ! അച്ഛനോ പ്രിയപ്പെട്ട അച്ഛാ! ഞാനും അച്ഛന്റെ കൂടത്തന്നെയുണ്ടു്." ഈ ദേഹത്തെ മുസൽമാൻമാർ മലിന—പ്പെ—ടു—ത്തു—ക—യി—ല്ല."

---

കുലീനകളായ കന്യകകൾ—വൃദ്ധപിതാക്കൾ—സംസ്കാരസമ്പന്നരായ യുവാക്കൾ—വിടാധീനതയിൽപെടാനിടവരുന്ന സാധുയുവതികൾ — സന്മാർഗ്ഗനിഷ്ഠയെ അതിലംഘിക്കുന്ന അവിവേകികൾ തുടങ്ങിയ ആരും വായിച്ചിരിക്കേണ്ട, നാടകവേദിയിലെ ഒന്നാമത്തെ നാടകം

═ സുപ്രഭ ═

ശ്രീമാൻ മുൻഷി പരമുപിള്ള എഴുതിയതു്.
വില രൂ 1.

3-ാംപതിപ്പു് അച്ചടിച്ചു തയ്യാറായിരിക്കുന്നു.
മാനേജർ, വി. വി. പ്രെസ്സ്—കൊല്ലം.

# തിരുവിതാംകൂർ രാജവംശം.

---

വടക്ക് തിരുപ്പതിക്കുന്നുകൾക്കും, തെക്ക് കന്യാകുമാരിക്കും, പടിഞ്ഞാറ് അറബിക്കടലിനും, കിഴക്ക് ഇൻഡ്യൻമഹാസമുദ്രത്തിനും ഇടയ്ക്കുകിടക്കുന്നതും, തമിഴകം എന്നറിയപ്പെട്ടിരുന്നതുമായ ഭൂവിഭാഗത്തെ ഭരണം നടത്തിയ ചേര, ചോള, പാണ്ഡ്യരാജവംശങ്ങളിൽ, ചേരരാജവംശപരമ്പരയിൽപ്പെട്ടതാണ് ഇന്നു തിരുവിതാംകൂർ വാണരുളുന്ന രാജവംശം.

ഈ മൂന്നു രാജവംശങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു് ചേരരാജവംശമാണ്. പ്രസിദ്ധന്മാരായ ദിഗ്വിജയികൾ, ഭാരതീയാദർശങ്ങളുടെ ഉദ്ധാരിപ്പന്മാരായ സംരക്ഷകന്മാർ, ആര്യസംസ്കാരത്തിന്റെയും ദ്രാവിഡസംസ്കാരത്തിന്റെയും രക്ഷാധികാരികൾ എന്നീ നിലകളിൽ ചേരരാജാക്കന്മാർ അനശ്വരമായ പ്രശസ്തി സമാർജ്ജിച്ചു. പാണ്ഡ്യരാജവംശവും ചോളരാജവംശവും നാമാവശേഷമായിട്ടു് കാലം വളരെയായി; എന്നാൽ തിരുവിതാംകൂർ കൊച്ചീ രാജകുടുംബങ്ങൾ, ചേരരാജവംശപരമ്പരയെ ഇന്നും നിലനിർത്തിപ്പോരുന്നു.

ക്രിസ്ത്വബ്ദത്തിന്റെ ആരംഭശതകങ്ങളിൽ ചേരരാജവംശാംഗങ്ങൾ കൊല്ലത്തു താമസമുറപ്പിക്കുകയും, പാണ്ഡ്യന്മാരുടെ ആക്രമണങ്ങളെ തടഞ്ഞുനിർത്തുകയും, കൊല്ലംപട്ടണത്തിന്റെ വാണിജ്യവ്യവസായപ്രാധാന്യത്തെ വർദ്ധിപ്പിക്കുകയും ചെയ്തു. ചേരവംശത്തിന്റെ ഈ കൊല്ലംശാഖയാണ് ക്രിസ്തുവർഷം ൮൨൫-ൽ കൊല്ലവർഷം സമാരംഭിച്ചതു്. തിരുവിതാംകൂർ രാജവംശം ഈ കൊല്ലംശാഖയിൽപെട്ടതാണ്.

കൊല്ലംരാജവംശത്തിന്റെ ഭരണമണ്ഡലം ആദ്യം കന്യാകുമാരിമുതൽ മദ്ധ്യതിരുവിതാംകൂറിലെ കണ്ണേററി എന്ന സ്ഥലംവരെ വ്യാപിച്ചിരുന്നു. അനന്തരം അതു് തിരുവല്ലാവരെ വ്യാപിച്ചു. ഈ രാജ്യവിഭാഗത്തിന്റെ പേരു് കൂപകഖണ്ഡം എന്നായിരുന്നു.

൮൪൯-ൽ കൊല്ലം ഭരിച്ചിരുന്ന അയ്യനടികൾതിരുവടി എന്ന രാജാവു്, കൊല്ലത്തു് ഒരു പള്ളിപണിയുന്നതിനു് സപീർഈശോ എന്ന ഒരു വിദേശീയവണിക്കിനു് ചില സൗജന്യങ്ങൾ ചെയ്തുകൊടുത്തിരുന്നു എന്നതിനു തെളിവായി ചില രേഖകൾ ഇപ്പോഴും കോട്ടയത്തു സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. കാലക്രമത്തിൽ കൊല്ലം രാജവംശം രണ്ടായിപ്പിരിയുകയും ഒന്നു് കൊല്ലത്തുതന്നെ തുടരുകയും മറേറതു് ദക്ഷിണതിരുവിതാംകൂറിൽ കല്ക്കുളം എന്ന സ്ഥലത്തു താമസമാക്കുകയും ചെയ്തു.

രവിവർമ്മൻ കുലശേഖരൻ.

'സംഗ്രാമധീരൻ' എന്ന അപരാഭിധാനത്തോടുകൂടിയ രവിവർമ്മകുലശേഖരൻ എന്ന രാജാവു് ഒരു വലിയ യോദ്ധാവായിരുന്നു. അദ്ദേഹം ൧൨൬൬-ൽ ജനിച്ചു. രാജ്യഭാരം കൈയേററു് അധികകാലം കഴിയുന്നതിനുമുമ്പു് അദ്ദേഹം കേരളംമുഴുവൻ കീഴടക്കുകയും, ചോള, പാണ്ഡ്യരാജാക്കന്മാരെ പരാജിതരാക്കുകയും, കാഞ്ചീപുരം എന്ന പുരാതനനഗരിയിൽവച്ചു് ദക്ഷിണേന്ത്യയുടെ ചക്രവർത്തിയായി സ്വയം അവരോധിക്കപ്പെടുകയും ചെയ്തു.

സംഗ്രാമധീരന്റെ കാലശേഷം അദ്ദേഹം പിടിച്ചടക്കിയ മിക്കവാറും സ്ഥലങ്ങൾ തിരുവിതാംകൂറിനു നഷ്ടമായി എങ്കിലും, തിരുനെൽവേലിജില്ല, തിരുവിതാംകൂറിന്റെ ഒരുഭാഗമായിത്തന്നെ തുടർന്നു. തിരുവിതാംകൂർ ഭരണാധിപന്മാരുടെ അനവധി ലിഖിതങ്ങൾ ഇപ്പോഴും ഈ പ്രദേശങ്ങളിൽ കാണാവുന്നതാണ്.

പോർട്ടുഗീസു് കാലഘട്ടം.

൧൪൯൮-ൽ പോർട്ടുഗീസുകാർ കേരളത്തിൽ വന്നപ്പോൾ, കേരളത്തിലെ ഏററവും പ്രധാനപ്പെട്ട സംസ്ഥാനം തിരുവിതാംകൂർആയിരുന്നു. ഒരു പോർട്ടുഗീസ് ചരിത്രകാരനായ ഡിബാറോസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:—

"പോർട്ടുഗീസുകാർ കേരളത്തിൽ ആഗതരായപ്പോൾ, തിരുവിതാംകൂർ ഒരു ശക്തിയേറിയ സംസ്ഥാനമായിരുന്നു. തിരുവിതാംകൂർ രാജാവു് കേരളത്തിലെ ഇതരരാജാക്കന്മാരേക്കാൾ പ്രബലനായിരുന്നതിനാൽ "ഗ്രാൻഡി" എന്നാ

ണ്ടു് ഞങ്ങളുടെയാളുകൾ അദ്ദേഹത്തെ സംബോധനം ചെയ്തിരുന്നതു്."

൧൭൨൯ മുതൽ ൧൭൫൮ വരെ നാടുവാണിരുന്ന രാമമാർത്താണ്ഡവർമ്മരാജാവു്, അതിപ്രസിദ്ധനായ ഒരു ഭരണാധികാരിയായിരുന്നു.

ഈസ്റ്റിൻഡ്യാക്കമ്പെനി.

ഇംഗ്ലീഷു് ഈസ്റ്റിൻഡ്യാക്കമ്പെനി കേരളത്തിൽ ആദ്യം താവളമുറപ്പിച്ചതു വിഴിഞ്ഞം എന്ന സ്ഥലത്തായിരുന്നു. വിഴിഞ്ഞത്തു ഒരു ഫാക്ടറി സ്ഥാപിക്കുവാൻ ൧൬൮൪-ൽ ഈസ്റ്റിൻഡ്യാക്കമ്പനിക്കു് അനുവാദം നൽകപ്പെട്ടു. അതിനുശേഷം വലിയതുറ എന്ന സ്ഥലത്തു് ഒരു ഫാക്ടറി സ്ഥാപിക്കുവാനും, അഞ്ചുതെങ്ങിൽ ഒരു കോട്ട കെട്ടുവാനും അനുവാദം നൽകി. ൧൭൨൩-ൽ തിരുവിതാംകൂർരാജാവും കമ്പനിയും തമ്മിൽ ഒരുടമ്പടി ചെയ്തു. തിരുവിതാംകൂർ ഗവൎമ്മെന്റു് 'ബഹുമാനപ്പെട്ട കമ്പനി'യുമായി സഖ്യത്തിൽ കഴിയാമെന്നു ഉടമ്പടിയിൽ വ്യവസ്ഥചെയ്തിരുന്നു. ഈസ്റ്റിൻഡ്യാക്കമ്പനിയുമായി ആദ്യം ഉടമ്പടിയിലേൎപ്പെട്ട നാട്ടുരാജ്യങ്ങളിൽ ഒന്നു തിരുവിതാംകൂറാണു്.

മഹാരാജാ മാർത്താണ്ഡവർമ്മ.

മാർത്താണ്ഡവർമ്മ എന്നറിയപ്പെടുന്ന പ്രസിദ്ധനായ മഹാരാജാവാണു് ൧൭൨൯-നും ൧൭൫൮-നും ഇടയ്ക്കു തിരുവിതാംകൂറിനെ ഭരിച്ചിരുന്നതു്. രാജ്യഭാരം കൈയ്യേറ്റു് അധികനാൾ കഴിയുന്നതിനുമുമ്പു് അദ്ദേഹം ആററിങ്ങൽ തിരുവിതാംകൂറിനോടു ചേർക്കുകയും, കൊല്ലം, കായംകുളം, അമ്പലപ്പുഴ, തെക്കുംകൂർ, വടക്കുംകൂർ എന്നീ സംസ്ഥാനങ്ങളെ പിടിച്ചടക്കുകയും കൊളച്ചൽവച്ചുനടന്ന യുദ്ധത്തിൽ ഡച്ചു് ഈസ്റ്റിൻഡ്യാക്കമ്പനിയെ പരാജയപ്പെടുത്തി ഒരു ഉടമ്പടിയിലേർപ്പെടുവാൻ അവരെ നിർബ്ബന്ധിതരാക്കുകയും ചെയ്തു. കോഴിക്കോട്ടെ സാമൂതിരി, കൊച്ചീരാജ്യം ആക്രമിച്ചപ്പോൾ, കൊച്ചീരാജാവു് മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ സഹായം അഭ്യർത്ഥിക്കുകയും, സാമൂതിരിയെ കൊച്ചിയിൽനിന്നും ഓടിക്കുന്നതിനു് മാർത്താണ്ഡവർമ്മ മഹാരാജാവു് കൊച്ചിയെ സഹായിക്കുകയും, അതിനെത്തുടർന്നു് കൊച്ചീരാജാവു് തിരുവിതാംകൂറുമായി ഉടമ്പടിയിലേർപ്പെടുകയും ചെയ്തു. ൧൭൫൦ ജനുവരി ൩-ാംനു മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു് തിരുവിതാംകൂർരാജ്യത്തെ ശ്രീപത്മനാഭനു് തൃപ്പടിദാനം ചെയ്തു.

മഹാരാജാ രാമവർമ്മ.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ അനന്തരഗാമിയായി ൧൭൫൮-മുതൽ ൧൭൯൮-വരെ നാടുവാണരുളിയ രാമവർമ്മമഹാരാജാവും അതിപ്രസിദ്ധനായ ഒരു ഭരണാധികാരി ആയിരുന്നു. തിരുവിതാംകൂറിന്റെ ഇപ്പോഴത്തെ രാജ്യവിസ്തൃതി വരുത്തിയതു് ഈ മഹാരാജാവാണു്. തിരുവിതാംകൂറിന്റെ വടക്കെ അതിർത്തിയിൽ നെടുങ്കോട്ട കെട്ടിച്ചതും ഈ തിരുമനസ്സുകൊണ്ടാണു്.

രണ്ടാം മൈസൂർയുദ്ധത്തിൽ ബ്രിട്ടീഷ്സൈന്യങ്ങളോടു ചേർന്നു്, തിരുവിതാംകൂർ സൈന്യം കോഴിക്കോട്ടു്, പാലക്കാട്ടു് മുതലായ സ്ഥലങ്ങളിൽ യുദ്ധം ചെയ്തു.

ടിപ്പുസുൽത്താനെ ഭയന്നു് തിരുവിതാംകൂറിൽ അഭയംപ്രാപിച്ചവൎക്കു് ശരണം നൽകിയതിനാൽ രാമവർമ്മമഹാരാജാവു്, "ധർമ്മരാജാ" എന്ന പേരിനു് അർഹനായിത്തീർന്നു. കേരളീയർ ഇന്നും കൃതജ്ഞതയോടുകൂടിയാണു് ധർമ്മരാജാവിനെ അനുസ്മരിക്കുന്നതു്.

൧൮൧൦-ൽ റാണി ഗൌരിലക്ഷ്മിഭായി തിരുമനസ്സുകൊണ്ടു് ഭരണഭാരം കൈയേററതിനുശേഷം, തിരുവിതാംകൂർരാജ്യം ബഹുമുഖമായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. റാണി ലക്ഷ്മീഭായി തിരുമനസ്സിലെ സീമന്തപുത്രനായ സ്വാതിതിരുനാൾ മഹാരാജാവു് ഒരുത്തമ ഭരണാധികാരിയെന്നതിനുപുറമെ, പ്രശസ്തനായ ഒരു കവിയും, ഗായകനും, സംഗീതസാഹിത്യാദികലകളുടെ ഒരു രക്ഷിതാവും ആയിരുന്നു. അ

യില്യംതിരുനാൾ മഹാരാജാവു് തിരുമനസ്സിലെ കാലത്താണു്, "ഒരു മാതൃകാനാട്ടുരാജ്യം" എന്ന ബഹുമതി ബ്രിട്ടീഷ് കാമൺസ്സഭയിലെ വാദപ്രതിവാദങ്ങളിൽ തിരുവിതാംകൂറിനു സിദ്ധിച്ചതു്. വിശാഖം തിരുനാൾ, ശ്രീമൂലംതിരുനാൾ എന്നീ തിരുമേനിമാരും പ്രജാവലിക്കു അനശ്വരങ്ങളായ അനവധി നന്മകൾ കൈവരുത്തിയ ഭരണാധികാരികളായിരുന്നു. ദീർഘവീക്ഷണസമർത്ഥമായ രാജ്യതന്ത്രജ്ഞതയുടെ ഫലമായി ശ്രീ ചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു് കല്പിച്ചു വരുത്തിയിട്ടുള്ള യുഗസൃഷ്ടികമായ പരിഷ്കാരങ്ങൾ, ഇക്കഴിഞ്ഞ പതിന്നാലുവർഷത്തെ ഭരണകാലത്തിനുള്ളിൽ, ആ തിരുമനസ്സിലേയ്ക്കു തിരുവിതാംകൂർ ജനതയുടെ ഹൃദയങ്ങളിൽ മാത്രമല്ല, ഭാരതമൊട്ടാകെയുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ അനശ്വരമായ ഒരു സ്ഥാനം സമ്പാദിച്ചുകൊടുത്തിട്ടുണ്ടു്.

(ഇൻഡ്യൻ ഇൻഡ്യ)


## കായകല്പചികിത്സയും യൌവ്വനോദ്ധാരണവും.

## ൧൧൨൨-ലെ സൂത്രക്കലണ്ടർ ഇനാം!

പണ്ഡിത മാളവ്യജിയും മലബാറിൽ വൈദ്യരത്നം വാരിയരവർകളും കായകല്പചികിത്സ നടത്തി അവരുടെ നഷ്ടപ്പെട്ട യൌവനം വീണ്ടെടുത്തതായും അതുകൊണ്ടു് അവൎക്കുണ്ടായ അനിതരസാധാരണ ഫലങ്ങളെപ്പററി പ്രശംസിക്കുന്നതായും പത്രങ്ങൾമുഖേന നിങ്ങളേവരും അറിഞ്ഞിരിപ്പാൻ ഇടയുണ്ടു്. ആയുർവ്വേദത്തിന്റേയും ഭാരതത്തിലെ സിദ്ധൌഷധങ്ങളുടേയും അസാമാന്യഫലസിദ്ധിയുടെ ഉത്തമോദാഹരണമാണിതു്. എന്നാൽ വൈദ്യലോകത്തിൽ ആകമാനം ഇത്രവളരെ ആവേശം നൽകിയ ഈ കായകല്പചികിത്സാക്രമം ഇന്നോ ഇന്നലെയോ അടുത്തകാലത്തോ ഉണ്ടായ ഒരു നവീന ചികിത്സാസമ്പ്രദായമൊന്നുമല്ല. എത്രയോ വർഷസഹസ്രങ്ങൾക്കുമുമ്പുതന്നെ ഉണ്ടായ അഷ്ടാംഗഹൃദയഗ്രന്ഥത്തിൽ കായകല്പചികിത്സയെപ്പററി സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു്. വാൎദ്ധക്യരോഗപീഡിതന്മാരായിരുന്ന അനേകം തപസ്വികളും രോഗികളും രസായനസേവചെയ്തുകൊണ്ടാണു് ദീർഘകാലം മേധാസ്മൃതി ബലോപേതന്മാരായി ജീവിച്ചിരുന്നതു് എന്നു വൈദ്യശാസ്ത്രത്തിൽ പറയുന്നു. എന്നുതന്നെയല്ല, ദാമ്പത്യജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവരും വിശിഷ്യ ധാതുക്ഷീണന്മാരും രസായനസേവചെയ്യണമെന്നും പറയുന്നു. അതുകൊണ്ടു് കൂടുതൽ ആരോഗ്യവും ശക്തിയും വേണമെങ്കിൽ നിശ്ചയമായും കായകല്പം കഴിക്കണം. ഇത്രവളരെ ഫലപ്രദമായ കായകല്പചികിത്സ നടത്തുവാൻ അതിന്റെ പണച്ചെലവും പത്ഥ്യാചാരണവും നിമിത്തം സാധാരണക്കാൎക്കൊന്നും എളുപ്പം സാദ്ധ്യവുമല്ല. എന്നിരുന്നാലും സാധാരണക്കാൎക്കുപോലും വലിയ പണച്ചെലവോ പത്ഥ്യനിഷ്ഠകളോ കൂടാതെ കായകല്പസേവകൊണ്ടുണ്ടാകുന്ന ഗുണഗണങ്ങൾ അനുഭവിപ്പാനും ചില രഹസ്യസിദ്ധകല്പങ്ങൾ പുരാതനാചാൎയ്യന്മാർ കണ്ടുപിടിച്ചിട്ടുണ്ടു്. അങ്ങിനെയുള്ള സിദ്ധയോഗങ്ങളിൽപെട്ട ഒന്നാണു് ഞങ്ങളുടെ കാമാനന്ദരസായനം രജിസ്റ്റേർഡ്. രണ്ടു പന്തീരാണ്ടുകാലമായി ഞങ്ങൾ ഈ സിദ്ധയോഗം കാലദേശപ്രകൃത്യനുസരണം പരിഷ്കരിച്ചു തയ്യാർചെയ്തു് അനേകായിരം രോഗികൾക്കു കൊടുത്തുവരുന്നു. അന്നുമുതൽ ഇന്നുവരെ ഏററവും ഫലപ്രദമാണെന്നു് അനുഭവസ്ഥന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതാണു് ഈ കാമാനന്ദരസായനം. കായകല്പചികിത്സകൊണ്ടുണ്ടാകുന്ന പ്രശസ്ത ഗുണങ്ങൾ മിക്കതും ഏവൎക്കും ഏതുകാലത്തും അനുഭവിക്കുവാനുള്ള ഏകമാൎഗ്ഗം, ഏക ഔഷധം, ഞങ്ങളുടെ ഈ രസായനമാണെന്നു് മഹാജനങ്ങളെ ഒന്നുകൂടി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

25 നാൾ ഡപ്പി ഒന്നുക്കു് 1 ക. 11 ണ. V. P. 8 ണ.

റാത്തൽ ഒന്നുക്കു് 5 ക. മാത്രം. വി. പി. അയയ്ക്കും.

M. J. VAIDYAR (Regd. I. M. P.)
Manaloor. (C. S)

# അഞ്ജലി

## (കൃഷ്ണാവതാരകഥാസംഗ്രഹം.)

വില ഒരു രൂപാ.

ഗ്രന്ഥകർത്താ: പുലിയന്നൂർ എസ്സ്. രാമയ്യർ അവർകൾ.

പ്രൌഢവും ഭക്തിദ്യോതകവുമായ അവതാരികയിൽ കവിതിലകൻ വടക്കുംകൂർ പ്രസ്താവിക്കുന്നതിൽ അല്പം നിരീക്ഷിക്ക.

"കവിതയും ഭക്തിയും ഇഷ്ടതോഴികളെപ്പോലെ ഒന്നിച്ചു കൈകോർത്തിണങ്ങി നൃത്തംചെയ്യുന്ന അവസ്ഥ ഈ കാവ്യത്തിൽ അങ്ങും കാണുവാൻ കഴിയും. ഉത്തമമായ ഭക്തിയോടു ചേർന്നാൽ കവിതയ്ക്കു് എത്രമാത്രം ആസ്വാദ്യതയും ആസ്തികലോകത്തെ വശീകരിക്കുന്നതിനു ശക്തിയും ലഭിക്കുമെന്നതിനു് "അഞ്ജലി" ഒരു നല്ല ദൃഷ്ടാന്തമാണു്. നൂതനങ്ങളായ പദങ്ങളുടെ കല്പനവും, അലങ്കാരങ്ങളുടെ പ്രയോഗങ്ങളും, ഭാവങ്ങളുടെ പുഷ്ടിയും, ഈ സ്തോത്രത്തിന്റെ കവിതാപരമായ മേന്മയെ വളർത്തുന്നവയാണു്. ഭാഷയിലെ സ്തോത്രപ്രബന്ധമാലയിൽ "അഞ്ജലി" ഒരു പുതിയരത്നമായി പരിലസിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

### ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ.

1. വിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം(സവ്യാഖ്യാനം) 1 രൂ.
2. കവിതാമഞ്ജരി 1-ാംഭാഗം 8 ണ.
3. രാജഭക്തി (കവിതാസമാഹാരം) 1 രൂ.
4. കവിതാമഞ്ജരി 2-ാംഭാഗം 1 രൂ.
5. സുലോചന (ഗദ്യകാവ്യം) 1 രൂ. 8ണ.
6. ലേഖനമഞ്ജരി 1-ാംഭാഗം 2 രൂ.
7. ദിലീപൻ (ഗദ്യം) 8 ണ.
8. ശിവരാത്ര്യുത്സവം (തുള്ളൽ) 6 ണ
9. ബോധനമാലിക 1-ാംഭാഗം 8 ണ
10. ഭക്തിദീപിക (ഒരു നിരൂപണം) 4 ണ.

പി. ആർ. എസ്സ്. മണി
പുലിയന്നൂർ ബുക്കഡിപ്പോ
A. O & P. O, പാലാ;

മാനേജർ—ചന്ദ്രാപ്രസ്സ്,
ചാല, തിരുവനന്തപുരം.

# രാധ.

(എം. കെ. ഭാസി, യൂണിവേഴ്സിറ്റി കാളേജ്)

ആരാമവേദിയിലാരാമകാന്തിത-
ന്നാകാരമെന്നതുപോലെ
പൂക്കളിറുത്തു കൊരുത്തുകൊണ്ടങ്ങനെ
നില്പൂയാണേകയായ് രാധ.

രാഗച്ഛവിതിങ്ങുമന്തിതൻ പൂങ്കവിൾ
ചുംബിക്കാനെത്തിനാൻഭാനു
തൂവെള്ളിമേഘങ്ങളാരാഗരംഗത്തിൽ
മുഗ്ദ്ധസ്മിതം തൂകിമാറി.
നാണിച്ചു നാണിച്ചു മന്ദമുയർത്തിനാൾ
തൻതാരഹാരമത്തയ്യന്തി.

രാധ, വികാരവിവശയായ് മന്ദമാ-
പുൽത്തറയിങ്കലിരുന്നു
പിന്നെയും പിന്നെയുമാകാംക്ഷ തിങ്ങുമാ-
നീണ്ടമിഴികൾ നനഞ്ഞു.
അങ്ങു വിദൂരതയിങ്കൽ നിന്നപ്പൊഴൊ-
രോടക്കുഴൽ വിളികേട്ടു.
വണ്ടിണമുട്ടി വിടിരുംചെന്താമര-
പ്പൂവുപോലാമലിന്നാസ്യം!

"ഇങ്ങുവരട്ടെ; ഞാനക്കള്ളനോടൊരു
വാക്കുമുരിയാടുകില്ല"
ആ നീലലോചന, കണ്ണനെക്കാണുവാൻ
വെമ്പുകയാണതു സത്യം.
ആനന്ദമുള്ളിൽ കവിയുന്നതെങ്കിലും
നിദ്ര ഭാവിച്ചവൾ വേഗം.
മാനിനി! നിന്നഭിമാനമസ്ഥാനത്തിൽ
മാററുന്നു സംഭവചക്രം.
വാർശശി, വെണ്മേഘപാളികളൊത്തതാ
രാഗലഹരിയിൽ മുങ്ങി.
അങ്ങിങ്ങു ചിന്നിച്ചിതറിക്കിടക്കയാ-
ണന്തിതൻ താരകഹാരം.
ലജ്ജിച്ചുനില്ക്കുന്ന കൊച്ചു ലതകളെ
കിക്കിളികൂട്ടുവാനായി
ചുററിത്തിരിയുന്നു ബാലസമീരണൻ
തൻ പ്രേമഗാനവും മൂളി.
വൃന്ദാവനത്തിലൊതുങ്ങി നിന്നീടുമോ
പൂമണമേലുമത്തെന്നൽ?

* * *

ഗോപികമാരാൽ വലയം ചെയ്യപ്പെട്ടതാ
ഗോപകുമാരകനെത്തി
"രാധികേ! നിന്നെ പ്രതീക്ഷിച്ചു ഞങ്ങളി-
ക്കാടകമെല്ലാമലഞ്ഞു."
"മേനിതന്നാലിംഗനം കൊതിച്ചേകനായ്
കാനനമെല്ലാം തിരഞ്ഞു."

"ഗോപികമാരോടു ചോദിച്ചുനോക്കനീ
സംശയിക്കേണ്ടെൻെറ രാധേ!
മന്ദ്രമുരളീരവമൊത്തു മന്ദമായ്
കാണട്ടെ നിൻെറ നടനം"
"ഞാനില്ല, ഞാനില്ല; പോകുന്നു ഞാനിതാ
നേരമധികമായല്ലോ"
രാസനടനം കഴിഞ്ഞുദാസീനയായ്
പൂക്കളും വാരിപ്പുറകേ

"രാധികേ! യെൻെറയീ സമ്മാനം കൂടിനീ
കൊണ്ടുപോയീടുക വേണം"
ലജ്ജയാൽ മന്ദംകുനിയുന്ന രാധത-
ന്നാനനം കണ്ണനുയർത്തി.
ബാലഗോപാലക ലീലയിൽ ഗോപിക-
മാരെല്ലാം പൊട്ടിച്ചിരിച്ചു.

* * *

രാധയുണർന്നു; പിടഞ്ഞെഴുന്നേററവൾ
വീണ്ടുമാ പൊട്ടിച്ചിരികൾ!
അജ്ഞാതഹസ്തങ്ങൾ രണ്ടെണ്ണം രാധതൻ-
കണ്ണിണ മൂടിക്കഴിഞ്ഞു.
പ്രേമപരവശം രാധയമർന്നുപോയ്
ബാലഗോപാലൻെറ മാറിൽ.

# * വിവാഹം.

(ഏകാങ്കം)

(വള്ളംകുളം, പി. ജി. പിള്ള.)

[സ്ഥലം: മഹിളാലയം (സ്ത്രീകളുടെ സംസ്കാരസാമ്പത്തിക—സാമൂഹിക പുരോഗതികൾക്കുവേണ്ടി സ്ത്രീകളാൽ നടത്തപ്പെടുന്ന ഒരുസ്ഥാപനം.) സമയം പകൽ അഞ്ചുമണി പ്രധാന കെട്ടിടത്തിന്റെ അങ്കണത്തിൽ അവിടവിടെ ഒന്നും രണ്ടും യുവതികൾവീതം ചേർന്നിരുന്നു് സംസാരിക്കുന്നു. ചില ബാലികമാർ ചെടികൾക്കു് ശുശ്രൂഷിക്കുന്നു. പ്രായംകൂടിയ സ്ത്രീകൾ ഒററതിരിഞ്ഞു് വർത്തമാനപ്പത്രങ്ങൾ വായിക്കുന്നു. ഇതിലൊന്നും ശ്രദ്ധകൊടുക്കാതെ നളിനി (പതിനേഴുവയസ്സുള്ള ഒരു യുവതി) മഹിളാലയത്തിന്റെ പ്രധാന കെട്ടിടത്തിന്റെ നടുവിലുള്ള വിശാലമായ ഒരു മുറിയിൽ മൂളിപ്പാട്ടുംപാടി ഒരു ഫോട്ടോയിലേക്കു് നോക്കി ആനന്ദിച്ചുകൊണ്ടുനില്ക്കുന്നു. ഇടത്തുകൈയ്യിൽ പിടിച്ചിരിക്കുന്ന കത്തിൽ കൂടക്കൂടെ നോക്കുന്നു. ഫോട്ടോയിലും എഴുത്തിലും മാറിമാറിനോക്കി സ്വയം പുഞ്ചിരിതൂകുന്നു. സന്തോഷംകൊണ്ടു് മുഖംവികസിക്കുന്നു. സോഫയിൽ പോയിക്കിടന്നു് ഒളിഞ്ഞും ചെരിഞ്ഞും, ചിത്രം വരച്ചിട്ടു് അല്പം ദൂരെമാറിനിന്നു് അതിന്റെ ഭംഗിയെക്കുറിച്ചു് സൂക്ഷ്മവീക്ഷണം നടത്തുന്ന കലാരസികാവിടനായ ഒരു ചിത്രകാരനെപ്പോലെ, ആ യുവതി ഫോട്ടോ നോക്കി ആനന്ദിക്കുന്നു. പുറകിൽ ഒരു കാൽപെരുമാററം കേട്ടു് തിരിഞ്ഞുനോക്കുന്നു. അപ്പോഴേക്കും ശോഭന (നളിനിയുടെ കൂട്ടുകാരി) അവിടെ പ്രവേശിക്കുന്നു.]

ശോഭന—ഫോട്ടോകടിച്ചുതിന്നുകളയരുതു്.

നളിനി—എനിക്കു് അത്രവലിയ വിശപ്പില്ല.

ശോഭന—ഇങ്ങോട്ടുതരു. ഞാൻകൂടിഒന്നുകാണട്ടെ ആ ഫോട്ടോ.

നളിനി—തരില്ല; വേണമെങ്കിൽ ഇതാദൂരെമാറിനിന്നു് കാണിക്കാം

ശോഭ—വേണ്ട. എനിക്കു് അങ്ങനെകാണണ്ട. എന്താ ഞാൻ അദ്ദേഹത്തെ അപഹരിച്ചെടുത്തുകളയുമെന്നു് ഭയപ്പെടുകയും മററും വേണ്ട.

നളിനി—സ്നേഹസമ്പന്നനായ ഒരു യുവാവിന്റെ പ്രേയസിയായ ശോഭനയെപ്പററി എനിക്കു് അങ്ങനെയുള്ള ഭയത്തിനാവശ്യമില്ലല്ലോ.

ശോഭന—പിന്നെന്താണു്. ഇങ്ങോട്ടുതന്നുകൂടെ.

(ശോഭന സോഫയിൽ ചെന്നിരിക്കുന്നു. നളിനി എഴുന്നേററുകസേരയിലും. ശോഭന ഫോട്ടോവാങ്ങിനോക്കുന്നു.)

ശോഭന—നീ ഇതുപോലെ ഒരുയുവാവിനെ ആരാധിക്കുന്നുണ്ടെന്നുപോലും ഇതുവരെ പറഞ്ഞിട്ടില്ലല്ലോ!!

നളിനി—ഇന്നാണു് അദ്ദേഹത്തിന്റെ എഴുത്തും ഫോട്ടോയും വന്നതു്.

ശോഭന—എവിടെയാണു്... ...?

നളി—തിരുവനന്തപുരത്തു് പഠിക്കുകയാണു്. ബി. എൽ. നു്.

ശോഭ—നിങ്ങൾതമ്മിലുള്ള പരിചയം?

നളി—വെറും യാദൃച്ഛികം. എന്നെ ഈ മഹിളാലയത്തിലേക്കു് അയയ്ക്കുന്നതിനു് മൂന്നുമാസം മുമ്പാണു് അദ്ദേഹം ഞങ്ങളുടെ വീട്ടിൽ വന്നതു്. അച്ഛനും ഒരുമിച്ചായിരുന്നു. എന്നെ വിവാഹം കഴിക്കാൻ അച്ഛൻ തെരഞ്ഞെടുത്തു കൊണ്ടുവന്നിരിക്കുന്ന വരനാണദ്ദേഹമെന്നറിഞ്ഞപ്പോൾ അന്നു് എനിക്കു് വളരെ അഭിമാനം തോന്നി. മെലിഞ്ഞു് നീളംകൂടിയ ശരീരം, പ്രസന്നമായ മുഖം, കണ്ണാടി, വിശാലമായനെററി, ആകപ്പാടെ ഞാൻ പ്രതീക്ഷിച്ചിരുന്ന ഏതോ ഒന്നു് കണ്ടുകിട്ടിയതുപോലുള്ള ഒരാശ്വാസം എനിക്കുണ്ടായി. ഞങ്ങൾ ഒരുമി

* ഹിന്ദിയിൽ നിന്നും.

ച്ചു കൂടിയിരുന്നു് എല്ലാവരും കൂടിയാണു അന്നു് ആഹാരം കഴിച്ചതു്. എന്നോടു സംസാരിച്ചതിലധികം ചേച്ചിയോടു സംസാരിച്ചു. മിക്കവാറും ഞങ്ങളുടെ വിവാഹകാൎയ്യം ഉറച്ചിരിക്കയാണു്. ഉടനെ നടത്തണമെന്നാണു് എന്റെ നിർബന്ധം. പതിനേഴു കഴിഞ്ഞ ഒരു യുവതി ഒരിക്കലും അവിവാഹിതയായി കഴിഞ്ഞുകൂടുന്നതു് ശരിയല്ല. അല്ലേ?

ശോഭ—അതെ. പക്ഷെ ഞാൻ ഒരു ഭാഗ്യദോഷിയാണു്.

നളി—എന്തു് ശോഭനേ വിവാഹം ഇഷ്ടപ്പെടുന്നില്ലേ?

ശോഭ—നിശ്ചയമായും ഉണ്ടു്.

നളിനി—വിജയൻ കൂടക്കൂടെ വരാറുണ്ടല്ലോ. നിങ്ങളുടെ വിവാഹം ഉടനെ നടത്തണം.

ശോഭ—എനിക്കു് അങ്ങനെ വളരെ ആഗ്രഹമുണ്ടു്. പക്ഷെ അച്ഛന്റെ സ്വഭാവം നളിനിക്കറിഞ്ഞുകൂടെ. വിജയനേക്കാൾ ധനികനായ ഒരു യുവാവിനെ കിട്ടിയാൽ അച്ഛൻ ഈ ബന്ധത്തിനു് പിന്നെ ഒരുമ്പെടുകയില്ല. അതിനെപ്പററി സ്മരിച്ചു് നീറിനീറിയാണു് ഞാൻ ദിവസങ്ങൾ നീക്കുന്നതു്.

നളി—അതിനെപ്പററി ദുഃഖിക്കേണ്ട. അതു ഞാൻതന്നെ ശോഭനയുടെ അച്ഛനെക്കൊണ്ടു് സമ്മതിപ്പിച്ചുകൊള്ളാം.

ശോഭ—നളിനീ! ഈ മഹിളാലയത്തിൽ നാം രണ്ടുപേരു മാത്രമാണു് വിവാഹജീവിതത്തിൽ വലിയ തല്പരരെന്നു് അറിയാമോ?

നളി—അറിയാം. വിവാഹത്തെ ഇഷ്ടപ്പെടാത്ത, ഇവിടെയുള്ളതായാലുംശരി ഏതു് ആശ്രമജീവിയായാലുംശരി, ആ സ്ത്രീയെ ഒരു വിഷസൎപ്പത്തെപ്പോലെ ഭയപ്പെടണമെന്നാണു് എന്റെ അഭിപ്രായം.

ശോഭ—ശരിയാണു്. അതിരിക്കട്ടെ ഇന്നത്തെ സിനിമാ കാണാൻ ലതികയും രത്നമയീദേവിയും വരുന്നുണ്ടു്. നമുക്കും പോകണം. അതിലേക്കു് വേഗം ഒരുങ്ങിക്കൊള്ളൂ.

നളി—എന്റെ വിവാഹകാൎയ്യം ഉറച്ചിരിക്കയാണെന്നു് നമ്മുടെ ആലയാധിപതി രത്നമയീദേവിയെ ഒന്നറിയിച്ചേക്കു ഞാനിതാ തയ്യാറായി വന്നുകഴിഞ്ഞു. (നളിനിപോകുന്നു.)

(ലതികയും മഹിളാലയാധിപതിരത്നമയീദേവിയും പുറകെ നളിനിയും പ്രവേശിക്കുന്നു. നാലുപേരും ഓരോ കസേരകളിൽ ഇരിക്കുന്നു.)

ശോഭ—ദേവി അറിഞ്ഞില്ലേ നളിനിയുടെ വിവാഹാലോചന.

രത്ന—എന്തു് നളിനിക്കു വിവാഹമോ?

ശോഭ—അതെ. അടുത്തമാസത്തിൽ നടക്കും.

രത്ന—കഷ്ടം പുരുഷന്റെ അടിമയായി ഒരു യന്ത്രംപോലെ കഴിയാനുള്ള വാസന എന്താ ലതികയുടെ അഭിപ്രായം?

ലതിക—ശരിയാണു്. ഞാൻ വിവാഹജീവിതത്തെ എതിർക്കതന്നെ ചെയ്യുന്നു. സ്ത്രീകൾ അഭിവൃദ്ധിപ്പെടാത്തതു്—സമുദായമദ്ധ്യത്തിൽ അവൎക്കു സമുന്നതമായ സ്ഥാനം ലഭിക്കാത്തതു് പുരുഷന്റെ അടിമയായി കഴിയാനുള്ള അവരുടെ കൗതുകമാണു്.

രത്ന—നളിനിക്കു ലജ്ജയില്ലേ.

ശോഭ—എന്തിനു്. വിവാഹിതയാകുന്നതിനോ. അതിനു് ലജ്ജിക്കേണ്ടയാവശ്യവുംമററുമില്ല.

രത്ന—ഓ, ശോഭനയും വിവാഹിതയാകാൻ ഉദ്ദേശിക്കുന്നുണ്ടായിരിക്കും.

ശോഭ—നിശ്ചയമായും.

രത്ന—ഹാ കഷ്ടം. ഈ മഹിളാലയത്തിലും ഇത്തരം യുവതികൾ ഉണ്ടെന്നു് ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. അബല എന്നപേരു മാറിക്കിട്ടുവാൻ ഇനിയും യുഗങ്ങൾ കഴിയേണ്ടിയിരിക്കുന്നു. എങ്ങനെയാണു് ഇത്തരം ജാതികളല്ലേ ഇരുപതാം നൂററാണ്ടിലും ജീവിക്കുന്നതു്?

ശോഭ—ഇതിലധികം അധിക്ഷേപിക്കേണ്ട കാൎയ്യമൊന്നുമില്ല.

(നളിനി കുനിഞ്ഞിരുന്നു് നെടുവീർപ്പിടുന്നു.)

രത്ന—പട്ടിയെപ്പോലെ പുരുഷന്റെ അടിമയായി കഴിയണംപോലും. ഒരു വലിയ തലയിലെഴുത്തുതന്നെയാണിതു്.

ലതിക—ശരിയാണു്. പക്ഷെ മഹിളാലയ യുവതികൾക്കു് ഈ നയം യോജിച്ചതല്ല.

രത്നാ—അതിനു മാറ്റമുണ്ട്. (അല്പസമയം ആലോചിച്ചിരുന്നിട്ട്) നമുക്കു പോകാം സിനിമാ തുടങ്ങാറായി.

(ശോഭനയും ലതികയും രത്നമയീദേവിയും എഴുന്നേല്ക്കുന്നു നളിനി വികാരാധീനയായി കുനിഞ്ഞിരിക്കുന്നു. ശോഭന, നളിനിയെ വിളിക്കുന്നു.)

നളി—ഞാൻ ഇല്ല. എനിക്കു സിനിമാ കാണേണ്ട.

ശോഭ—ഞാനുമില്ല. ഇന്ന് നിങ്ങൾ പൊയ്ക്കൊള്ളിൻ.

(രത്നമയീദേവിയും ലതികയും പോകുന്നു.)

(നളിനി എഴുന്നേററ് അവളുടെ സാമാനങ്ങൾ അടുക്കി കെട്ടുന്നു.)

ശോഭ—എന്തു് ഇന്നു യാത്രയുണ്ടോ?

നളി—ഉണ്ട്. ഇനിയും ഒരു നിമിഷം ഞാൻ ഇവിടെ താമസിക്കുന്നില്ല എനിക്ക് വിവാഹജീവിതത്തിൽ താല്പര്യമുണ്ട്. ഞാൻ പോകുന്നു.

ശോഭ—ഞാനോ?

നളി—ഇഷ്ടംപോലെ.

ശോഭ—എന്നാൽ നമുക്ക് ഒരുമിച്ച്.

(രണ്ടുപേരും പോകുന്നു)

(കർട്ടൻ)

---


# മദ്രാസ് ജീവരക്ഷാമണി വൈദ്യശാല,

## മെയിൻറോഡ്, കൊല്ലം.

**വാതഗജകേസരി.** വാതവികാരങ്ങൾ നിമിത്തം, ശരീരത്തിൽ ആക്ഷേപകം, അർദ്ദിതം, അന്തരയാമം മുതലായ മഹാരോഗങ്ങളും പെരുപ്പ്, തരിപ്പ് തുടങ്ങിയുള്ള ക്ഷുദ്രരോഗങ്ങളും ഉണ്ടാകുന്ന വാതരോഗത്തിനു പറഞ്ഞിട്ടുള്ള എൺപതു വികാരങ്ങൾക്കും ഒരുപോലെ ഫലിക്കുന്ന ഒരു രഹസ്യ സിദ്ധൌഷധമാണ് ഞങ്ങളുടെ വാതഗജകേസരി. പിത്തകഫകോപങ്ങൾ നിമിത്തം ഉണ്ടാകുന്ന മററു രോഗങ്ങളേയും ശമിപ്പിക്കുന്നതും ശിരസ്സ്, ഹൃദയം, വസ്തി ഈ മൂന്നു പ്രധാന മർമ്മങ്ങളെ ശുദ്ധീകരിക്കുന്നതുമാണ്.
വില കുപ്പി 1-ക്ക് രൂ. 3.

**നവനീതഭസ്മം.** മൂത്രത്തടവ്, മൂത്രിക്കുമ്പോഴുണ്ടാകുന്ന ചുട്ടുനീറക്കം, വേദന, പഴുപ്പുപോക്ക് മുതലായവയ്ക്കും ഏററവും നന്ന്. ഗുഹ്യത്തിലുണ്ടാകുന്ന ഏതു രോഗവും ശമിക്കും. തന്തുമേഹാരിദ്രാവകവും ഈ മരുന്നുംകൂടി സേവിച്ചാൽ ശമിക്കാത്ത ഗുഹ്യരോഗങ്ങളും വസ്തിരോഗങ്ങളും ഇല്ല.
വില കുപ്പി 1-ക്ക് 1 രൂ. 8 ണ.

**ജീവകലാനിധി.** (ശുദ്ധരക്തം വർദ്ധിപ്പിക്കുന്ന സിദ്ധൌഷധം.) മേഹരോഗംകൊണ്ടു രക്തം ക്ഷയിച്ചും, ശുദ്ധി കുറഞ്ഞും ഉണ്ടാകുന്ന പുണ്ണുകൾ, മുഴകൾ, നീക്കെട്ടുകൾ, വിളച്ചുകൾ, പിത്തപ്പുണ്ണായകൾ, ചൊറിചിരങ്ങുകൾ, തേമല്യകൾ, തടിപ്പുകൾ, കുഷ്ഠങ്ങൾ, ചുട്ടുനീറക്കം, പ്രമേഹം, മൂത്രച്ചൂട് മുതലായവയെ ശമിപ്പിക്കും.
വില കുപ്പി 1-ക്ക് രൂ. 3.

**മേഹവ്രണാന്തകം.** മുറിവിനും വ്രണത്തിനും ഒന്നുപോലെ പററിയതു്. നട്ടവു കഴിഞ്ഞും വക്കു തടിച്ചുമുള്ള പുണ്ണുകളും, ചുവപ്പും തടിപ്പും പഴുപ്പും വേദനയുമുള്ള പുണ്ണുകളും, ജ്വരം സംഭ്രമം ക്ഷീണം ഇവകളോടുകൂടിയ പുണ്ണുകളും ഈ കുഴമ്പു പുരട്ടിയാൽ പെട്ടെന്നു സുഖം കിട്ടും.
വില കുപ്പി 1-ക്ക് അണ 12.

ഞങ്ങളുടെ എല്ലാ ഔഷധങ്ങളുടെയും പൂർണ്ണവിവരം അടങ്ങിയ വലിയ ക്യാററ്ലാഗ് വേണമെന്നുള്ളവർ 12 കാശു് സ്റ്റാമ്പുസഹിതം ആവശ്യപ്പെടുക.

മാനേജർ,

# * സിനിമാ.

(കെ. ജി. മശ്രുവാല)

ശ്രീമതി രാമേശ്വരിനെഹ്റു ഇങ്ങിനെ എഴുതുന്നു:—

ഇന്നത്തെ ടോക്കികളെ നമ്മുടെ ദേശീയ ഗവമ്മെണ്ടുകൾ നിയന്ത്രിക്കേണ്ടതാണെന്നു് ജനുവരി 5-ാംനു- യിലെ ഹരിജനിൽ ഒരു ലേഖക പ്രസിദ്ധീകരിച്ച അഭ്യർത്ഥനയ്ക്കു് അനുകൂലമായി ഒരു വാക്കു പറയുവാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ഞാൻ സിനിമാപടങ്ങൾ പതിവായി കാണാറില്ല. എങ്കിലും കണ്ടേടത്തോളംകൊണ്ടു ഈ പടങ്ങൾക്കു് യുവാക്കന്മാരുടെയും യുവതികളുടെയും സദാചാരത്തിന്മേൽ എന്തെല്ലാം ദുഷ്ഫലങ്ങൾ ഉളവാക്കുവാൻ കഴിയുമെന്നതിനെപ്പററി ആ സ്ത്രീ പറഞ്ഞതൊക്കെ തികച്ചും വാസ്തവമാണെന്നു് എനിക്കു് ബോധ്യപ്പെട്ടിട്ടുണ്ടു്.

സിനിമാ കാണുന്ന ശീലം വേഗത്തിൽ വളർന്നുവരികയാണു്. ഗ്രാമങ്ങളിലേക്കു ഇതു കടന്നുവെന്നതത്രേ യഥാർത്ഥമായ വിപത്തു്. പഴയ കാലങ്ങളിലെ ആരോഗ്യപ്രദമായ വിനോദങ്ങളുടെ സ്ഥാനത്തിൽ ഇവ കയറിക്കൂടുന്നു. കഥ പറയൽ, ഭജന സമിതികൾ നടത്തൽ എന്നിങ്ങനെ ജനങ്ങളുടെ സന്മാർഗ്ഗനിഷ്ഠയെ വളർത്തിയ മതച്ഛായ കലർന്ന നല്ലവിനോദങ്ങൾ പതിവില്ലാതായിരിക്കുന്നു. പക്ഷം, സിനിമയ്ക്കു് ദിവസം കഴിയുംതോറും പ്രചാരം ഏറിവരികയാണു്. ഇതുകാരണം രാജ്യം സന്മാർഗ്ഗാധഃപതനമെന്ന അപായത്തിന്റെ മുമ്പിൽ നില്ക്കുന്നു; അതു തടയാൻ ആവുന്ന ശ്രമമെല്ലാം നാം ചെയ്യണം. ശ്രീ: മശ്രുവാലയുടെ ഉപമ പ്രയോഗിച്ചുകൊണ്ടു പറയാം. ഈ പടങ്ങൾ രാജ്യത്തിന്റെ സദാചാരപുരോഗതിയുടെ വഴിയിൽ വിലങ്ങടിച്ചു നില്ക്കുന്ന വലിയ പാറക്കല്ലുകളാണെന്നും അവയെ നീക്കുവാൻ ബലിഷ്ഠങ്ങളായ ആനകളുടെ ശക്തി തീർച്ചയായും വേണ്ടതാണെന്നും. നിങ്ങൾക്കിഷ്ടപ്പെട്ട പ്രകാരം ചെയ്യുവാൻ ജനങ്ങൾക്കു വിട്ടുകൊടുക്കാവുന്ന നിസ്സാരകാര്യമല്ല അതു്. സിനിമാചിത്രനിർമ്മാണം കുറെ പണക്കൊതിയരുടെ കയ്യിലാണെന്നും അവർ, ചുരുക്കം പേരൊഴിച്ചു്, ഈ വ്യവസായത്തെ ലാഭത്തിനു നടത്തുകയാണെന്നും ഉള്ള വസ്തുതയിലാണു് അപകടം കിടക്കുന്നതു്. ഇങ്ങിനെ, ശാസ്ത്രം നമ്മുടെ കയ്യിൽ വെച്ച ഒരു നിരുപദ്രവസാമഗ്രി ദുഷിപ്പിക്കപ്പെടുന്നു. ഗവമ്മെണ്ടു് കുറച്ചൊന്നു നിയന്ത്രിച്ചാൽ, ജനങ്ങളുടെ വിദ്യാപരവും സാംസ്കാരികവുമായ അഭിവൃദ്ധിക്കു് അതൊരു ഉത്തമമാർഗ്ഗമാവുന്നതത്രേ.

ഇന്ത്യയിൽ ഏററവും അഭിവൃദ്ധിപ്പെട്ട വ്യവസായങ്ങളിലൊന്നാണു സിനിമാവ്യവസായം. വൈയവസായികമായ എല്ലാ ബഹുളോൽപാദനത്തിലും ഉള്ളതുപോലെ ഏററവും അധികം ചെലവുണ്ടാകുന്ന ഏററവും വിലകുറഞ്ഞ സാധനങ്ങൾ നിർമ്മിക്കപ്പെടുന്നു. ഇവിടെയാവട്ടെ ലൈംഗികമായ ആകർഷകതയുള്ള അശ്ലീലചിത്രങ്ങളാണു് കാണികളെ ഏററവും ഏറെ ആകർഷിക്കുന്നതു്. സ്വകാര്യവ്യക്തികൾ സ്വാർത്ഥം മുൻനിർത്തി പൊതുജനങ്ങളുടെ രുചിക്കു് ഊനം വരുത്തുന്നതു് ഇപ്രകാരമത്രേ. ആവശ്യമല്ല ചരക്കിനു മുമ്പിൽവരുന്നതു്; ചരക്കാണു് ആവശ്യത്തെ സൃഷ്ടിക്കുന്നതു്.

ഇക്കാലത്തു് ദേശീയീകരണത്തെപ്പററി ധാരാളം കേൾക്കാനുണ്ടു്. എന്റെ അഭിപ്രായത്തിൽ, മറെറല്ലാററിലുമധികം സിനിമാവ്യവസായമാണു് ദേശീയീകരിക്കപ്പെടേണ്ടതു്. ഏതായാലും, ഗവമ്മെണ്ടിന്റെ വിട്ടുവീഴ്ചയില്ലാത്ത നിയന്ത്രണം അത്യാവശ്യമാണു്. ഇപ്പോൾത്തന്നെ നിയന്ത്രണം നടപ്പിലുണ്ടു്. എല്ലാസംസ്ഥാനങ്ങളിലും സിനിമാപരിശോധകസംഘങ്ങൾ കാണാം.

* മലയാള ഹരിജൻ.

കുറെ മുമ്പു ഞാൻതന്നെ പഞ്ചാബുസംസ്ഥാനത്തിലെ പരിശോധകസംഘത്തിൽ അംഗമായിരുന്നു. അന്നു് അതൊരു വിദേശ ഗവര്‍മ്മെണ്ടായിരുന്നു. ആ ഗവര്‍മ്മെണ്ടിന്റെ വീക്ഷണത്തിന്നനുസരിച്ചായിരുന്നു അന്നു് പരിശോധന നടത്തപ്പെട്ടതു്. രാജ്യത്തിന്റെ വിമോചനത്തിനുള്ള പ്രസ്ഥാനത്തെപ്പററിയോ ദേശീയ നേതാക്കന്മാരെപ്പററിയോ ഉള്ള സൂചനയെല്ലാം രാജദ്രോഹവും തള്ളപ്പെടേണ്ടതും ആയിരുന്നു. ചിത്രങ്ങളുടെ സാന്മാര്‍ഗ്ഗികവും സാംസ്കാരികവുമായ നില സംഘം ഗണനീയമായിക്കരുതിയില്ല. ഇവയുടെ നിലനിൽപ്പിന്നു് ഒരു പ്രമാണവും അനുസരിച്ചിരുന്നില്ല. ഈ മാതിരി പരിശോധനയുമായി യോജിക്കുവാൻ ആവാഞ്ഞതിനാൽ ആ സംഘത്തിൽനിന്നു് എനിക്കു് രാജിവെക്കേണ്ടിവന്നു. ഇന്നാവട്ടെ കാര്യങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. നമുക്കു സ്വന്തം ഗവര്‍മ്മെണ്ടുകൾ ഉണ്ടു്. ഇതിനെപ്പററി അവ അലസനയം കൈക്കൊള്ളുവാൻ കാരണം ഒന്നുമില്ല. എല്ലാ സംസ്ഥാനഗവര്‍മ്മെണ്ടുകളും ഈ കാര്യം ഏറെറടുക്കുകയും ജനങ്ങൾ കാണുവാൻ പുറത്തിറക്കുന്ന പടങ്ങളെ കര്‍ശനമായി നിയന്ത്രിക്കുകയും ചെയ്യണമെന്നാണു് എന്റെ ബലമായ അഭിപ്രായം. വിശേഷിച്ചു്, ഈ കാര്യത്തിൽ വിദ്യാഭ്യാസവകുപ്പുകൾ ഒരു നേതൃത്വം എടുക്കേണ്ടതാണു്.

ആക്ഷേപവിഷയത്തിൽ ദേശീയഗവര്‍മ്മെണ്ടുകൾക്കുള്ള കടമ ഉറപ്പിച്ചുകാട്ടാഞ്ഞതിന്നു് എന്നെ, നിശിതമായും അല്ലാതെയും, കുററപ്പെടുത്തുന്ന ഇത്തരം മററു് അറിയിപ്പുകളും എനിക്കു കിട്ടിയിട്ടുണ്ടു്. പുതിയ എഴുത്തുകാരിൽ ഭൂരിഭാഗവും സിനിമയെപ്പററിമാത്രം സൂചിപ്പിച്ചുകൊണ്ടു്, മറെറ ദോഷത്തെക്കുറിച്ചു് ഈ പ്രസംഗത്തിൽ ഞാനൊന്നും പറയുന്നില്ല—അതിനെപ്പററിയും ഇതുതന്നെ പറയാവുന്നതാണെങ്കിലും ഒന്നാമതെഴുതിയവർ മദ്ധ്യന്ത്യക്കാരിയാണു്. അവരെ അനുകൂലിച്ചവർ പഞ്ചാബിന്റെയും ഗുജറാത്തിന്റെയുംമദ്ധ്യസംസ്ഥാനത്തിന്റെയും മദിരാശിയുടേയും പ്രാതിനിധ്യം വഹിക്കുന്നു. ഇന്ത്യയിലെല്ലാദിക്കിലെയും ചിന്താശീലമുള്ള ഒരു ജനവിഭാഗത്തിന്നു് ചലനചിത്രങ്ങളെസ്സംബന്ധിച്ചു് അതൃപ്തിയുണ്ടെന്നു് ഇതു കാണിക്കുന്നുണ്ടു്.

എന്റെ പ്രബന്ധത്തിൽ, പ്രസ്തുത സംഗതിയിൽ ഗവര്‍മ്മെണ്ടുകൾക്കുള്ള ചുമതലയെ ഇളവുചെയ്തിട്ടേ ഇല്ല "അറിവുള്ളവനോടു് ഒരു വാക്കുമതി" എന്ന ചൊല്ലനുസരിച്ചു്, ലേഖകന്മാർ പറഞ്ഞതിൽ വളരെ സത്യമുണ്ടെന്നും ജനകീയ ഗവര്‍മ്മെണ്ടുകൾ അതിനെ ശ്രദ്ധിക്കണമെന്നും പ്രസ്താവിച്ചുകൊണ്ടു് ഞാൻ മതിയാക്കിയതായിരുന്നു. ഇതെഴുതുമ്പോൾ, പ്രസ്തുത കാര്യത്തിൽ ബോംബെ ഗവര്‍മ്മെണ്ടു് നടപടികൾ എടുത്തിട്ടുണ്ടെന്നും സിനിമാപടങ്ങളെ ശരിയായ വഴിയിൽവിദ്യാഭ്യാസപ്രദമാക്കുകയും അവയുടെ സാന്മാര്‍ഗ്ഗികമേന്മയെ വര്‍ദ്ധിപ്പിക്കുകയും ചെയ്യുവാൻ കൂടുതൽ നിയമനിര്‍മ്മാണം ആലോചിക്കുന്നുണ്ടെന്നും ഒരു പ്രാദേശിക പത്രത്തിൽ ഞാൻ വായിക്കുകയാണു്. മററു ഗവര്‍മ്മെണ്ടുകൾ ഇതിനുമുമ്പേ ഇങ്ങിനെചെയ്തില്ലെങ്കിൽ മേലിലെങ്കിലും ഇതേ വഴിയിൽ ചരിക്കുമെന്നു ഞാൻ ആശിക്കുന്നു.

പക്ഷെ, ഇത്രയും പറഞ്ഞുവെച്ചിട്ടു്, ഇക്കാര്യത്തിൽ പൊതുജനങ്ങളുടെ ചുമതലയെ ഒന്നുകൂടി ഞാൻ ദൃഢമായി നിര്‍ദ്ദേശിക്കുന്നു. വിനോദങ്ങളുടേയും ശീലമായിത്തീരുന്ന നടപടികളുടെയും കാര്യത്തിൽ, ജനാഭിപ്രായം രൂപപ്പെടുത്തുന്നവക്കു്, തങ്ങൾ ചെയ്യുന്നതിനെക്കാളും ഗവര്‍മ്മെണ്ടുകളിൽനിന്നു പ്രതീക്ഷിക്കാവുന്നതിനെക്കാളും, കൂടുതൽ ചെയ്യാവുന്നതും ചെയ്യേണ്ടതും ആകുന്നു. വിനോദദായകന്മാരുടേയും വിനോദാന്വേഷകന്മാരുടേയും വെറുപ്പു സമ്പാദിച്ചുകൂടി കടമയുടെ ഒരു ഭാഗം അവരും ചെയ്തുതീക്കുന്നില്ലെങ്കിൽ, വേണ്ട ആഴത്തിൽ ഭരണകൂടത്തിന്റെ കല്പനകൾ ഉഴുകുമെന്നു അവക്കു് പ്രതീക്ഷിച്ചുകൂടാ.

ഞാൻ ഈ ഉദ്യോഗത്തിൽ അധികം തുടരുന്നതാണെങ്കിൽ, ഈ വിഷയത്തെപ്പററി കൂടുതൽ വേറൊരു സന്ദര്‍ഭത്തിൽ പറയാം

കെ. ടി. എസ്സ്.

# —പുതിയ പുസ്തകങ്ങൾ—

**കോമളനന്ദിനി.** (By കെ. എം. എൻ. ചെട്ടിയാർ) മലയാളഭാഷയിലെ ഏററവും ഉൽകൃഷ്ടമായ ഡിററക്ടീവു നോവൽ. വില രൂ. ൨

**അത്ഭുതമോഹിനി.** (By ഡാക്ടർ പി. എസ്സ്. നായർ.) അത്ഭുതകരമായ ഡിററക്ടീവു നോവൽ വില രൂ. ൨

**രാജം.** (By എൻ. ജി. കെ. തമ്പാൻ.) അതിശയകരമായ ഒരു ഡിററക്ടീവു നോവൽ വില രൂ. ൧ ണ. ൮

**രക്തബാഷ്പം.** (By ചാലയിൽ രാമകൃഷ്ണപ്പണിക്കർ ബി. ഏ.) നവരസസുന്ദരമായ പുതിയ സാമുദായിക നോവൽ. വില രൂ. ൧

**മനോഹരി.** (By ചാലയിൽ രാമകൃഷ്ണപ്പണിക്കർ ബി. ഏ.) കരയാനും ചിരിക്കാനും, ചിന്തിക്കാനും പഠിക്കാനും വകയുള്ള നവീന സാമുദായിക നോവൽ. വില രൂ. ൧ ണ. ൪

**പ്രഭകുമാരി.** (By പത്മംപള്ളിൽ ഗോപാലപിള്ള.) സഹൃദയഹൃദയാഹ്ലാദകമായ പുതിയ സാമുദായികനോവൽ. വില രൂ. ൧ ണ. ൮

**ശാരദാ.** (By പത്മംപള്ളിൽ ഒയ്യാരത്തു ചന്തുമേനോൻെറ ശാരദയുടെ മൂന്നാമത്തെ പുതിയ രണ്ടാംഭാഗം. വില രൂ. ൧ ണ. ൮

**ലളിത.** (By പാറയിൽ ഷംസുദ്ദീൻ.) ശോകസങ്കുലമായ ഒരു പ്രണയനോവൽ വില രൂ. ൧ ണ. ൮

**കുലാംഗന.** (By കെ. എം. എൻ. ചെട്ടിയാർ) നവരസങ്ങളും നിറഞ്ഞു് ലക്ഷണയുക്തമായ ഒരു സാമുദായികനാടകം. വില രൂ. ൧ ണ. ൪

**പ്രേമയാചകി.** (By കെ. എം. എൻ. ചെട്ടിയാർ) ഒരുത്തമ സാഹിത്യനാടകം. വില രൂ. ൧

**മഹിള.** (By കെ. എം. എൻ.) നാടകം വില രൂ. ൧

**രാഗസുഷമ.** (By പി. വി. കെ.) നാടകം. വില ണ. ൧൨

**മദനസാമ്രാജ്യം.** (കെ. എം. എൻ.) വില രൂ. ൨

**മലയാളനിഘണ്ഡു** വലുതു്. വില രൂ. ൫

ഉടൻ ആവശ്യപ്പെടുക:—

വിദ്യാരംഭം പ്രസ്സ് & ബുക്കുഡിപ്പോ,
മുല്ലയ്ക്കൽ, ആലപ്പുഴ.

# വിദ്യാഭിവർദ്ധിനി

## വാർഷികവിശേഷാൽപ്രതി ൧൧൨൭.

---

### അഭിപ്രായങ്ങൾ

കനകജൂബിലി പ്രശസ്തിപരമായ പ്രസിദ്ധീകരണംകൊണ്ടു പ്രഖ്യാതമായ വിദ്യാഭിവർദ്ധിനിയുടെ ആ പാരമ്പര്യത്തിൽ നിന്നു പ്രാദുർഭവിച്ചിട്ടുള്ള ഇക്കൊല്ലത്തെ വാർഷികവിശേഷാൽപ്രതി അഭിനവപ്രകാശത്താൽ നമ്മെ അനുഗ്രഹിച്ചരുളുന്ന ഒരു കോദണ്ഡപാണിയുടെ ചിത്രം മുഖത്തണച്ചും, ലഫ്റ്റനൻറ് ജനറൽ എന്ന നിലയിൽ സചിവോത്തമചിത്രത്തെ അന്തർഭാഗത്തു ചേർത്തും യുദ്ധാനന്തരപരിതഃസ്ഥിതിയിലെ തൻെറ ജന്മകാമത്തെ പ്രത്യക്ഷപ്പെടുത്തുന്നതു് ഈ വിശേഷാൽപ്രതിയെ വിശേഷവിധിയാക്കി മാററുന്നുണ്ടു്. പല പ്രകൃതിമനോഹരമായ ചിത്രങ്ങൾക്കും ഇതിൽ സ്ഥാനമനുവദിച്ചിട്ടുണ്ടു്. പക്ഷേ, അവയെ സംബന്ധിച്ചു ഒരു വിവരവും, തരാൻ ഈ പ്രസിദ്ധീകരണത്തിനു കഴിയാതെപോയി. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൻെറ അടിക്കല്ലിൽപോലും ഇംഗ്ലീഷുലിപിയാക്കിയതു് മാതൃഭാഷാപ്രണയികൾക്കു രസിക്കാതെ വരുന്നതാം.

പല ഗദ്യപദ്യാത്മകങ്ങളായ ലേഖനോപഹാരങ്ങൾ, സുപ്രസിദ്ധസാഹിത്യകൃത്തുക്കളുടെ ആത്മസംഭാവനകളായി ഇതിനെ അലങ്കരിക്കുന്നു. ഭാതൃഭൂമിയെ സംബന്ധിച്ച വള്ളത്തോൾ മഹാകവിയുടെ വൈദികപ്രാർത്ഥനയോടുകൂടി ഇതാരംഭിക്കുന്നു. ശ്രുതിമനോഹരവും നവരസരുചിരവുമായ വള്ളത്തോൾഗാനങ്ങൾ ധനാശിപാടിത്തുടങ്ങിയതു മുതൽക്കുള്ള സ്വരഭേദം ഇതിൽ കുറേക്കൂടി തെളിഞ്ഞു കേൾക്കാം.

ശ്രീ: പുത്തേഴത്തു രാമമേനോൻെറ വിവാഹസമ്മാനമാണു ഗദ്യലേഖനങ്ങളിൽ ഒന്നാം പന്തി പിടിച്ചു നിൽക്കുന്നതു്. അദ്ദേഹത്തിൻെറ ഫലിതരസികതയിൽപെട്ടു ഇന്നത്തെ വിവാഹച്ചടങ്ങു് കാണേണ്ട ഒരു കാഴ്ചയായി തീർന്നിട്ടുണ്ടു്. വധൂവരന്മാരെ പിടിച്ചിരുത്തി; മംഗളപത്രം പാടി പൊലിവുനടത്തിക്കുന്ന ഇന്നത്തെ വിവാഹച്ചടങ്ങു്, ഇന്നത്തെ മംഗളപത്രഭ്രമക്കാരും 'വധൂവരന്മാർക്കു് അനേകം വിലപിടിപ്പുള്ള സമ്മാനങ്ങൾ' എന്നു അതിനു നിറംകൊടുക്കുന്ന റിപ്പോർട്ടർമാരും, നമ്മുടെ പരിഷ്കർത്താക്കളും ആ ലേഖനം ഒന്നു വായിക്കണമെന്നു ശുപാർശചെയ്യാൻ തോന്നിപ്പോകുന്നു. അത്രമാത്രം അതു ആസ്വാദ്യവും അന്യൂനതാപേക്ഷിതവുമായിട്ടുണ്ടു്. മി. ശങ്കരക്കുറുപ്പിൻെറ വെറും കക്ക എന്ന കവിത ഒരു വലവീശലാണു്. അതു് അദ്ദേഹം "ഗാനധാരയാൽ സ്വയം നെയ്തവലയാണു്" ആ വല കവി വീശുന്നതോടുകൂടി പൊങ്ങിപ്പോകുന്നു. പണ്ടു നളമഹാരാജാവു വലവച്ചുപോലെ മേല്പോട്ടു പൊയ്പ്പോയ ജിയുടെ വല ഉയർന്നുയർന്നു സൗരയൂഥത്തിൽ മിന്നിത്തിളങ്ങിയ വെള്ളിത്താരത്തെ (പെരുമീനാണെന്നു പറഞ്ഞിരുന്നെങ്കിൽ കുറച്ചുകൂടി ഔചിത്യമായിരുന്നില്ലേ എന്നു സംശയം) കൊണ്ടു പോരുന്നു. ആ വെള്ളിത്താരത്തെ കക്കയാണെന്നുപലക്ഷിക്കുന്ന വിദഗ്ദ്ധദൃഷ്ടിയെപ്പററി എന്തു പറയാനാണു്. ശ്രീ. ശങ്കരക്കുറുപ്പവർകളുടെ കവിതയ്ക്കുള്ള ശബ്ദാർത്ഥാലങ്കാരവൈചിത്ര്യവും നവോല്ലേഖവൈദഗ്ദ്ധ്യവും ഇതിൽ സവിശേഷം പ്രതിഫലിച്ചു കാണുന്നുണ്ടു്.

മലയാളത്തിലും ഇംഗ്ലീഷിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗ്രന്ഥപെരുപ്പത്തെപ്പററി ശ്രീ. ഗുപ്തൻനായർ ചിന്തിക്കേണ്ടിവരുന്നു. കൈരളിയുടെ സൂകരപ്രസവം കണ്ടു് അന്ധാളിക്കുന്ന മി. നായർ സന്താനനിയന്ത്രണത്തിനു 'കാലമായി കാലമായ്' എന്നു ഇതിൽനിന്നും വിളിച്ചുറിയിക്കുന്നു. ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള അവർകളുടെ കണ്ണകീപ്രതിഷ്ഠ, അഷ്ടബന്ധകലശത്തോടുകൂടി സമാപനം ചെയ്തിട്ടില്ലെങ്കിലും

ചരിത്രപഠിതാക്കളുടെ ഗവേഷണദൃഷ്ടിയെ ഉന്മേഷവത്താക്കാൻ സഹായിക്കുന്നതാണു്. ശ്രീ. നാലാങ്കൽ മരണം മധുരതരമാണെന്നു വരുത്തുവാനുള്ള അഭിപ്രായം മാത്രമേ ഉദ്ധരിക്കുന്നുള്ളു; അതിലേക്കു ചെന്നുചാടാൻ തുടങ്ങിയ ചില മഹാന്മാരുടെ ഭാഗോദ്ഗാർകൃതിയെ വിവർത്തനം ചെയ്യുകയാണെന്ന ശ്രീ ചങ്ങമ്പുഴക്കവിത,

അവിടത്തെച്ചെന്താർമൊട്ടുകൾപോൽ
അതിലോലമാകുമിക്കൈത്തലങ്ങൾ

എന്നും

അവിടത്തെ തൃക്കാൽത്തളിരടികൾ എന്നും പ്രയോഗിക്കുന്നതിൽ ചങ്ങമ്പുഴയുടെ കൂസലില്ലായ്മ ഇതിലും കാണ്മാനില്ലുന്നു. ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചിരിക്കുന്ന ശ്രീ. എം. പി. അപ്പന്റെ ഭാവനകൾ ആനന്ദവൃത്തത്തിൽ അനുഭൂതികൊള്ളുന്നു. ഫലിതത്തിന്റെ പശ്ചാത്തലത്തെ പരാമർശിച്ചുകൊണ്ടു മി. പി. കെ. പരമേശ്വരൻനായർ ചെയ്യുന്ന വിചാരം ഉചിതപ്രൗഢമാണെന്നുവേണം പറയുവാൻ. പരിഹാസം പരിശുദ്ധമായ ഒരു മനോഭാവത്തിന്റെ ഫലമല്ലെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല എന്നും അദ്ദേഹം അതിൽ നിർഭയം സമർത്ഥിക്കുന്നുണ്ടു്. ശ്രീ. സി. ജി. കേശവൻ ബി. ഏ. ബി. എൽ ന്റെ വയോജനവിദ്യാഭ്യാസവും, ഏ. അഹമ്മദ്കുഞ്ഞു ബി. ഏ, എൽ. റ്റി യുടെ മനശ്ശാസ്ത്രവും പ്രതിപാദനാസമഗ്രമായിട്ടില്ലെങ്കിലും ശ്രദ്ധേയമായ ലേഖനങ്ങളാണു്. ഏകാങ്കനാടകങ്ങളെപ്പറ്റി ആർ. നാരായണപ്പണിക്കരവർകൾ ചെയ്തിരിക്കുന്ന ശാസ്ത്രീയചിന്തനം ആ പ്രസ്ഥാനം ഭാഷയിൽ ജന്മമെടുക്കാൻ തുടങ്ങിയിരിക്കുന്ന ഈ സന്ദർഭത്തിൽ തികച്ചും ആദരണീയമാണു്. "വികാസ"ദശയെ പ്രാപിച്ചിരിക്കുന്ന ഓംചേരിയുടെ കവിത വിശേഷാൽപ്രതിയിലെ കവിതാവിഭാഗത്തിൽ അസൂയാർഹമായ ഒരു നില അവലംബിച്ചു നിലകൊള്ളുന്നു.

"മാടകാനനത്തിലാ സന്ധ്യയിപ്പകലിനെ സ്സാദരമേധാതത്തിൽ ചെമ്മുത്തുകണ്ണുടച്ചപ്പോൾ" എന്ന ഭാവാത്മകചിത്രത്തിനു നിറം പിടിപ്പിച്ച കവിതാരസം പകർന്നുതരുന്ന ഓംചേരി പാരസികകവികളുടെ ഉത്തിരിച്ചാറിന്റെ മധുരിമ നമ്മെക്കൊണ്ടു നുണപ്പിക്കുന്നു. പാടലീപുത്രത്തിൽനിന്നു സ്വറാംബെറ്റ്ലിലെയ്ക്കു്, എന്ന ലേഖനത്താൽ ജി. രാമനാഥയ്യർ പൌരസ്ത്യപാശ്ചാത്യങ്ങളായ രാഷ്ട്രീയസംഭവങ്ങളുടെ ആദർശഭിന്നത ഹൃദയസ്പർശമാംവിധം വെളിവാക്കിവയ്ക്കുന്നു. പ്രസിദ്ധകഥാകൃത്തായ എൻ. പി. യുടെ അഭിസാരിക എന്ന ചെറുകഥാഖ്യാനമാത്രയിൽ ഒരു പുരോഗമനബുദ്ധി വളർത്തിയേക്കാമെങ്കിലും ആദർശസുരഭിലമായ മാനസാന്തരത്തിൽ അനുവാചകനെ ഉയർത്തുന്ന ഒരു സാങ്കല്പികവൈഭവമായി അനുഭവപ്പെടും. ഇതിലെ ചെറുകഥകളെല്ലാംതന്നെ ആദർശപരമാണു്. നാലു ഇംഗ്ലീഷുലേഖനങ്ങളും ഈ സമ്പുടത്തിൽ പെടുന്നുണ്ടു്. വനിതാജനങ്ങളും തങ്ങളുടെ സാഹിത്യസേവനത്തെ ഇതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടു്. നല്ലവെള്ളക്കടലാസിൽ ഭംഗിയായി മുദ്രണം ചെയ്തിരിക്കുന്ന ഈ വിശേഷാൽപ്രതി അവിധത്തിലും ഒരു അഭിനവദർശനം സാധിപ്പിച്ചുതരുന്നു. പ്രസിദ്ധരായ പ്രസിദ്ധകരുടെ പ്രശസ്തിയെ പ്രകീർത്തിക്കുന്നതായിത്തന്നെ ഇരിക്കുന്നു വിശേഷാൽപ്രതി.

(മലയാളരാജ്യം.)

2

കാഴ്ചയിലും കാമ്പിലും ഒരുപോലെ ആകർഷണീയമായ ഒരു പ്രസിദ്ധീകരണമാണു് ഇതു്. കേരളത്തിലെ സാഹിത്യരസികന്മാരിൽ പലരുടെയും തൂലികാവിലാസം ഈ വിശേഷാൽപ്രതിയെ ധന്യാത്മമാക്കുന്നു. മെസ്സേഴ്സ് പുത്തേഴത്തു രാമൻമേനോൻ, ശൂരനാട്ടുകുഞ്ഞൻപിള്ള, എസ്സ്, ഗുപ്തൻനായർ, ആർ. നാരായണപ്പണിക്കർ തുടങ്ങിയ ഗദ്യകൃത്തുകളുടെയും മെസ്സേഴ്സ് വള്ളത്തോൾ, ജി. ശങ്കരക്കുറുപ്പ്, എം. പി. അപ്പൻ, ചങ്ങമ്പുഴ, വെണ്ണിക്കുളം, പള്ളത്തു തുടങ്ങിയ കവികളുടെയും ഗദ്യപദ്യലേഖനങ്ങൾ ഈ പ്രസിദ്ധീകരണത്തെ അലങ്കരിക്കുന്നു. ചുരുക്കത്തിൽ, പ്രബന്ധകർത്താക്കളുടെ പ്രസിദ്ധി, പ്രബന്ധങ്ങളുടെ വിഷയവൈവിധ്യം, മനോഹരമായ പടങ്ങൾ, നല്ല അച്ചടി എന്നുവേണ്ട, കെട്ടും, മട്ടും, ഉള്ളടക്കവും എല്ലാം

ഈ ഗ്രന്ഥത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നു.

(മലയാളി.)

3

വിദ്യാഭിവർദ്ധിനിമാസികയുടെ പ്രഥമവാർഷികത്തിന്റെയും കൊല്ലം വിദ്യാഭിവർദ്ധിനി മുദ്രാലയത്തിന്റെ ഷഷ്ട്യബ്ദപൂർത്തിയുടെയും സ്മാരകമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിദ്യാഭിവർദ്ധിനി വാർഷികവിശേഷാൽപ്രതി കൈപ്പറ്റിയിരിക്കുന്നു. ഡെമ്മി നാലിലൊന്നു വലിപ്പത്തിൽ മേനിക്കടലാസ്സിൽ 120 പുറങ്ങളുള്ള ഈ വാർഷികഗ്രന്ഥത്തിൽ വള്ളത്തോൾ, പുത്തേഴത്തു രാമൻമേനോൻ, ജി. ശങ്കരക്കുറുപ്പ്°, ചങ്ങമ്പുഴ മുതലായ സാഹിതീഭക്തന്മാരുടെ രസപ്രദങ്ങളായ 41 ഗദ്യപദ്യലേഖനങ്ങൾക്കു പുറമേ പ്രാരംഭത്തിൽ മഹാരാജാവ്°, ഇളയരാജാവ്°, മഹാറാണി, കാർത്തികതിരുനാൾ തമ്പുരാട്ടി എന്നീ തിരുമേനിമാരുടെയും സചിവോത്തമന്റെയും ഛായാചിത്രങ്ങളും മററു പല ഭൂപ്രകൃതിചിത്രങ്ങളും ചേർത്തിരിക്കുന്നു. ഇത്ര നല്ല ഒരു വാർഷികപ്പതിപ്പ്° വിദ്യാഭിവർദ്ധിനിക്കു പ്രസാധനം ചെയ്യുവാൻ സാധിച്ചതിൽ തൽപ്രവർത്തകരെ അഭിനന്ദിച്ചുകൊള്ളുന്നു.

(പൗരധ്വനി)

---


വിനോദമാസിക

## "ചിത്രഭാനു"

വിളഞ്ഞ നേരമ്പോക്കിൽപൊതിഞ്ഞ കാര്യമ്പോക്ക്°!!

വിനോദവിശറിയാണ്°! വിജ്ഞാനഡയറിയാണ്°!!

ചിരിച്ചു തലകുലുക്കാം! ചിന്തിച്ചു മതിമയങ്ങാം!

വരിസംഖ്യ:—അഞ്ചലിൽ 2-0 തപാൽവഴി 3-0 ഇൻഡ്യയ്ക്കുപുറമേ 4-0 രൂപാ മുൻകൂർ.

ഏജൻറന്മാർക്കു പ്രത്യേകവ്യവസ്ഥകൾ!

N. B. വി. പി. ഏർപ്പാട്° ഇല്ലാ.

മാനേജർ, ചിത്രഭാനു, ഹരിപ്പാട്°, തിരുവിതാംകൂർ.



വാങ്ങുവിൻ! വായിപ്പിൻ!

തിരുവല്ലാ മഹാക്ഷേത്രത്തിന്റെ സ്ഥലപുരാണം അസ്പദമാക്കി സ്വതന്ത്രമായി രചിച്ചിട്ടുള്ള

## ശ്രീവല്ലഭചരിതം

ലഘുകാവ്യം.

വിലരൂപാ ഒന്നുമാത്രം.

ഗ്രന്ഥകാരൻ, വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി, M. R. A. S.

ഇരുകലശ്ശേരി, തിരുവല്ലാ A.O. & P.O.

# * വിരൽച്ഛേദം

അഥവാ

## "എല്ലാം നന്മയ്ക്കുതന്നെ."

By

(എസ്. പി.)

ആ സ്ഥലം പട്ടണത്തിൽനിന്നും രണ്ടുമൈൽ അകലെയുള്ള ഒരു ഘോരവിപിനത്തിലായിരുന്നു. സിംഹവ്യാഘ്രാദി മൃഗങ്ങൾ അധിവസിച്ചിരുന്ന ആ വനം മൃഗയാകുതുകികളെ ആകർഷിച്ചു. രാജവീഥിയിൽ നിന്നും അരമൈൽ അകന്ന് കുറിക്കാടുകൾ നിറഞ്ഞ ഒരു പ്രദേശം ആ കാനനത്തിൽ ഉണ്ടായിരുന്നു. ഒരു ദിവസം പകൽ മൂന്നുമണിക്കു കുറിക്കാടുകൾ അധികമില്ലാത്ത ഒരു തെളിഞ്ഞ സ്ഥലത്ത് ഏകദേശം ഇരുപത്തിമൂന്നുവയസ്സു പ്രായമുള്ള ഒരു യുവാവ് കിടന്നിരുന്നു. ക്ഷീണാധിക്യം നിമിത്തം അയാൾ കണ്ണടച്ചാണ് കിടന്നിരുന്നത്. അത്യധികമായ ക്ഷീണപാരവശ്യമല്ലാതെ മുഖത്തു മറെറാരു ഭാവവുമുണ്ടായിരുന്നില്ല. അല്പം അകലെ ഒരു തോക്കു കിടന്നിരുന്നു. ആൾ ഒരു സമ്പന്നകുടുംബജാതനാണെന്ന് വേഷധാരണരീതിതന്നെ വെളിപ്പെടുത്തുന്നുണ്ടായിരുന്നു. അക്കാലത്തെ രാജാക്കന്മാരും പ്രഭുക്കന്മാരും ധരിക്കാറുള്ള വേഷത്തിലായിരുന്നു അദ്ദേഹത്തിന്റെ വസ്ത്രധാരണം. അദ്ദേഹത്തിന്റെ കാലുറകളും ഉടുപ്പും തൊപ്പിയും പച്ചനിറമായിരുന്നു.

ക്ഷീണപരവശനായി മയങ്ങിക്കിടന്നിരുന്ന തരുണന്റെ സവിധത്തിൽ ഒരു സിംഹം പെട്ടെന്ന് ഇടിവെട്ടുംപോലെ ഗർജ്ജിച്ചു. ഭയങ്കരശബ്ദംകേട്ട് മൃഗയാകുതുകി പെട്ടെന്നു കണ്ണുതുറന്നു കേസരിയെക്കണ്ടു. തൽക്ഷണം സംഭ്രമപരവശനായി ഇടിവെട്ടേററതുപോലെ ബോധരഹിതനായിത്തീർന്നു. മൃഗരാജാവ് യുവാവിന്റെ ഓരോ അംഗവും ഘ്രാണിച്ചു പരിശോധനനടത്തി.

അപ്പോൾ ആ വഴിവന്ന ഒരു വനചാരൻ മരിച്ചവനോ, മരിക്കാറായവനോ ആയ യുവാവിനെ സിംഹം ഘ്രാണിച്ചിട്ട് കാട്ടിനുള്ളിലേയ്ക്കു പായുന്നതു കണ്ടു. അയാൾ ആ ഹിംസ്രജീവിയെ ഒററവെടിക്ക് ശരിയാക്കി. പിന്നീട് ആ ദീനദയാലു യുവാവിന്റെ അടുത്തുചെന്നു മൂക്കിനുതാഴെയും മാറിടത്തിലും കൈവച്ചു പരിശോധിച്ചു. അതിവേഗത്തിൽ അടുത്തുണ്ടായിരുന്ന ഊററുകുഴിയിൽ നിന്ന് കൈയിലിരുന്ന പാത്രത്തിൽ വെള്ളം കൊണ്ടുവന്ന് ആ മുഗ്ദ്ധന്റെ മുഖത്തു തളിച്ചു. കണ്ണുതുറക്കുന്നതുകണ്ട് അദ്ദേഹത്തിന്റെ വായിൽ കുറെ വെള്ളം ഒഴിച്ചുകൊടുത്തു. അദ്ദേഹം അത്യാർത്തിയോടെ ആ വെള്ളമെല്ലാം കുടിച്ചു. അദ്ദേഹം കണ്ണും മുഖവും തുടച്ചു. അപ്പോൾ വേടൻ തരുണന്റെ ഇടതുകൈയിൽ പവിത്രവിരൽ ഇല്ലെന്നു മനസ്സിലാക്കി. അയാൾ ഒരു മുണ്ടുകൊണ്ട് ആ പരവശനെ വീശിക്കൊണ്ടിരുന്നു. ഈ യുവസുന്ദരനെ രക്ഷിക്കുവാൻ സമയത്ത് എത്തുന്നതിനു സാധിച്ചതിൽ ആ വനചാരി ഈശ്വരനെ മനസാ സ്തുതിച്ചു.

കുറെനേരം കഴിഞ്ഞപ്പോൾ ആ യുവാവ് എഴുന്നേററിരുന്നു. അദ്ദേഹത്തെ മന്ദം മന്ദം നടത്തി മാടത്തിൽ കൊണ്ടുപോയി, വനഭോജ്യങ്ങൾ കൊടുത്ത് മലയൻ ബഹുമാനപുരസ്സരം ഉപചരിച്ചു. അനന്തരം ആഗതന്റെ ഹിതമനുസരിച്ച് അവർ പട്ടണത്തിലേയ്ക്കു പുറപ്പെട്ടു.

* പകർപ്പവകാശം കാഥികന്.

നടന്നുപോകുമ്പോൾ അവർതമ്മിൽ ഒരു സംഭാഷണം നടന്നു.

വനചരൻ:—"കാട്ടിൽ തനിച്ചു് എന്തിനുവന്നു? എവിടെ പോകണം?"

യുവാവു്:—"അനുചരന്മാരോടുകൂടി കാട്ടിൽവന്നു് വേട്ടയാടി അവരെ വിട്ടുപിരിഞ്ഞു് ഒററയ്ക്കു ക്ഷീണംകൊണ്ടു അവിടെയിരുന്നു് മയങ്ങിപ്പോയി. ഒരു ഭയങ്കരശബ്ദംകേട്ടു ഞാൻ കണ്ണുതുറന്നു. എന്റെ തൊട്ടടുത്തു് ഞാൻ ഒരു സിംഹത്തെക്കണ്ടു ഭയന്നു് കിടുകിടവിറച്ചു. പിന്നത്തെ കഥയൊന്നും എനിക്കറിഞ്ഞുകൂടാ."

വനചരൻ:—"ആവഴി വന്നപ്പോൾ ഒരു സിംഹം ഒരു ശരീരത്തെ മണത്തുനോക്കിട്ടു കാട്ടിനുള്ളിലേയ്ക്കു പാഞ്ഞടുക്കുന്നു. ഉടനെ അടിയൻ ഒററവെടിക്കു് അതിന്റെ കഥ കഴിച്ചു. അവിടെ കിടന്ന ശരീരത്തെ തൊട്ടുനോക്കിയപ്പോൾ ജീവനുണ്ടെന്നു മനസ്സിലായി. ശീതോപചാരങ്ങൾ ചെയ്തു ശുശ്രൂഷിച്ചു. ഹിംസ്രമൃഗം നിങ്ങളെ കൊന്നുതിന്നാതെ ഉപേക്ഷിച്ചതു് കൈയിൽ ഒരു വിരൽ ഇല്ലാത്തതുകൊണ്ടാണു്. മൃഗരാജാവു് ശവശരീരത്തെയും അംഗഭംഗംവന്ന ആളെയും ഭക്ഷിക്കുകയില്ല."

വിരൽക്കുറവാണു് തന്റെ പ്രാണനെ രക്ഷിച്ചതെന്നു വേടൻ പറഞ്ഞുകേട്ടതുമുതൽ, ആ യുവാവിന്റെ മുഖംനോക്കിയാൽ പലതരം ചിന്തകൾക്കു അധീനനാണെന്നു തോന്നുമായിരുന്നു. പിന്നീടു ഇരുവരും ഒന്നും ഉരിയാടാതെ യാത്രതുടർന്നു. അവർ രാജവീഥിയുടെ ഒരു തിരിവിൽ എത്തിയപ്പോൾ, യജമാനനെ അന്വേഷിച്ചു് എതിരെവന്ന ഒരുസംഘം ഭടന്മാർ ആ യുവാവിനെക്കണ്ടു അഭിവാദ്യം ചെയ്തുനിന്നു. ഉടനെ വനചരൻ മടങ്ങിപ്പോകുവാൻ അനുവദിക്കണമെന്നു് ധനികയുവാവിനോടു ഏററവും താഴ്മയായി അപേക്ഷിച്ചു. അദ്ദേഹമാകട്ടെ അയാളെ സ്വമന്ദിരത്തിൽ കൊണ്ടുചെന്നു് അനേകം സമ്മാനങ്ങൾ കൊടുത്തിട്ടാണു് യാത്രയാക്കിയതു്. ഒട്ടും താമസിക്കാതെ, ആ യുവാവു് ഒരു ഭടനെവിളിച്ചു "രത്നസേനനെ തടവിൽനിന്നും ഉടൻ മോചിപ്പിക്കുക" എന്നു് അധികാരസ്വരത്തിൽ ആജ്ഞാപിച്ചു.

ഈ യുവാവും രത്നസേനനും ആരു്? രത്നസേനനെ ബന്ധനത്തിൽ പാർപ്പിക്കാൻ കാരണമെന്തു്? ഇപ്പോൾ ബന്ധനമോചനം നൽകിയതെന്തുകൊണ്ടു്? ഈ പ്രശ്നങ്ങളുടെ ഉത്തരം ആരാഞ്ഞറിയുന്നതു് രസപ്രദമാകുന്നു.

മൃഗയാവിനോദത്തിൽ അതിതല്പരനായ ഈ യുവാവു് മഹേന്ദ്രപുരം രാജാവായിരുന്ന യശോധർമ്മനാണു്. ഈശ്വരവിശ്വാസിയും സത്സ്വഭാവിയുമായിരുന്നുവെങ്കിലും മുൻകോപം അദ്ദേഹത്തെ അതിയായി ബാധിച്ചിരുന്നു. ഭരണാധികാരം സിദ്ധിച്ചിട്ടു് അന്നു രണ്ടുവർഷം തികഞ്ഞിരുന്നില്ല.

രത്നസേനൻ ആ രാജ്യത്തിലെ മന്ത്രിമുഖ്യനായിരുന്നു. ഏതിന്റെയും ഒരുഭാഗം നോക്കിഗ്രഹിക്കുന്നതിനു മാത്രമേ അദ്ദേഹത്തിനു വശതയുള്ളൂ എന്നു് ചിലർ പറഞ്ഞിരുന്നു. ഗുണഭാഗം ദർശിക്കുന്നതിനു മാത്രം കണ്ണും കരളും അദ്ദേഹത്തിനു സമർത്ഥമായുണ്ടായിരുന്നു. "നന്മയ്ക്കായിട്ടല്ലാതെ ഈശ്വരൻ യാതൊന്നും ചെയ്യുന്നില്ല" എന്നു് ദൃഢബോധമുള്ളവനായിരുന്നു ആ മന്ത്രിസത്തമൻ.

മഹീപാലനു് മഹാഭാഗ്യംവരുമ്പോഴും, ധരാപാലനു് ദുരന്തദുരിതം നേരിടുമ്പോഴും ഈ മന്ത്രിപണ്ഡിതൻ "എല്ലാം നന്മയ്ക്കുതന്നെ" എന്നു പറഞ്ഞുവന്നു. മഹാരാജാവിനു് ഈ പല്ലവി ക്രമാതീതമായ മുഷിപ്പും വെറുപ്പും ഉണ്ടാക്കി. ഒരുദിവസം അധിപതി അത്യന്തം കുപിതനായി മന്ത്രിയെ തുറിച്ചുനോക്കിക്കൊണ്ടു് ഇങ്ങനെ ആക്രോശിച്ചു:—"ചിലതെങ്കിലും തിന്മയ്ക്കു് എന്നുച്ചരിക്കരുതോ?" മഹാരാജാവിന്റെ ക്രുദ്ധമായ നോക്കും വാക്കും മന്ത്രിയുടെ മുഖഭാവത്തിൽ അണുമാത്രം മാററംവരുത്തുവാൻ ശക്തമായില്ല. അദ്ദേഹം പ്രകൃത്യാ പ്രശാന്തനായിരുന്നു. എന്തു ദർശിച്ചാലും ഏതുതരം വൃത്താന്തം ശ്രവിച്ചാലും "എല്ലാം നന്മയ്ക്കുതന്നെ" എന്നു് ആ ശാന്തൻ തുടർന്നു.

ഒരുദിവസം ഖഡ്ഗപ്രയോഗപരിശീലനത്തിനിടയ്ക്കു് മഹാരാജാവിന്റെ കൈയിലെ ഒരു വിരൽ മുറിഞ്ഞു താഴെവീണു. അപ്പോൾ അതുവഴിവന്ന മന്ത്രിശ്രേഷ്ഠനോടു് തിരുമേനി മുറിഞ്ഞഭാഗം കാണിച്ചു് ഇങ്ങനെ അരുളിച്ചെയ്തു:—"എല്ലാം ഗ്രഹപ്പിഴതന്നെ.—വിരൽ അം

ററുവീണുപോയി. വേദന സഹിക്കുവാൻ വയ്യാ." തൽക്ഷണം അദ്ദേഹം "എല്ലാം നന്മയ്ക്കു തന്നെ" എന്നു പ്രവചിച്ചു. "എന്റെ വിരൽ മുറിഞ്ഞുവീണതും നന്മയ്ക്കു" എന്നു് കോപാക്രാന്തനായി തന്നത്താനെ അരുളിക്കൊണ്ടു്, ക്ഷോണീപാലൻ ഇങ്ങനെ കല്പിച്ചു:—"രത്നസേനനെ കൊണ്ടുപോയി തടവിൽ പാൎപ്പിക്കുക. ഇരുപതുവൎഷം അവിടെ കിടക്കട്ടെ." ആ ശിക്ഷ കേട്ടപ്പോഴും ആ ധീമാൻ "നന്മയ്ക്കു തന്നെ" എന്നു ഉച്ചരിക്കയാണു് ചെയ്തതു്.

അവിടെ നിന്നവർ അദ്ദേഹത്തെ നോക്കി ഇങ്ങനെ പരിതപിച്ചു. "നിങ്ങൾ ബധിരനായിരുന്നെങ്കിൽ ഏററവും നന്നായിരുന്നു. അതു് സാധ്യമല്ലാത്തതിനാൽ മൂകനായിരുന്നാലും മതിയായിരുന്നു. അതും നടപ്പില്ലാത്തതിനാൽ മിണ്ടാതിരുന്നാൽ മതിയായിരുന്നു."

ആ സ്ഥിരചിത്തൻ ജയിലിൽ കിടന്നപ്പോൾ ഇങ്ങനെ വിചാരിച്ചു് സമാശ്വസിച്ചിരിക്കാം:—"കൎമ്മത്തിന്റെ ഗുണദോഷം കൎത്താവിനാണല്ലൊ. നന്മയ്ക്കായല്ലാതെ ദൈവം ഒന്നും ചെയ്യുന്നതല്ല."

മന്ത്രിയെ ബന്ധനത്തിൽ പാൎപ്പിച്ച നാല്പത്തൊന്നാംദിവസമാണു് മഹാരാജാവിനു് മഹാരണ്യത്തിൽവച്ചു് സിംഹദൎശനം ഉണ്ടായതു്. ഇപ്പോൾ മന്ത്രിയെ കാരാഗൃഹത്തിൽനിന്നും മോചിപ്പിച്ചതു്, ക്ഷമാപാലനു് യഥാൎത്ഥജ്ഞാനം ഉദിച്ചതുകൊണ്ടാണു്. ഈശ്വരവിശ്വാസമാഹാത്മ്യം അത്ഭുതാവഹംതന്നെ.

രത്നസേനനെ കണ്ടമാത്രയിൽ രാജാവു് വളരെ പശ്ചാത്തപിക്കുകയും വീണ്ടും മന്ത്രിയായി നിയമിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം നായാട്ടുവൃത്താന്തം മുഴുവൻ ഗ്രഹിപ്പിച്ചു. അവസാനമായി അരുളിച്ചെയ്തതു് ഇതാണു്:—"നിങ്ങൾ പറയുന്നതു് സത്യംതന്നെയാണു്. എന്റെ വിരൽ നഷ്ടമായതു് എന്റെ നന്മയ്ക്കു കാരണമായി. സിംഹം എന്നെ ജീവനോടെ ഉപേക്ഷിച്ചു. ആപത്തിന്റെ തുമ്പത്തു് സമ്പത്തുണ്ടു്. സംശയമില്ല." ഒന്നുരണ്ടു ദീൎഘമായി നിശ്വസിച്ചിട്ടു് ഇങ്ങനെ ചോദിച്ചു:—"നിങ്ങൾ ബന്ധനശിക്ഷ അനുഭവിച്ചതു് നന്മയ്ക്കുതന്നെ" എന്നു് എങ്ങനെ പറയാം

അതിനു് മന്ത്രി ഇപ്രകാരം ഉത്തരംപറഞ്ഞു:-"അതു് വ്യക്തമാണല്ലോ. ഞാൻ ജയിലിൽ കിടന്നതുകൊണ്ടു് കല്പിച്ചു എന്നെ വേട്ടയ്ക്കുകൂടെ കൊണ്ടുപോകുവാൻ ഇടയായില്ല. മൃഗരാജാവു് എന്നെ ഘ്രാണിച്ചിരുന്നുവെങ്കിൽ നിശ്ചയമായും എന്നെ കൊന്നു തിന്നുമായിരുന്നു. അപ്പോൾ അതും നന്മയ്ക്കല്ലെ?"

അന്നുമുതൽ മഹാരാജാവു് മന്ത്രിയായ രത്നസേനനെ തുലോം ബഹുമാനിച്ചു. മന്ത്രിയുടെ അഭിപ്രായത്തിനു പ്രതികൂലമായി തിരുമേനി ഒരു കാൎയ്യവും നടത്തിയില്ല. വിവേകസമ്പത്തും ക്ഷമാഗുണവും മഹേന്ദ്രനിൽ വളൎന്നു. രാജ്യത്തിൽ ആഹ്ലാദവും സമാധാനവും വിളയാടി "നന്മയ്ക്കായിട്ടല്ലാതെ ഈശ്വരൻ ഒന്നും ചെയ്യുന്നതല്ല." എന്നു് എല്ലാവരും വിശ്വസിച്ചു.

---

**SREE RAMA VILASAM BANK**

**ALLEPPEY.**

എല്ലാവിധ ബാങ്കിടപാടുകളും,
പ്രതിമാസച്ചിട്ടിയും നടത്തുന്നതാണു്.

Proparietor N. Rama Pai,

# * ബാഷ്പോപഹാരം.

---

മിസ്സ്. എം. പി. ആനന്ദവല്ലി.

അമ്മേ! നിൻഗളത്തിലായ് ചാർത്തുവാൻപണിയുന്നോൻ
നിർമ്മലമണിമാല്യമെങ്കരൾകണ്ണീരിനാൽ
താരകൾനിൻചേവടിത്താരിണയണിയിപ്പാൻ
വാരിളംവെളിച്ചത്തിൽ നിർമ്മിപ്പൂ ചിലമ്പുകൾ
എങ്കിലു,മെനിക്കേഴും ശോകസന്തപ്തങ്ങളീ-
ക്കണ്ണുനീർകണങ്ങൾ ഹാ! നിൻമാറിൽ ലസിച്ചിട്ടും
വിത്തവും, ഐശ്വര്യവും, കീർത്തിയും നിങ്കൽനിന്നുൽ-
ഭൂതമാ,ണവ മന്നിലേക്കാകിയില്ലെന്നും വരാം
എങ്കിലോ മമ ബാഷ്പബിന്ദുക്കളോരോന്നുമെൻ
സ്വന്തമാ,ണവ ഞാനിന്നങ്ങേയ്ക്കർപ്പിക്കുമ്പോൾ
നീ കനിഞ്ഞേകീടുന്നിതെനിക്ക സമ്മാനമായ്
ശ്രീകൃപാഭരിതമാം നിന്നനുഗ്രഹം തായേ!

---

* (Tagore) ഗീതാഞ്ജലിയിൽനിന്ന വിവർത്തനം.


# മസൂരിജ്വരനിവാരണഗുളിക.

മസൂരിരോഗാണുക്കൾ ശരീരത്തിൽ വ്യാപിക്കാതെ സൂക്ഷിക്കുന്നതിന്ന് അത്യുത്തമമായ ഒരു ദിവ്യൗഷധം. രോഗം വരാത്ത ആളുകൾ ഈ ഗുളിക ഉപയോഗിച്ചുകൊണ്ട് മസൂരി പിടിപെട്ടവരെ ശുശ്രൂഷിക്കാം; രോഗം പകരുകയില്ല. മറ്റെല്ലാവിധ രോഗങ്ങളേയും ഉടൻ ശമിപ്പിക്കുന്ന ദിവ്യൗഷധങ്ങളുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക:—

കെ. കൊച്ചുവേലുവൈദ്യൻ,
ഗൗതമവിലാസം ആയുർവേദവൈദ്യശാല,
പാക്കള്ളിൽചിറയിൽ,
തെക്കനാര്യാട്—ആലപ്പുഴ.

# ഗ്രന്ഥവിമർശനം.

"ജീവിതം"

ഒരു സാമുദായിക ഗദ്യനാടകം.

By,

കുമാരി L. ലീലാബായി.

വില രൂ. 1

ശ്രീവിലാസം പ്രസ്സ്.

നാടകരചന വളരെ പ്രയാസമുള്ള ഒരു സാഹിത്യവ്യവസായമാണു്. 'നാടകാന്തം കവിത്വം' അതായതു് കവിത്വത്തിനു് മകുടം വയ്ക്കുന്നതു് നാടകമാണു്, എന്നത്രേ പഴമക്കാർ പറയുന്നതു്. കാവ്യങ്ങളെഴുതി നല്ല തഴക്കം സിദ്ധിച്ചതിനു ശേഷമേ കവിസാർവഭൗമനായ കാളിദാസനുംകൂടി നാടകമെഴുതുവാൻ ഒരുവിധം ധൈര്യംവന്നുള്ളു. ഇന്നാകട്ടെ നാടകാദ്യം കവിത്വമായിത്തീർന്നിട്ടുണ്ടു്. പല സാഹിത്യകാരന്മാരും നാടകവുംകൊണ്ടാണു് ഇന്നു് രംഗപ്രവേശം ചെയ്യുന്നതു്. ഈ കാരണത്താൽ മലയാളനാടകവേദി പുരോഗതിയിലേക്കോ അധോഗതിയിലേക്കോ പൊയ്ക്കൊണ്ടിരിക്കുന്നതെന്നു് അനുഭവസ്ഥർ തീരുമാനിക്കേണ്ടതാണു്.

സംഖ്യാതീതങ്ങളും വിഭിന്നങ്ങളുമായ സംഭവങ്ങളുൾക്കൊള്ളുന്ന പ്രപഞ്ചത്തെ ഭാവനയിൽക്കൂടി കാണാൻ കഴിയുന്ന അനുഗൃഹീതനായ ഒരു കലാകാരനുമാത്രമേ യഥാർത്ഥനാടകകൃത്താകുവാൻ സാധിക്കുകയുള്ളു. ദേശകാലാവസ്ഥകളുടെ സൂക്ഷ്മവിജ്ഞാനം നാട്യകലാപരിചയം ഔചിത്യബോധം, സർവോപരി രചനാസൗഷ്ഠവം ഇവ ഒരു നാടകകർത്താവിനു് അവശ്യം വേണ്ട ഗുണങ്ങളാണു്. അത്തരം ആളുകളുടെ നാടകങ്ങൾ ആദ്യമായാലും ശരി അവസാനമായാലും ശരി ശാശ്വതസ്ഥിതിയെ പ്രാപിക്കതന്നെ ചെയ്യും.

'ജീവിത'ത്തിന്റെ രചയിത്രിയായ ശ്രീമതി ലീലാബായി നിഷ്കളങ്കമായ കലാരാധനയാൽ കൈരളിയുടെ സവിശേഷസ്നേഹത്തിനു പാത്രമാകുവാൻ വെമ്പൽകൊള്ളുന്ന ഒരു യുവസഹോദരിയാണു്. മനുഷ്യന്റെ വിശിഷ്യ സ്ത്രീയുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെയും ചിന്താശക്തിയെയും നിഹനിക്കുന്ന ദുഷിച്ചസാമുദായികാചാരങ്ങളെ തട്ടിത്തകർക്കണമെന്നുള്ള ഉദ്ദേശമാണു് ശ്രീമതിയുടെ ചെറുകഥകളിലും മററും പ്രായേണ തെളിഞ്ഞുകാണുന്നതു്. ജീവിതത്തെ യാഥാർത്ഥ്യങ്ങളുമായി അടുപ്പിക്കുകയാണു് കലയുടെ കർത്തവ്യമെങ്കിൽ ഈ ഉദ്ദേശത്തെ അശേഷം അപലപിക്കാവുന്നതല്ല. പക്ഷേ പ്രയോജനനിർവഹണത്തിലുള്ള വ്യഗ്രതയിൽ കലാധർമ്മങ്ങളെ കൈവെടിയാതിരിക്കാൻ നിഷ്കർഷിച്ചില്ലെങ്കിൽ തന്മയത്വസിദ്ധിയിൽ എത്തുവാൻ സാധിച്ചില്ലെന്നു വന്നേക്കാം.

തികച്ചും സമുദായപരിഷ്കരണമാണു് "ജീവിത"മെന്ന ഈ നാടകകൃതിയിലും രൂപം പ്രാപിച്ചിട്ടുള്ളതു്. നായികാനായകന്മാരായ കലാരസികരുടെ പ്രേമം നൈസർഗ്ഗികവും സുന്ദരവുമാണു്. അതിന്റെ ഗളനാളത്തിൽ മാതാപിതാക്കന്മാരുടെ സാമുദായികസ്വാതന്ത്ര്യം കത്തിവയ്ക്കുന്നു. അവരുടെ ജീവിതം തകർന്നു തരിപ്പണമാകുന്നു.

ഇതിലെ കഥാഘടന അക്ലിഷ്ടവും സ്വാഭാവികത തഴുകുന്നതുമാണു്. എങ്കിലും നിരൂപകന്മാർക്കു് ചില പൊരുത്തക്കേടുകൾ അവിടവിടെ കണ്ടെത്താൻ കഴിയും. പെൺഷൻകളക്ടർ സ്വസഹോദരീപുത്രനായ രവിയെ പുത്രിയുമായി കൂട്ടിയിണക്കുന്ന സമ്പ്രദായം അത്ര അശാസ്യമായിത്തോന്നുന്നില്ല. ഭർത്താവില്ലാതിരുന്നു നരച്ചാലും ഒരു മാന്യനായ അച്ഛൻ അത്തരം മുഗ്ദ്ധതയ്ക്കു് വഴിതെളിക്കുമോ എന്നു സംശയമാണു്. 'ആശ'യുടെ സൃഷ്ടിയും ചില വസ്തുതകളെ വെളിപ്പെടുത്തുവാൻ മാത്രമാണെന്നു് തോന്നിപ്പോകുന്നു. കഥാപാത്രങ്ങളുടെ സംഭാഷണത്തിൽ പൊതുവേ ഒരു സ്ത്രീത്വ

ച്ഛായ സ്പർശിച്ചുകാണുന്നുണ്ട്. രസങ്ങൾ ഇടകലർത്തി പ്രയോഗിച്ച് രംഗങ്ങൾക്ക് കുറെക്കൂടി ജീവൻ കൊടുക്കുവാൻ സാധിക്കുമായിരുന്നു. മരണരംഗങ്ങൾ ഫലിപ്പിക്കുക വളരെ പ്രയാസമാണ്. ഇക്കാര്യത്തിൽ ഗ്രന്ഥകർത്രി പരിപൂർണ്ണവിജയം ആർജ്ജിച്ചിട്ടുണ്ടെന്ന് നിസ്സംശയം പറയാം.

വളരെ പരിഷ്കൃതാശയ ആയിരുന്നിട്ടും 'കല' തന്റെ അഭിലാഷം മാതാപിതാക്കന്മാരെ അറിയിക്കാതെയിരുന്നതെന്ത് എന്ന് അവതാരികാകാരൻ ഉന്നയിച്ച ആക്ഷേപം ചിന്തനീയമാണ്. ജഡ്ജിയുടെ ഓമനപ്പുത്രനും, സുശീലനും, ഉന്നതബിരുദധാരിയുമായ രവിയെ ഭർത്താവായി ലഭിക്കുന്നതിൽ, അച്ഛനമ്മമാർക്ക് ഒരു കാലത്തും വിപ്രതിപത്തിയുണ്ടാകാനിടയില്ലെന്നായിരിക്കാം, ചന്ദ്രന്റെ ഭാര്യയാകണമെന്നു അവർ പറയുന്ന നിമിഷംവരെ കല വിശ്വസിച്ചിരുന്നത്. അത്ര പരിശുദ്ധമായിരുന്നു അവളുടെ ഹൃദയം എന്നു വരരുതോ— പോകട്ടെ.

പാത്രങ്ങളുടെ നാമകരണം അത്യന്തം സമഞ്ജസമായിട്ടുണ്ട്. ആശയും കലയും ജീവിതത്തിലെ രണ്ടു പ്രധാന ഘടകങ്ങൾതന്നെയാണ്. ആശയില്ലാതെ കലയില്ല. കലയില്ലാതെ ജീവിതമില്ല. രവിയും ചന്ദ്രനും കലയെ സന്തോഷിപ്പിക്കുന്നു; കരയിക്കുന്നു; കൊല്ലുന്നു. ഇങ്ങനെ തത്വപരമായ ഒരർത്ഥംകൂടി പാത്രസൃഷ്ടിമൂലം സാധിച്ച ശ്രീമതിയുടെ ഔചിത്യം സഹൃദയസംവേദ്യമാണെന്നേ പറയാനുള്ളു. സംഗീതത്തിനും, അങ്ങിങ്ങ് ഉചിതമായ പഴുതുകൾ ഇട്ടിട്ടുണ്ട്. അതും കലാവാസനയുടെ ഒരനുഗ്രഹമാണ്. അന്തന്നാടകകല്പന, കളക്ടരുടെ മുറിവ്, മുതലായവ വ്യാപകമായ കലാബോധത്തിന്റെ നിഴലുകളായി പരിഗണിക്കാം. ആകപ്പാടെ നാടകം അഭിനയയോഗ്യവും ആസ്വാദനീയവുമാണെന്ന് നിസ്സംശയം പ്രസ്താവിക്കാം. ഗ്രന്ഥകർത്രിക്കു സർവ്വവിധ വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

(എസ്. കെ.)


## ലജ്ജിക്കേണ്ട!

അസ്ഥിസ്രാവം, സോമരോഗം അഥവാ വെള്ളപോക്ക് ആരംഭിച്ചതു മുതൽ ലജ്ജമൂലം രഹസ്യമായി വച്ചതുകൊണ്ട് മൂത്രച്ചൂട്, വയറുകത്തൽ, കൈകാൽ തളച്ച്, പിളപ്പ്, കിതപ്പ് തുടങ്ങിയ ഉപദ്രവങ്ങൾ വർദ്ധിച്ച് നിത്യരോഗികളായിത്തീരുന്നതിനുമുമ്പ് ഞങ്ങൾ പ്രത്യേകമായി തയ്യാർചെയ്തിട്ടുള്ള "ചന്ദനരസായനം" ഉടൻ ഉപയോഗിച്ച് പ്രസ്തുത രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ച് ആരോഗ്യം, യൌവ്വനം, സൌന്ദര്യം ഇവ ഒന്നുപോലെ വർദ്ധിപ്പിക്കുക. മൂത്രാശയരോഗങ്ങളിലും, ഉഷ്ണരോഗങ്ങളിലും അത്ഭുതഫലത്തെ ചെയ്യും.

റാത്തൽ 1-ക്ക് 5-ക.

പാക്കിങ്ങ് തപാൽ ചെലവ് പുറമേ.

ഭാരതവൈദ്യശാല, (Regd)

H. O. ചാലക്കുടി. ബ്രാഞ്ച്:— തൃശ്ശിവപേരൂർ.

N. B. വി. പി. യായി ആവശ്യപ്പെടുമ്പോൾ ഹെഡ്ഡാപ്പീസിലേക്കെഴുതേണ്ടതാണ്.

# S. T. റെഡ്ഡ്യാർ & സൺസ്,

വി. വി. പ്രെസ്സ്—കൊല്ലം.

പ്രസ്സ്ബ്രാഞ്ചുകൾ:—
ആലപ്പുഴ,
S. P. പ്രെസ്സ്, കൊല്ലം.

ഡിപ്പോ ബ്രാഞ്ചുകൾ:—
കൊല്ലം,
ആ ല പ്പു ഴ.

## ഞങ്ങളുടെ മുദ്രാലയത്തിൽ,

വൈദ്യം, ജ്യോതിഷം, പുരാണങ്ങൾ, പുതിയതരം രസകരമായ
നോവലുകൾ മുതലായ മററനേകം പുസ്തകങ്ങളും

## എപ്പോഴും വില്പനയ്ക്കു തയാർ.

വലിയ ക്യ ററ്ലാഗിനു് എഴുതുക.

മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, എന്നി ഭാഷകളിലുള്ള

## എല്ലാത്തരം അച്ചടിജ്ജോലികളും

ആദായനിരക്കിൽ ആകർഷണീയമായ രീതിയിൽ

## കൃത്യസമയത്തു് ചെയ്തുകൊടുക്കപ്പെടും.

എന്നു്, മാനേജിംഗ് പ്രൊപ്രൈററർ.

## ബൃഹൽസ്തോത്രരത്നാകരം.

(സാരാൎത്ഥദപ്പണം വ്യാഖ്യാനസഹിതം.)

സംസ്കൃതഭാഷയിലുള്ള സകല നല്ല സ്തോത്രങ്ങളും തെരഞ്ഞെടുത്തു്
മലയാള വ്യാഖ്യാനസഹിതം അച്ചടിച്ചിട്ടുള്ളതു്.

൧-ാംതരത്തിനു വില രൂപാ ൩.    ൨-ാംതരത്തിനു വില രൂപാ ൨.൬.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

# VIDYABHIVARDHINI

License No. 455. Dated 28-11-1945 Reg. No. T. 116.


| വരിസംഖ്യ. | പരസ്യക്കൂലി. | |
|---|---|---|
| ഒരു വർഷത്തേക്ക് 5 ബ്രി: രൂ. | സ്ഥിരപരസ്യക്കാർക്ക്. | ഒരു പ്രാവശ്യത്തേക്ക് |
| ഒററ പ്രതിക്ക് 8 ണ. | മുഴുപ്പേജിനു് 50 രൂ. | 8 രൂ. |
| ഇൻഡ്യയ്ക്കു പുറമേ 6 ബ്രി: രൂ. | അരപ്പേജിനു് 30 ,, | 6 ,, |
| ,, ഒററ പ്രതിക്ക് 10 ണ. | കാൽപ്പേജിനു് 20 ,, | 4 ,, |

## ലേഖകന്മാരോട്:—

ലേഖനങ്ങൾ കടലാസ്സിന്റെ ഒരുവശത്തുമാത്രം വൃത്തിയായി മഷികൊണ്ടെഴുതി ഓരോ ഇംഗ്ലീഷുമാസവും 15-ാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. പ്രസിദ്ധീകരണത്തിനു സൗകര്യമില്ലാത്ത ലേഖനങ്ങൾ തിരിച്ചു കിട്ടണമെങ്കിൽ അതിലേക്കുള്ള സ്റ്റാമ്പു് അയച്ചിരിക്കേണ്ടതാണു്.

## വരിക്കാരോട്:—

ഇതുവരെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഈ ലക്കം കിട്ടിയാലുടൻ പണം മണിയാർഡർ ചെയ്യാൻ അപേക്ഷ.

വി. പി. ഏർപ്പാടു് ഇരുകൂട്ടർക്കും നഷ്ടകരമാകയാൽ വരിസംഖ്യ എപ്പോഴും മുൻകൂറായിത്തന്നെ അയച്ചിരിക്കണം.

ആഫീസ്സിലേക്ക് അയക്കുന്ന എല്ലാ കത്തുകളിലും മാസികയുടെ റാപ്പറിൽ കാണുന്ന അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിച്ചിരിക്കേണ്ടതാണു്.

പണസംബന്ധമായ എഴുത്തുകൾ, മണിയാർഡർ ഇവ മാനേജരുടെ മേൽവിലാസത്തിലും, ലേഖനസംബന്ധമായവ എല്ലാം പത്രാധിപരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാണു്.

N. B. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ 2 പ്രതിവീതം അയച്ചിരിക്കണം. മാസിക ഇംഗ്ലീഷു മാസം 15-ാം തീയതിക്കകം കിട്ടാത്തപക്ഷം വിവരം ആഫീസിൽ അറിയിക്കണം.

മാനേജർ,

വിദ്യാഭിവർദ്ധിനി, കൊല്ലം.


Edited, Printed and Published by M. Balakrishna Reddiar, at the Vidyabhivardhini_Press, Quilon.